# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 84

വാല്യം - 13 ലക്കം - 2 മകരം - 1195 ഫെബ്രുവരി 2020



# രാധേയം....


എറണാകുളം




Radheyam
എറണാകുളം കരയോഗം
രാധേയം ഗസ്റ്റ് ഹൗസ്
ഉദ്ഘാടനം
2020 ജനുവരി 31 | രാവിലെ 10 മണി











## എഡിറ്റോറിയൽ

# അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ

ആനന്ദജ്ഞാനരൂപം സദൃശ്യവിരഹിതം
ശാശ്വതം പൂർണ്ണമെങ്ങും
നിസ്സംഗം സംഖ്യയേറും നിഗമലസിതമ -
സ്പഷ്ടമായ് ദൃഷ്ടമാത്രേ
മോക്ഷാകാരം കലർന്നീടിന പരമതമം
ബ്രഹ്മമാഹന്ത തത്ത്വം
സാക്ഷാൽശോഭിച്ചീടുന്നിഗ്ഗുരുപവനപുരേ :
ലോകർ തൻ ഭാഗ്യമത്രേ.

അതെ സകല ലോകർക്കും അനുഗ്രഹാശിസ്സുകൾ വർഷിച്ചുകൊണ്ട് സാക്ഷാൽ വൈകുണ്ഠനാഥൻ വാണരുളുന്ന ഗുരുപവനപുരിയിൽ, തൊണ്ണൂറ്റിയഞ്ച് വർഷത്തെ സേവന പാരമ്പര്യത്തിന്റെ അഭിമാനകരമായ ചരിത്രമുള്ള എറണാകുളം കരയോഗം യോഗേശ്വരനായ ഭഗവാനെ കാണുവാനെത്തുന്ന ഭക്തജനങ്ങൾക്കുവേണ്ടി സേവനത്തിന്റേതായ ഒരു പുതിയ മേഖലയിലേക്ക് കടക്കുകയാണ് - ആത്മാർത്ഥതയും അതിരറ്റ ആഥിതേയത്വമികവും കൈമുതലാക്കിക്കൊണ്ട്. ക്ഷേത്രദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് ദർശനത്തിനു പോകുവാനുള്ള വാഹനസൗകര്യം ഉൾപ്പടെ, എല്ലാ വിധ സൗകര്യങ്ങളോടും കൂടി എറണാകുളം കരയോഗം പണിതുയർത്തിയിരിക്കുന്ന ആറു നിലകളുള്ള രാധേയം അതിഥി മന്ദിരം ജനുവരി 31- ന് ഭക്തജനങ്ങൾക്കു വേണ്ടി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുകയാണ്. സംപൂജ്യസ്വാമി ചിദാനന്ദപുരിയുടെ അനുഗ്രഹാശ്ശിസുകളോടു കൂടി ആ പുണ്യാത്മാവിന്റെ കൈകളാൽ തന്നെ ഭദ്രദീപം തെളിയിച്ച് സമാരംഭിച്ച ചടങ്ങ് കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഛത്തീസ്ഗഡ് ഹൈക്കോടതി ചീഫ് ജസ്റ്റീസ് ജസ്റ്റീസ് പി. ആർ രാമചന്ദ്രമേനോന്റെ മുഖ്യപ്രഭാഷണവും തുടർന്ന് രാഷ്ട്രീയ സാമൂഹ്യ സാമുദായിക സാംസ്കാരിക മേഖലയിലെ അനേകം വിശിഷ്ട വ്യക്തികളുടെ അനുഗ്രഹാശംസാപ്രസംഗങ്ങളോടെയാണ് ഈ മംഗളകർമ്മം നടന്നത്.

സേവനം ജീവിതസാഫല്യം എന്ന തങ്ങളുടെ ആപ്ത വാക്യത്തെ അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കും വിധമാണ് 'രാധേയം' എന്ന എറണാകുളം കരയോഗത്തിന്റെ ഗുരുവായൂരിലെ അതിഥി മന്ദിരത്തിലെ ആതിഥേയചര്യകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. അത് ക്ഷേത്രദർശനത്തിനാകട്ടെ, വിവാഹം, ചോറൂണ്

## ഉള്ളടക്കം

വാല്യം 13 | ലക്കം 2 | ഫെബ്രുവരി 2020


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| രാധേയം തുറന്നു | 11 |
| വേണുവിന് സദസ്സിന്റെ ആദരം | 16 |
| ഉപഹാരങ്ങൾ നല്കി അവരെയും ആദരിച്ചു | 18 |
| ഏറെ സൗകര്യം ഗൃഹാന്തരീക്ഷം | 19 |
| രാധേയം എന്ന നാമധേയം അർത്ഥവത്ത് | 21 |
| ഗീത ദർശിച്ച് അകത്ത് കയറാം | 22 |
| നിശ്ചയദാർഢ്യവും ഏകോപനവും വിജയം കൊയ്തു | 23 |
| അതെ, ടീം സ്പിരിറ്റ് നൂറുമേനി | 24 |
| ഓർമ്മയിൽ ആ തറക്കല്ലിടൽ | 25 |
| ഇവരോടൊപ്പം നമുക്കും വിജയഗാഥ പാടാം | 26 |
| ഇനി മനസ്സ് മുഴുവൻ ജന്മശതാബ്ദിയിലേക്ക് | 28 |
| എന്റെ ഗുരുവായൂരപ്പാ! | 31 |
| ഉത്സവമൊഴിയാത്ത സന്നിധാനം | 36 |
| ചരിത്രത്തിൽ നിന്ന് ചില ഏടുകൾ | 39 |
| തിരക്കുകൾക്കിടയിലെ കാഴ്ചകൾ | 40 |
| ഗുരുവായൂരിലെ നിത്യപൂജാക്രമം | 41 |
| കാണേണ്ട കാഴ്ചകൾ | 44 |
| കരയോഗാംഗങ്ങളുടെ കൈതാങ്ങ് പ്രശംസനീയം | 45 |
| ആദായമുണ്ടാക്കുവാനല്ല ജീവകാരുണ്യ .... | 46 |
| 33-ാമത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാന യജ്ഞം | 53 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 54 |
| ബാലലോകം | 55 |
| രാഗപരിചയം | 57 |
| വാസ്തു | 58 |
| ഭാരതത്തിലെ ഋഷികവികൾ | 61 |
| ക്ഷേത്രങ്ങളിലൂടെ | 64 |
| മഹാഭാരതം | 68 |
| ഹരിസുധാലഹരി | 71 |
| പരിസ്ഥിതി അവാർഡ്-2020 | 72 |
| പാതഞ്ജലയോഗദർശനം | 73 |
| ചരമവാർഷികം | 74 |
| മാസഫലം | 75 |
| മാട്രിമോണിയൽ | 76-82 |


*ചിത്രങ്ങൾ: ഉണ്ണി ഭാവന*
*നിധിൻ, ജയറാം*


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

തുടങ്ങി ഏത് മംഗളകർമ്മത്തിനായാലും ശരി ഓരോന്നിന്റെയും ആചാരരീതി അനുസരിച്ച് നടത്തുവാൻ വേണ്ട എല്ലാ വിധ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. യാതൊരു വിധമായ ആകുലതയുമില്ലാതെ, ഉത്ക്കണ്ഠയുമില്ലാതെ, ഉത്കൃഷ്ട സേവനമായിരിക്കും ഭക്തജനങ്ങൾക്ക് ലഭിക്കുക എന്നുള്ളതിൽ സംശയമില്ല. തൊണ്ണൂറ്റിയഞ്ച് വർഷത്തെ മികവുറ്റ ഉജ്ജ്വലസേവനപാരമ്പര്യം അതിന് തെളിവാണ്.

സാമൂഹ്യസേവനരംഗത്തും പൊതുപ്രവർത്തന രംഗത്തും സാധാരണ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത്, ചെയ്യാൻ പറ്റുന്നതു മാത്രം പറയുകയും, പറയുന്നത് സത്യസന്ധമായി സമയനിഷ്ഠയോടുകൂടി ചെയ്തു തീർക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലൊന്നായ നമ്മുടെ കരയോഗം തങ്ങളുടെ നവതി ആഘോഷവേളയിൽ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് എടുത്ത തീരുമാനമാണ് ഗുരുവായൂരിൽ എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിൽ നല്ല നിലവാരത്തിലുള്ള ഒരു അതിഥി മന്ദിരം വേണമെന്നുള്ളത്. വളരെ ഭാരിച്ച, ഏറെ സാമ്പത്തികബാദ്ധ്യത ഉണ്ടാക്കുന്ന ഈ പദ്ധതിയെക്കുറിച്ച് വളരെയേറെ ചർച്ചകൾ നടന്നു. ഏതാണ്ട് ഇരുപതു കോടിയോളം രൂപ ചിലവു വരുന്ന അതിബൃഹത്തായ പദ്ധതി ഏറ്റെടുക്കുവാനുള്ള തീരുമാനമാണ് അവസാനം ഉണ്ടായത്. അപ്പോഴും ഇത്ര വലിയ ചിലവേറിയ ഈ പദ്ധതി ഏറ്റെടുക്കണമോ, ഏറ്റെടുത്താൽ അത് പൂർത്തീകരിക്കാൻ കഴിയുമോ, തുടങ്ങി ഒട്ടേറെ സംശയങ്ങളും തടസ്സവാദങ്ങളും ഒക്കെ പല കോണുകളിൽ നിന്നും ഉയർന്നെങ്കിലും, ബഹുഭൂരിപക്ഷം അംഗങ്ങളുടെയും ആഗ്രഹനിവർത്തനത്തിനായി അല്പം ചില ആളുകളിൽ നിന്നുമുണ്ടായ പ്രതിലോമ, നിഷേധസ്വരങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട്, സർവ്വശക്തനായ ശ്രീഗുരുവായൂരപ്പനിൽ വിശ്വാസം അർപ്പിച്ച് അംഗങ്ങളുടെയും മറ്റു സജ്ജനങ്ങളുടെയും സഹായത്തോടെ നമുക്കിതു പൂർത്തീകരിക്കാൻ സാധിക്കും എന്ന ഉറച്ച വിശ്വാസത്തോടുകൂടി സധൈര്യം ഈ വെല്ലുവിളി ഏറ്റെടുക്കുവാനുള്ള നിർവ്വിശങ്കതീരുമാനമെടുക്കുകയാണുണ്ടായത്. ഗുരുവായൂർ ക്ഷേത്രത്തിനോടടുത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുക എന്നുള്ളതായിരുന്നു പ്രധാന കടമ്പ. ഗുരുവായൂരപ്പകടാക്ഷത്താൽ ക്ഷേത്രത്തിൽ നിന്ന് അധികം ദൂരെയല്ലാതെ തെക്കേ നടയിൽ കാരക്കാട്ട് റോഡിൽ പലരുടേതായി കിടന്ന സ്ഥലങ്ങൾ ഏറ്റെടുത്ത് ഏകോപിപ്പിച്ച് അതിസുന്ദരമായ ഒരു കെട്ടിടത്തിനനുയോജ്യമായ ഒരു സ്ഥലമാക്കി മാറ്റി നമ്മുടെ അന്തസ്സിന് യോജിച്ച വിധത്തിലുള്ള ഒരു ബഹുനില അതിഥി മന്ദിരത്തിനു വേണ്ട പ്ലാനും എസ്റ്റിമേറ്റും എല്ലാം കൃത്യമായി ആ മേഖലയിലെ അഭിജ്ഞരെക്കൊണ്ട് തന്നെ തയ്യാറാക്കി, സർക്കാർ അനുവാദത്തിനായി സമർപ്പിച്ചു. പല ഓഫീസുകളിൽ നിന്നും ഒട്ടും പ്രോത്സാഹജനകമായ സമീപനമല്ല ഉണ്ടായത്. എങ്കിലും ഏറെ പണിപ്പെട്ട് നിർമ്മാണാനുമതി നേടിയെടുത്തു. പിന്നീടാണ് കരയോഗത്തിന്റെ പ്രവർത്തന മികവ് തെളിയിച്ചുകൊണ്ട് അതിവേഗം ഒന്നൊന്നായി നിർമ്മാണ പ്രക്രിയകൾ ആരംഭിച്ച് ആയിരം ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാമെന്ന് പൊതുയോഗത്തിന് കൊടുത്ത വാക്ക് അനിതരസാധാരണമായ ധീഷണാവൈഭവത്താൽ ഇതാ 778 ദിവസങ്ങൾക്കൊണ്ട് പൂർത്തീകരിച്ച് ഉദ്ഘാടനവും കഴിഞ്ഞിരിക്കുന്നു. സർക്കാർ ഓഫീസുകളിൽ നിന്നു നേരിട്ട മെല്ലെപ്പോക്കും ചുവപ്പു നാടയും തടസ്സവാദങ്ങളും ഒന്നുമില്ലായിരുന്നെങ്കിൽ ഒരു രണ്ടുമാസം മുമ്പെങ്കിലും ഇത് ഭക്തജനങ്ങളുടെ സൗകര്യാർത്ഥം തുറന്നു കൊടുക്കുവാൻ കഴിഞ്ഞേനെ. ഏതായാലും എല്ലാ വിധ പ്രതിലോമ പ്രതിബന്ധങ്ങളെയും തട്ടിനീക്കി അഭിമാനത്തോടുകൂടി ഇപ്പോൾ ഭക്തജനങ്ങൾക്കായി തുറന്നു കൊടുക്കുവാൻ കഴിഞ്ഞു. ഈ അതിഥി മന്ദിരത്തിൽ ആറ് നിലകളിൽ മൂന്ന് സ്യൂട്ട് റൂമുകളുൾപ്പടെ 36 മുറികളാണ് എല്ലാവിധ സൗകര്യങ്ങളോടും കൂടി സജ്ജമാക്കിയിരിക്കുന്നത്. ഇനി അംഗങ്ങളുടെ കടമയാണ് ഇതിനെ നിലനിർത്തേണ്ടതും ഉത്തരോത്തരം ശ്രേയസ്സിലേക്ക് എത്തിക്കേണ്ടതും. അംഗങ്ങളുടെ നിർലോഭമായ, പരിപൂർണ്ണമായ സഹകരണമാണ് അതിനു വേണ്ടത്. 'കണ്ണനെ' കാണാനായി ഗുരുവായൂരിലേക്ക് പോകുന്ന ഓരോരുത്തരും നമ്മുടെ സ്വന്തം സ്ഥാപനം എന്ന അഭിമാനത്തോടുകൂടി, സ്വാതന്ത്ര്യത്തോടു കൂടി രാധേയത്തിലേക്ക് എത്തുക. കണ്ണന്റെ ദർശനവും ഒപ്പം കരയോഗപ്രവർത്തനങ്ങൾക്ക് നിങ്ങളുടേതായ സഹായഹസ്തവും പ്രദാനം ചെയ്യുക. ഏറെ പണിപ്പെട്ടുണ്ടാക്കിയ അതിസുന്ദരമായ ഈ അതിഥി മന്ദിരം ഇനി നമ്മുടെ അംഗങ്ങളുടെ കൈകളിലാണ്. കാത്തു സൂക്ഷിക്കുക. ഇതിനെ സ്വന്തമെന്നപോലെ.

ഒന്നോർക്കുക, കരയോഗത്തിന്റെ നേതൃസ്ഥാനീയരെടുത്ത ധീരമായ തീരുമാനവും അത് സഫലീകൃതമാക്കുന്നതിനു വേണ്ടിയുള്ള അവിരാമമായ അക്ഷീണ പരിശ്രമവും കൊണ്ടു മാത്രമാണ് 'പാരിതിനു തൊടുകുറിയായ ചാരുവാം ഗുരുവായൂർ പുരാധിപ'ന്റെ ക്ഷേത്രസങ്കേതത്തോടടുത്തു തന്നെ ഇത്ര മഹത്തായ ഒരു മനോഹര സൗധത്തിന്റെ ഉടമകളാക്കി നമ്മെ മാറ്റിയത്. ഈ കർമ്മോത്സുകതയെ, നേതൃപാടവത്തെ എത്ര പ്രശംസിച്ചാലും അധികമാവില്ല. ഇതുമായി സഹകരിച്ച എല്ലാ സുമനസ്സുകളുടെയും കരയോഗാംഗങ്ങളുടെയും പേരിൽ അവർക്ക് ആത്മാർത്ഥമായ അഭിനന്ദങ്ങളുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. മാതൃകാപരമായ ഇത്തരം പ്രവർത്തികളുമായി മുന്നോട്ടു പോകുവാൻ സർവ്വശക്തനായ ജഗദീശ്വരൻ, ശ്രീഗുരുവായൂരപ്പൻ അവർക്ക് കരുത്തു പകരട്ടെ, മാർഗ്ഗദർശനം നല്കട്ടെ. അനുമോദനങ്ങളും അഭിനന്ദനങ്ങളും പ്രിയ നേതാക്കളെ..........

ശ്രീഗുരുവായൂരപ്പനിൽ എല്ലാം അർപ്പിച്ച് നമ്മുടെ രാധേയത്തിന് എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കാം. സർവ്വമംഗളങ്ങളും ഭവിക്കുവാൻ ഭഗവാനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. പ്രാർത്ഥനയുടെ ശക്തിയോളം വലുത് മറ്റൊന്നില്ല. എല്ലാ നന്മകളും അനുഗ്രഹിച്ച് തരേണമേ ശ്രീഗുരുവായൂരപ്പാ.......



പി. രാമചന്ദ്രൻ (വേണു)

# രാധേയം ഭഗവാന് കാണിക്ക ഭക്തർക്ക് പുതുവത്സര സമ്മാനം




**അതിഥി മന്ദിരം നിർമ്മിക്കാൻ ക്ഷേത്രത്തിനു സമീപം (500 മീറ്റർ അകലം) കണ്ണായ സ്ഥലം ഞങ്ങൾ കണ്ടെത്തിയപ്പോൾ ഇതെങ്ങനെ സംഘടിപ്പിച്ചു എന്ന് ഇപ്പോഴും പലരും ചോദിക്കുന്നു. ഭക്തജനങ്ങൾക്ക് ക്ഷേത്ര പരിസരത്തിന് അകലെ അല്ലാതെ പ്രശാന്ത സുന്ദരമായ സ്ഥലം തന്നെ കണ്ടെത്തണമെന്നുള്ളതായിരുന്നു ഞങ്ങളുടെ ആഗ്രഹം.**

അഞ്ച് വർഷം മുമ്പ് എറണാകുളം കരയോഗം നവതി സ്മാരക പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്ത രണ്ട് പദ്ധതികളിൽ ബൃഹദ് പദ്ധതിയായ ഗുരുവായൂർ അതിഥി മന്ദിരം ഭക്തർക്ക് കരയോഗത്തിന്റെ പുതുവത്സര സമ്മാനമാണ്.

രാജ്യമെമ്പാടുമുള്ള ഭക്തജനങ്ങളെ പവനപുരിയിലേക്ക് ഭഗവൽസ്തുതികളോടെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ക്ഷേത്ര നഗരിയുടെ തെക്കേ നടയിൽ കാരയ്ക്കാട് റോഡിൽ, അത്യാധുനിക സൗകര്യങ്ങളുള്ള ആറു നിലകളിൽ പണിതുയർത്തിയ രാധേയത്തിൽ ഇടം തേടി ഭഗവത് ദർശനം നടത്താം. വിവാഹം, വിവാഹ നിശ്ചയം, ചോറൂണ് തുടങ്ങിയ മംഗളകർമ്മങ്ങൾക്കും ആവശ്യമായ എല്ലാവിധ സജ്ജീകരണങ്ങളും രാധേയം ഗസ്റ്റ് ഹൗസിൽ ഒരുക്കിയിട്ടുണ്ട്.

മന്ദിരത്തിന്റെ ചുറ്റുവട്ടം ഗൃഹാതുരത്വം ഉണർത്തുന്ന ഗ്രാമീണാന്തരീക്ഷമാണ്. പടിഞ്ഞാറൻ കാറ്റും ശുദ്ധവായുവും ഭക്തിസാന്ദ്രമായ അന്തരീക്ഷവും ആവോളം അനുഭവവേദ്യമാക്കാം. 'മന:ശാന്തിയും ഏകാഗ്രതയും മാനസിക ഉല്ലാസവും' നൽകുക എന്ന ലക്ഷ്യമാണ് സേവനം ജീവിത സാഫല്യമായി കരുതുന്ന കരയോഗത്തിന് ഉള്ളത്. അതുതന്നെയാണ് മന്ദിരം നിർമ്മിക്കാൻ ഈ സ്ഥലം കണ്ടെത്തിയതിന്റെ പ്രധാന കാരണവും. നമ്മുടെ സ്മരണാജ്ഞലി ഗീതം അവസാനിക്കുന്നത് തന്നെ 'കരുണ കാട്ടീടണേ, സകല ശക്തിയും നൽകിയീ യജ്ഞങ്ങൾ സഫലമാക്കാൻ അനുഗ്രഹിക്കേണമേ' എന്ന ഉള്ളുരുകിയ പ്രാർത്ഥനയോടെയാണ്.

പൈതൃകം എന്തൊക്കെ തന്നിട്ടുണ്ടോ അതൊക്കെ സൂക്ഷിച്ച് തലമുറകൾക്ക് കൈമാറുന്ന കരയോഗം ഇന്ന് 95-ാം വയസ്സിന്റെ നിറവിൽ, ജന്മശതാബ്ദിയിലേക്കുള്ള യാത്രയിലാണ്; ജന്മശതാബ്ദി വർഷത്തിലേക്കുള്ള പുതിയ പദ്ധതികൾ തിടമ്പേറ്റാനുള്ള വ്യഗ്രതയിലുമാണ്.

നവതി ആഘോഷം വന്നപ്പോൾ സ്മാരകമായി പൊതുജന സമക്ഷം എന്ത് സമർപ്പിക്കാൻ കഴിയുമെന്നുള്ള ചിന്ത ഞങ്ങളിൽ ഉടലെടുത്തിരുന്നു (2014). അയ്യായിരത്തോളം അംഗങ്ങളുടെ പൊതുവികാരവും ഞങ്ങൾ തിരക്കി. പലവിധ ചർച്ചകൾ നടന്നു. പല



പദ്ധതികളും നിർദ്ദേശിക്കപ്പെട്ടു. വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ, അതോ വൃദ്ധജനങ്ങളെ സഹായിക്കാൻ കഴിയുന്ന പദ്ധതികൾ തുടങ്ങണോ, അതോ ആരോഗ്യരംഗത്ത് കൂടുതൽ ഊന്നൽ നല്കണമോ എന്നീ ചർച്ചകൾ നടന്നു. ഒടുവിൽ രണ്ട് പുതിയ ആശയങ്ങൾ പൊട്ടിമുളച്ചു. അതിൽ ഒന്ന് കരയോഗം അംഗങ്ങൾക്കും മെട്രോനഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ജനങ്ങൾക്കും സഹായകരമായ പോളിക്ലിനിക്ക് തുടങ്ങുക എന്നതാണ്. കേരളത്തിലെ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിലും ശബരിമലയിലും ചോറ്റാനിക്കരയിലും എന്നും ഭക്തജനത്തിരക്കാണ്. ഇവിടെ എവിടെയെങ്കിലും ഭക്തജനങ്ങൾക്ക് അതിഥി മന്ദിരം പണിതാൽ അത് വലിയോരനുഗ്രഹമായിരിക്കും എന്നായിരുന്നു രണ്ടാമത്തെ നിർദേശം. മുൻഗണന ഗുരുവായൂരിലാകണം എന്ന ഭൂരിപക്ഷ തീരുമാനം പൊതുയോഗം അംഗീകരിച്ചു. അങ്ങനെയാണ് ഗുരുവായൂർ അതിഥി മന്ദിരം നവതി സ്മാരകമായി നിർമ്മിക്കാനുള്ള തീരുമാനം വരുന്നത്.

പോളിക്ലിനിക്കും ഗുരുവായൂർ ഗസ്റ്റ് ഹൗസും – രണ്ട് പദ്ധതികളുടേയും തുടക്കം അതിവേഗത്തിലായിരുന്നു. ഈ വേഗത കരയോഗത്തിന്റെ എല്ലാ പ്രവൃത്തികളുടേയും പ്രത്യേകതയാണ്. എന്തുകാര്യവും തീരുമാനിച്ചുറച്ചാൽ അത് ഉടൻ നടപ്പിലാക്കുക, പൂർത്തിയായ ശേഷം വിശ്രമം. ഇതാണ് പ്രവർത്തന ശൈലി.

കരയോഗ മന്ദിരത്തിന് തൊട്ടുള്ള ദിവാൻസ് റോഡിലെ വാടക കെട്ടിടത്തിൽ 2016 ജനുവരി 31 ന് പോളിക്ലിനിക്ക് തുറന്നു. മിതമായ നിരക്കിൽ പരിശോധനയും ചികിത്സയും നൽകി വന്നു. കൂടുതൽ സൗകര്യത്തിനായി ക്ലീനിക്ക് ആയുഷ്യം പോളിക്ലിനിക്ക് എന്ന പേരിൽ കരയോഗ മന്ദിരത്തിന്റെ പ്രധാന കവാടത്തിന് സമീപമുള്ള മുറികളിൽ അലോപ്പതി, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനത്തോടുകൂടി പ്രവർത്തിച്ചു വരുന്നു. ഈസിജി ഉൾപ്പടെ ആധുനിക സൗകര്യങ്ങളോടെ എല്ലാ വിധ പരിശോധനകൾക്കും സജ്ജമായ ഒരു ക്ലിനിക്കൽ ലാബോറട്ടറിയാണ് അതിനോടു ചേർന്നൊരുക്കിയിരിക്കുന്നത്. താമസിയാതെ ആയുഷ്യം മെഡിക്കൽസ് എന്ന പേരിൽ ഇംഗ്ലീഷ് മരുന്ന് ലഭിക്കുന്ന മെഡിക്കൽ ഷോപ്പും തുടങ്ങി. മരുന്നുകൾക്ക് 5% മുതൽ 18% വരെ ഡിസ്കൗണ്ട് നൽകുന്നു. ആവശ്യമുള്ളവർക്ക് ഹോം ഡെലിവറി സേവനവും നല്കി വരുന്നുണ്ട്.

'മൊബൈൽ ചികിത്സ നിങ്ങളുടെ വീട്ടുമുറ്റത്തേക്കെന്ന' പദ്ധതിയിൽ പരിശോധനാ ഉപകരണങ്ങളും ഡോക്ടർമാരും നേഴ്സുമാരുമടങ്ങിയ മൊബൈൽക്ലിനിക്കിന്റെ സേവനം സമൂഹത്തിലെ നിർദ്ധനരും നിരാലംബരുമായ ജനങ്ങൾ വസിക്കുന്ന നഗരപ്രാന്ത പ്രദേശങ്ങളിൽ എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് . ഇതോടെ നഗരത്തിലെ ശ്രദ്ധേയമായ ആരോഗ്യ പ്രവർത്തന രംഗത്ത് കരയോഗം പ്രവേശിക്കും.

## സ്ഥലം കണ്ടെത്തലും തറക്കല്ലിടലും

കാലങ്ങളായി വർഷാവർഷം ഉണ്ടാകുന്ന മിച്ച വരുമാനത്തിന്റെ ഒരു ഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കലാണ് ഞങ്ങളുടെ ശീലം. ഗുരുവായൂർ അതിഥി മന്ദിരനിർമ്മാണം ആലോചിക്കുമ്പോൾ കൈവശം സാമ്പത്തിക നീക്കിയിരിപ്പൊന്നുമില്ല. 15 കോടി ചിലവ് വരുന്ന അതിഥി മന്ദിരം എങ്ങനെ നിർമ്മിക്കുമെന്നും എങ്ങനെ സ്ഥലം വാങ്ങുമെന്നുമുള്ള ചർച്ചകളും ചിന്തകളും ആദ്യം അലട്ടിയിരുന്നെങ്കിലും തുനിഞ്ഞിറങ്ങിയാൽ നനഞ്ഞു കയറുമെന്ന ചൊല്ലുപ്രകാരം രണ്ടും കൽപ്പിച്ച് തുനിഞ്ഞിറങ്ങാൻ തന്നെ തീരുമാനിച്ചു. ആയിരം ദിവസം ആയിരുന്നു നിർമ്മാണത്തിന് നിശ്ചയിച്ച സമയപരിധി . ഓരോ നിർമ്മാണ ഘട്ടത്തിലും കരാ






റുകാരുമായി ചർച്ച നടത്തി പണിയുടെ പുരോഗതി വിലയിരുത്തി മുന്നോട്ട് പോയി. ഇപ്പോൾ ഇതാ 779-ാം ദിവസം രാധേയം അതിഥി മന്ദിരം പൊതുജനങ്ങൾക്ക് സമർപ്പിച്ചിരിക്കുന്നു. ഇത് ഞങ്ങളുടെ മാത്രം നേട്ടമെന്ന് പറഞ്ഞ് അഹങ്കരിക്കുന്നില്ല. ഞങ്ങളുടെ പൂർവ്വികന്മാരുടെയും അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടേയും അതിനപ്പുറം എറണാകുളത്തപ്പന്റേയും ഗുരുവായൂരപ്പന്റെയും അനുഗ്രഹം മാത്രമാണ്.

അതിഥി മന്ദിരം നിർമ്മിക്കാൻ ക്ഷേത്രത്തിനു സമീപം (500 മീറ്റർ അകലം) കണ്ണായ സ്ഥലം ഞങ്ങൾ കണ്ടെത്തിയപ്പോൾ ഇതെങ്ങനെ സംഘടിപ്പിച്ചു എന്ന് ഇപ്പോഴും പലരും ചോദിക്കുന്നു. സ്ഥലം ഞങ്ങളെ തേടിയെത്തി എന്നെ പറയാനാവൂ. പല സ്ഥലങ്ങളും കണ്ടു. തടസ്സങ്ങളും, പോരായ്മകളും, ഗുണദോഷങ്ങളും ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഭക്തജനങ്ങൾക്ക് ക്ഷേത്ര പരിസരത്തിന് അകലെയല്ലാതെ പ്രശാന്ത സുന്ദരമായ സ്ഥലം തന്നെ കണ്ടെത്തണമെന്നുള്ളതായിരുന്നു ഞങ്ങളുടെ ആഗ്രഹം. ഒടുവിലാണ് ഗുരുവായൂർ തെക്കെ നടയിൽ നിന്ന് മീറ്ററുകൾ അകലെ കാരയ്ക്കാട് റോഡരികിൽ സ്ഥലഉടമകളായ നാലുപേരിൽ നിന്ന് 43.35 സെന്റ് സ്ഥലം വാങ്ങാൻ തീരുമാനിച്ച് അഡ്വാൻസ് നൽകി കരാർ എഴുതിയത്. അയൽപക്കം വീടുകളാണ്. പറമ്പിലേക്ക് വാഹനങ്ങൾ പ്രവേശിക്കുന്ന റോഡിന് അൽപം വീതി കൂട്ടണം. തൊട്ട് മുമ്പിലുള്ള ചെറിയ വീടും സ്ഥലവും കൂടാതെ, അയൽവാസിയുടെ ഒരു തുണ്ട് ഭൂമിയും വാങ്ങിയപ്പോൾ റോഡിന് ആവശ്യമായ വീതിയായി, വിശാലമായ ഗേറ്റിനുള്ള സൗകര്യവുമായി. കെട്ടിട നിർമ്മാണത്തിൽ ഭാവനയും ശേഷിയും ശേമുഷിയുമുള്ള കരാറുകാരെ കണ്ടെത്താൻ ടെൻഡർ വിളിച്ചു. കെട്ടിടം എങ്ങനെയുള്ളതാവണം, എന്തൊക്കെ ആധുനിക സൗകര്യങ്ങൾ വേണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കരയോഗം ഭരണസമിതിക്ക് ഉറച്ച ധാരണയുണ്ടായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ സംഘടനയിലെ വാസ്തുശാസ്ത്രത്തിലും കെട്ടിട നിർമ്മാണത്തിലും പ്രാഗത്ഭ്യമുള്ള എഞ്ചിനീയർമാരുടെ ഉപദേശങ്ങൾ ലഭിച്ചിരുന്നു. കേട്ടറിഞ്ഞ് പല ബിൽഡർമാരും ബന്ധപ്പെടുവാൻ തുടങ്ങി. കൂട്ടത്തിൽ ഈ പണി ഏറ്റെടുക്കൽ പ്രസ്റ്റീജായി കരുതുന്നവരുമുണ്ടായിരുന്നു. ടെൻഡർ വിളിച്ച് കൺസൽടെൻഡായി കോഴിക്കോട്ടെ ബിൽഡർമാരായ ദാമോദർ ആർക്കിടെക്റ്റിനെയാണ് നിയമിച്ചത്. സിവിൽ കോൺട്രാക്റ്ററായി പി.എം.കെ. കൺസ്ട്രക്ഷൻ, കോഴിക്കോടിനെയും നിയമിച്ചു.

## നിശ്ചയിച്ചത് 1000 ദിവസങ്ങൾ തീർന്നത് 778-ാം ദിവസം

അതിഥി മന്ദിരത്തിന് കല്ലിട്ട ദിവസം (2017 ഡിസംബർ 14 വ്യാഴാഴ്ച) നടന്ന പൊതുസമ്മേളനത്തിൽ സ്വാഗതം പറഞ്ഞപ്പോൾ തന്നെ കെട്ടിട നിർമ്മാണത്തിന്റെ പണി ആയിരം ദിവസത്തിനകം തീർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അന്നു പറഞ്ഞതിങ്ങനെ, 'ഭഗവാന്റെ അനുഗ്രഹം ഉണ്ടെങ്കിൽ പണി ആയിരം ദിവസത്തിനകം തീരും. അതിഥി മന്ദിരം പുതുവത്സരത്തിൽ ഭക്തർക്ക് നൽകുന്ന കരയോഗത്തിന്റെ സമ്മാനമാകും.' ആ വാക്ക് ഇപ്പോൾ പാലിച്ചിരിക്കുന്നു. അതും വിചാരിച്ച ദിവസത്തിനകം. 221 ദിവസം ബാക്കി നിൽക്കെ 778-ാം ദിവസം തന്നെ നിർമ്മാണം പൂർത്തിയാക്കി. ഇതിനു മുമ്പേ തീരേണ്ടതായിരുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുവപ്പുനാടയിൽ പല കടലാസുകളും



കുരുങ്ങി. അനാവശ്യമായി അനുമതി തരാതെ മുട്ടുത്തരം പറഞ്ഞു നീട്ടി. അനുഭവസ്ഥർ ഇങ്ങനെയൊരവസ്ഥ ഉണ്ടാകുമെന്ന് പറഞ്ഞെങ്കിലും മുൻ അനുഭവം ഇല്ലാത്തതിനാൽ വിശ്വസിച്ചില്ല. ഇതൊരു വല്ലാത്ത കെണിയാണെന്ന് ബോദ്ധ്യമായി. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന നമ്മുടെ സ്ഥാപനത്തെ ബ്യൂറോക്രസി വെറുതെ വിടുമെന്ന ധാരണ അസ്ഥാനത്തായി. എങ്കിലും നല്ലവരായ പലരുടെയും സഹായ സഹകരണങ്ങൾ ഞങ്ങളിവിടെ നന്ദിയോടെ സ്മരിക്കുന്നു.

## മൊത്തം ചിലവ് 15 കോടി

അതിഥി മന്ദിരത്തിന് 15 കോടി രൂപയോളം വേണ്ടി വന്നു. പല ശ്രോതസുകൾ വഴി പണം നേടാൻ കഴിഞ്ഞെന്നേ ഇപ്പോൾ പറയാനാവൂ. അയ്യായിരത്തോളം കരയോഗാംഗങ്ങളുടെ സഹകരണവും തേടി. പ്രിവിലേജു കാർഡ് വഴിയും ധനമാർഗ്ഗം കണ്ടെത്തി. ക്ലേശങ്ങൾ മറികടക്കാൻ കഴിഞ്ഞത് ഞങ്ങളുടെ ദൈവവിശ്വാസവും ശുഭാപ്തി വിശ്വാസവുമാണ്. ഞങ്ങളുടെ ലക്ഷ്യം മന്ദിരം നിർമ്മിക്കുമ്പോൾ താമസക്കാർക്ക് വൃത്തിയും സംതൃപ്തിയും മാനസികോല്ലാസവും നൽകുക എന്നതു തന്നെയായിരുന്നു. ശുദ്ധവായുവും ശുദ്ധജലവും നല്ല ഭക്ഷണവും ഗൃഹാന്തരീക്ഷം പോലെയുള്ള ചുറ്റുപാടുകളും വേണമെന്നായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അത് സഫലീകൃതമായോ എന്ന് വിലയിരുത്തേണ്ടത് താമസിക്കാൻ വരുന്ന നിങ്ങളോരോരുത്തരുമാണ്.

അതിഥികൾക്ക് വേണ്ട സേവനങ്ങൾ ചെയ്യാൻ കഴിവുള്ള ജീവനക്കാരെയാണ് ഞങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ക്ഷേത്രത്തിലെത്താൻ 500 മീറ്റർ ദൂരമേയുള്ളൂ എങ്കിലും പ്രായാധിക്യം ഉള്ളവരെയും ആരോഗ്യപ്രശ്നമുള്ളവരെയും ക്ഷേത്രദർശനത്തിനെത്തിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കു തന്നെയാണ്. അതിഥി മന്ദിരത്തിൽ വാഹനം ഏർപ്പാട് ചെയ്തിട്ടുണ്ട്. രാവിലെ മൂന്നു മണി മുതൽ ആറു മണി വരെയും വൈകുന്നേരം ആറു മണി മുതൽ ഒമ്പതു മണിവരെയും ക്ഷേത്രനടയിലേക്ക് വാഹനസൗകര്യം ഉണ്ടായിരിക്കും. മുറികളിൽ ഇരുപത്തിനാല് മണിക്കൂർ സർവ്വീസ് ഉണ്ടെങ്കിലും താമസക്കാർക്ക് ഒരു കോഫി വേണമെന്നു തോന്നിയാൽ സ്വന്തമായി ഉണ്ടാക്കി കുടിക്കാൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇരുനൂറ് പേർക്ക് വരെ ചെറിയ ചടങ്ങുകൾ നടത്താനും ഭക്ഷണം കഴിക്കാനും ഒന്നാം നിലയിൽ രണ്ട് മുറികൾ ഉണ്ട്. വിവാഹം, ചോറൂണ് തുടങ്ങിയ മംഗള കർമ്മങ്ങളും നടത്താം. കാന്റീൻ സൗകര്യവും ഉണ്ട്. ഭാവിയിൽ സൗകര്യങ്ങൾ വിപുലീകരിക്കാനും ആലോചനയുണ്ട്. അതിഥി മന്ദിരത്തിന് അടിത്തറ പാകിയതു മുതൽ ഓരോ ഘട്ടങ്ങളിലെയും പണിയുടെ നാൾവഴിയും ചിലവഴിച്ച അസംസ്കൃത വസ്തുക്കളുടെ ഏകദേശ പട്ടികയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രതിസന്ധികൾ മറികടക്കാൻ ശീലിച്ച ഏക മനസ്സോടെയുള്ള പ്രവർത്തന ശൈലി അനുഭവപാഠമായി കൂടെയുണ്ട്. ആ കൂട്ടായ്മയോടെ നാം മുന്നോട്ട്.

### കെട്ടിപ്പൊക്കുമ്പോൾ

| | |
|---|---|
| മനുഷ്യാധ്വാനം | - 37539 ദിവസം |
| സിമന്റ് | - 15825 ബാഗുകൾ |
| എം സാന്റ് | - 46400 സി.എഫ്ടി |
| ഇഷ്ടിക/ബ്ലോക്ക് | - 43130 എണ്ണം |
| സ്റ്റീൽ | - 249898 കി.ഗ്രാം |
| മെറ്റൽ | - 47450 സി.എഫ്ടി |
| പി.വി.സി പൈപ്പ് | - 3914 മീ |
| സാനിറ്ററി ഫിറ്റിംഗ്സ് | - 407 |
| മോട്ടോർ പമ്പ് സെറ്റ് | - 4 എണ്ണം |
| പ്ലൈവുഡ് | - 81920 സ്ക്വയർ ഫീറ്റ് |
| ജിപ്സം ബോർഡ് | - 2400 സ്ക്വയർ ഫീറ്റ് |
| പെയ്ന്റ്, പോളീഷ്, പുട്ടി | - 550 ലിറ്റർ, 240 ലിറ്റർ, 3800 കിലോ |
| കേബിൾ വയറിങ്ങ് | - 56021 മീ |
| സ്വിച്ച് ഫിറ്റിങ് | - 2337 എണ്ണം |
| ലൈറ്റ് ഫിറ്റിങ്ങ് | - 993എണ്ണം |
| ഗ്ലാസ് | - 4175 സ്ക്വയർ ഫീറ്റ് |
| എൽ.ജി.യു.പി വി.സി വിൻഡോ ഫ്രെം | - 2880 കിലോ |
| മരം / ഇന്റീരിയർ | - 1110 സി എഫ്ടി. |

## അതിഥി മന്ദിരനിർമ്മാണം നാൾവഴിയിലൂടെ

2017 ഡിസംബർ 12ന് രാവിലെ 10ന് കരയോഗം പ്രസിഡന്റ് കെ.പി.കെ മേനോൻ തറക്കല്ലിട്ടതു മുതൽ മന്ദിരം ഉൽഘാടനം ചെയ്ത 2020 ജനുവരി 31 വരെയുള്ള രാധേയത്തിന്റെ പണികളുടെ പ്രധാന ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

**2014 ജൂൺ 23**

ഗുരുവായൂർ നവതി അതിഥി മന്ദിരമെന്ന നിർദ്ദേശം കരയോഗം കമ്മിറ്റി ചർച്ചക്കെടുത്തു.

**2014 ഒക്ടോബർ 26**

സബ് കമ്മിറ്റികളുടെ സംയുക്തയോഗം നിർദേശം ചർച്ച ചെയ്തു അംഗീകരിച്ചു.

**2014 നവംബർ 30**

നിർദ്ദേശം നവതി ആഘോഷകമ്മിറ്റി അംഗീകരിച്ചു.

**2015 ഫെബ്രുവരി 7**

ഗുരുവായൂരിൽ സ്ഥലം കണ്ടെത്താൻ മനോരമ, മാതൃഭൂമി പത്രങ്ങളിൽ പരസ്യം കൊടുത്തു.

**2015 മാർച്ച് 1**

ഗുരുവായൂർ നവതി അതിഥി മന്ദിരം പ്രോജക്ട് കരയോഗത്തിന്റെ പ്രത്യേക ജനറൽ ബോഡിയോഗം അംഗീകരിച്ചു.

**2015 മാർച്ച് 8**

എക്സിക്യൂട്ടീവ് കമ്മറ്റിയോഗം നിർദ്ദിഷ്ടസ്ഥലം കാണാൻ തീരുമാനിച്ചു.

**2015 ഏപ്രിൽ 12**

ഗുരുവായൂരിലെ നിർദ്ദിഷ്ട സ്ഥലം ഉടമകളുമായി ചർച്ച ചെയ്തു. വിലയിൽ ധാരണ ഉണ്ടാക്കാൻ തീരുമാനിച്ചു.

**2015 ജൂൺ 28**

വാർഷിക ജനറൽ ബോഡി നവതി ഗസ്റ്റ് ഹൗസ് പ്രോജക്ടിന് അംഗീകാരം നല്കി.

**2016 ജൂലൈ 12**

എൻ. വേണുഗോപാൽ കൺവീനറായി കരയോഗം എഞ്ചിനിയേഴ്സ് ഫോറം രൂപീകരിച്ചു.

**2016 ജൂലായ് 23**

ടെന്റർ തയ്യാറാക്കാൻ എഞ്ചിനിയേഴ്സ് ഫോറം യോഗം ചേർന്നു.

**2016 ജൂലായ് 24**

ജസ്റ്റീസ് ആർ. ഭാസ്ക്കരനും വേണുഗോപാൽ സി, ഗോവിന്ദും ഉൾപ്പെടെ വിദഗ്ധരുടെ ഉപദേശക സമിതി ഉണ്ടാക്കി.

**2016 ആഗസ്റ്റ് 13**

ഗുരുവായൂർ സ്ഥലത്തിന്റെ മണ്ണുപരിശോധനക്ക് അംഗീകാരം

**2016 നവംബർ 12**

എഞ്ചിനിയേഴ്സ് ഫോറം ചേർന്ന് ആർക്കിടെക്ചറൽ കൺസൾട്ടൻസികളുടെ 16 അപേക്ഷകളിൽ ഒമ്പത് എണ്ണം തെരഞ്ഞെടുത്തതിൽ റേറ്റ് കുറഞ്ഞ ദാമോദർ ആർക്കിടെക്റ്റിസിനെ തെരഞ്ഞെടുത്തു.

**2016 ഡിസംബർ 30**

എഞ്ചിനിയേഴ്സ് ഫോറം കോൺട്രാക്ടർമാരുടെ ഡ്രോയിങ്ങുകൾ പരിശോധിച്ചു.

**2017 ഫെബ്രുവരി 6**

ദാമോദർ ആർകിടെക്സ്റ്റുമായി കരാർ ഒപ്പിട്ടു.

**2017 സെപ്തംബർ 16**

കിട്ടിയ 4 ക്വട്ടേഷൻ പരിശോധിച്ചതിൽ നിന്ന് സിവിൽ കോൺട്രാക്ടർ പി.എം.കെ കൺസ്ട്രക്ഷൻസിന്റെ കുറഞ്ഞ കൊട്ടേഷൻ എഞ്ചിനിയേഴ്സ് ഫോറം അംഗീകരിച്ചു.

**2017 ഒക്ടോബർ 25**

ഗുരുവായൂർ നഗരസഭ പ്ലാൻ അംഗീകരിച്ചു.

**2017 നവംബർ 12**

കിട്ടിയ 54 അപേക്ഷകളിൽ 15 അപേക്ഷകളുടെ ചുരുക്കപട്ടിക ഉണ്ടാക്കി സൈറ്റ് എഞ്ചിനീയറായി സി.എൻ. മൂർത്തിയെ എഞ്ചിനീയേഴ്സ് ഫോറം തെരഞ്ഞെടുത്തു.

**2017 ഡിസംബർ 14**

ഗുരുവായൂർ അതിഥി മന്ദിരത്തിന് കരയോഗം പ്രസിഡന്റ് കെ.പി.കെ മേനോൻ തറക്കല്ലിട്ടു.

**2017 ഡിസംബർ 19**

പൈലിംങ്ങ് തുടങ്ങി.

**2018 ജനുവരി 26**

പ്രിവിലേജ് കാർഡ് വഴി കരയോഗാംഗങ്ങളിൽ നിന്ന് ഫണ്ട് സ്വരൂപിക്കാൻ കരയോഗം കമ്മിറ്റി തീരുമാനിച്ചു.

**2018 ഏപ്രിൽ 8**

കരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം പൈലിങ്ങിന്റെയും ചുറ്റുമതിൽ കെട്ടുന്നതിന്റെയും പുരോഗതി വിലയിരുത്തി.

**2018 മെയ് 13**

കരയോഗം സാമ്പത്തിക ഉപദേശക സമിതി ചേർന്ന് പ്രോജക്ട് ജോലികൾ വിലയിരുത്തി.

**2018 മെയ് 13**

കെട്ടിടം പണിയുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ കരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ഗുരുവായൂരിൽ വർക്ക് സൈറ്റിൽ നടന്നു.

**2018 ജൂൺ 10**

കരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം

നിർമ്മാണ പുരോഗതി വിലയിരുത്തി.

**2018 ജൂലായ് 15**

കരയോഗം സാമ്പത്തിക ഉപദേശക സമിതി നിർമ്മാണ പുരോഗതി വിലയിരുത്തി

**2018 ജൂലായ് 29**

ഇലക്ട്രിക് - പ്ലംബിങ്ങ് ജോലികൾ ടെന്റർ വിളിക്കാൻ തീരുമാനിച്ചു.

**2018 സെപ്തംബർ 7**

ഇലക്ട്രിക്ക് - പ്ലംബിങ്ങ് ജോലികളുടെ ടെണ്ട റുകൾ പരിശോധിച്ച് കുറഞ്ഞ ക്വട്ടേഷന് ജോലി നൽകാൻ കമ്മിറ്റി തീരുമാനിച്ചു.

**2018 ഒക്ടോബർ 9**

ഗുരുവായൂർ അതിഥി മന്ദിരത്തിന്റെ ആദ്യ കട്ടിള വെയ്പ് നടന്നു.

**2019 ഫെബ്രുവരി 10**

കരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റി ഗുരുവാ യൂർ ഗസ്റ്റ് ഹൗസിന് രാധേയം എന്ന് പേരിടാൻ തീരുമാനിച്ചു.

**2019 ആഗസ്റ്റ് 11**

ഗസ്റ്റ് ഹൗസ് ഭൂമിയോട് ചേർന്നുള്ള യൂസഫ് മുഹമ്മദിന്റെ സ്ഥലം വാങ്ങാൻ തീരുമാനിച്ചു.

**2019 ഡിസംബർ 8**

കരയോഗം എക്സിക്യൂട്ടീവ് യോഗം ഗുരു വായൂർ അതിഥി മന്ദിരത്തിന്റെ രണ്ട് ഹാളുകൾക്ക് വൃന്ദാവൻ, ദ്വാരക എന്നീ പേരുകൾ ഇടാൻ തീരു മാനിച്ചു.

**2020 ജനുവരി 12**

ഉദ്ഘാടനവും വിളിക്കേണ്ട അതിഥികളെ കു റിച്ചും തീരുമാനമെടുത്തു. കരയോഗാംഗങ്ങൾക്ക് മുറികൾ വാടകയ്ക്ക് നൽകുമ്പോൾ 20% ഡിസ്കൗ ണ്ട് നൽകുവാൻ തീരുമാനിച്ചു.

**ജനുവരി 31**

രാധേയം അതിഥി മന്ദിരത്തിന്റെ ഉദ്ഘാടനം നടന്നു. നാടിനു സമർപ്പിച്ചു.

രാധേയത്തിന്റെ നിർമ്മാണത്തിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ച സാങ്കേതിക വിദഗ് ദ്ധർ തൊഴിലാളികൾ എന്നിവരോടുമുള്ള എന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം എറണാകുളം കരയോഗത്തിന്റെ ഉത്തമ സുഹൃ ത്തുക്കളായ പത്രദൃശ്യമാധ്യമ പ്രവർത്തകരോടും കരയോഗം ജീവനക്കാരോടും കരയോഗ സൗഹൃദം പ്രത്യേക പതിപ്പ് അണിയിച്ചൊരുക്കിയ ശ്രീ. രവി കുറ്റിക്കാടിനോടും എഡിറ്റോറിയൽ ബോർഡിലെ എല്ലാ അംഗങ്ങളോടുമുള്ള അകമഴിഞ്ഞ നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തി ക്കൊള്ളട്ടെ.

## 2020 ഫെബ്രുവരി മാസ പരിപാടികൾ

സംഗീത പരിപാടിയായ 'അകായിലെ സം ഗീതം' ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30 ന് ടി.ഡി.എം കാവേരി ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ ഫെബ്രുവരി മാസ പരിപാടിയായി 23-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'ദി റോ ക്കറ്റ്' എന്ന സിനിമ ടി.ഡി.എം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടിയായി വി. കലാധ രന്റെ 'രാഗസുധാരസം' ഫെബ്രുവരി 28-ാം തീയ തി വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഗംഗയിൽ നടത്തപ്പെടുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർ ത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാ ന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

## അംഗങ്ങളുടെ ശ്രദ്ധക്ക്

എറണാകുളം കരയോഗം രാധേയം ഗസ്റ്റ് ഹൗസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഗുരുവായൂർ ദർശനത്തിന് പോകുന്ന കരയോഗാംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കി കൊണ്ട് കുറഞ്ഞ നിരക്കിൽ താമസ സൗകര്യം നൽകുവാൻ കരയോഗ ഭരണസമിതി തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിച്ചു കൊള്ളുന്നു.

താല്പര്യമുള്ള കരയോഗാംഗങ്ങൾ ടി.ഡി. എം ഹാൾ കോംപ്ലക്സിലെ കരയോഗം ഓഫീസ്സുമായി ബന്ധപ്പെടേണ്ടതാണ് ഇവിടെ നിന്നും ലഭിക്കുന്ന രേഖ സഹിതം മാത്രമെ രാധേയം ഗസ്റ്റ് ഹൗസിൽ സൗജ ന്യ നിരക്കിൽ താമസിക്കുന്നതിനുള്ള സൗകര്യം ലഭിക്കുകയുള്ളു. നേരിട്ട് ചെല്ലുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കില്ല എന്ന് വിനയപൂർവ്വം അറിയിക്കുന്നു.

*എറണാകുളം കരയോഗം ഭരണസമിതിക്കുവേണ്ടി - ജനറൽ സെക്രട്ടറി*




# രാധേയം തുറന്നു
## അതിഥികൾക്ക് സ്വാഗതം

ഉത്സവമൊഴിയാത്ത സന്നിധാനമെന്നാണ് ഗുരുവായൂരിന്റെ വിശേഷണം. കഴിഞ്ഞ ദിവസം രാവിലെ തെക്കേനടയിലെ കാരക്കാട്ട് റോഡിൽ നിന്ന് പഞ്ചവാദ്യം കേട്ടപ്പോൾ പരിസരവാസികൾക്കൊരത്ഭുതം. ഇന്നേവരെ കൊട്ടൊന്നും കേൾക്കാത്ത തങ്ങളുടെ ദിക്കിൽ ഇതെന്തെന്ന ചോദ്യവുമായി അവർ നില്ക്കുമ്പോഴാണ് വഴിയിൽ ടൂറിസ്റ്റു ബസ്സുകളും സർക്കാർ വാഹനങ്ങളും കാറുകളും പോലീസും നിരന്നത്. അവർ തിരിച്ചറിഞ്ഞു; എറണാകുളം കരയോഗത്തിന്റെ രാധേയം എന്ന അതിഥി മന്ദിരത്തിന്റെ ഉദ്ഘാടന സുദിനമാണെന്ന് . മന്ദിരത്തിന്റെ മുന്നിൽ സ്വാഗതകമാനം ഉയർന്നിട്ടുണ്ട്. ആളും അനക്കവുമില്ലാത്ത ചുറ്റുപാടിന്റെ മുഖചരായ ഇതോടെ നാളെ മാറുമെന്ന് തിരിച്ചറിഞ്ഞ അവർ ഉദ്ഘാടന വേദിയിലേക്ക് എത്തി. എറണാകുളത്തു നിന്ന് കരയോഗാംഗങ്ങൾ ഒറ്റയ്ക്കും കൂട്ടമായും എത്തി തുടങ്ങി. തലേന്ന് ക്ഷേത്രനഗരിയിലെ ഹോട്ടലിൽ തങ്ങിയവരുമുണ്ട്. പുലർച്ചെ സ്വന്തം വാഹനത്തിലും ലൈൻ ബസ്സിലും ട്രെയിനിലുമായി കുടുംബസമേതം എത്തിയവരും ക്ഷേത്രദർശനത്തിന് ശേഷം സമ്മേളന വേദിയിലേക്ക് വന്നുക്കൊണ്ടിരുന്നു. ഉദ്ഘാടനത്തിനുമുമ്പ് തന്നെ പന്തൽ നിറഞ്ഞു. ആസ്ഥാനമായ എറണാകുളം ടി.ഡി.എം. ഹാൾ വിട്ട് ആദ്യമായാണ് കരഗോഗാംഗങ്ങളുടെ സ്വന്തം തട്ടകം വിട്ടുകൊണ്ടുള്ള ഈ ചേക്കേറൽ. ആറു നിലയിൽ തലയുയർത്തി നില്ക്കുന്ന മന്ദിരം പലരിലും ആഹ്ളാദവും അഭിമാനവും കൗതുകവുമുണർത്തി. തങ്ങൾക്കായി "മറ്റൊരു ലോകം" കീഴടക്കിയ വീരകൃത്യത്തിന് നേതൃത്വം നല്കിയവരെ തേടിപ്പിടിച്ച് അഭിനന്ദനം അറിയിക്കാൻ ഓടിനടക്കുന്നവരെയും തിരക്കിൽ കണ്ടു.

മുഹൂർത്തമായതോടെ പന്തലിൽ വൻതിരക്കായി. പൂമുഖത്ത് സംപൂജ്യസ്വാമി ചിദാനന്ദപുരി

യും , കൊൽക്കത്ത ഹൈക്കോടതി ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണനും ഛത്തിസ്ഗഡ് ഹൈക്കോടതി ചീഫ് ജസ്റ്റീസ് പി. ആർ രാമചന്ദ്ര മേനോനും അടക്കമുള്ള അതിഥികൾ കൃത്യസമയ ത്തു തന്നെ എത്തിയിരുന്നു. ഇക്കൂട്ടത്തിൽ രണ്ടു വർഷം മുമ്പ് ഈ മന്ദിരത്തിന് തറക്കല്ലിട്ട ചടങ്ങിൽ പങ്കെടുത്തിരുന്ന കൊച്ചി മേയർ സൗമിനി ജെയി നും ഗുരുവായൂർ എം.എൽ. എ. കെ.വി. അബ്ദുൾ ഖാദറും ബ്രഹ്മശ്രീ ചേന്നാസ് പി.സി. ദിനേശൻ നമ്പൂതിരിപ്പാടും മുൻ ഗുരുവായൂർ നഗരസഭ ചെ യർപേഴ്സൺ പ്രൊഫ. പി. കെ. ശാന്തകുമാരിയും അത്യാഹ്ളാദത്തോടെയാണ് എത്തിയിരുന്നത്.ഗു രുവായൂർ ദേവസ്വം ചെയർമാൻ അഡ്വ. കെ. ബി. മോഹൻദാസ് , മുൻ പി. എസ്. സി. ചെ.ർമാൻ ഡോ. കെ. എസ്. രാധാകൃഷ്ണനും പങ്കെടുത്തു. ബൃഹത്തായതും, മനോഹരവുമായ ശ്രീമദ് ഭഗവത് ഗീത ഗ്രന്ഥത്തിനു മുമ്പിൽ തിരിയിട്ട വലിയ നില വിളക്കിൽ ദീപം പകർന്നുകൊണ്ടാണ് സംപൂജ്യ സ്വാമി ചിദാനന്ദപുരി ഉദ്ഘാടന കർമ്മം നിർവഹി ച്ചത്. തുടർന്ന് മുഖ്യാതിഥികൾ കരയോഗാംഗങ്ങളു ടെ കൂടെ വേദിയിലേക്ക് നീങ്ങി. കരയോഗത്തിന്റെ സ്മരണാഞ്ജലി ഗീതത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃ ഷ്ണൻ അദ്ധ്യക്ഷനായിരുന്നു. കരയോഗം ജന റൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) സ്വാഗതം പറഞ്ഞു. കരയോഗത്തിന്റെ ചരിത്രവും ഉദ്ദേശലക്ഷ്യ ങ്ങളും രാധേയം നിർമ്മാണത്തിന്റെ വിവരവും വേണു ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിച്ചു. സ്വപ്നപദ്ധതിയുടെ സാക്ഷാത്ക്കാരനിമിഷങ്ങളാ ണിത്. എറണാകുളത്തു നിന്ന് പുറത്തേക്കുള്ള മഹത്തായ കാൽവെപ്പാണിത്. ഇവിടെ നിന്നാണ് തൃശൂർ ജില്ലയിലെ ആദ്യ പ്രവർത്തനത്തിന്റെ തുട ക്കം. അതിന്റെ നാഴികക്കല്ലാണ് ഈ അതിഥി മന്ദിര മെന്ന് വേണു സൂചിപ്പിച്ചു. രണ്ടു കൊല്ലം മുമ്പ് ഈ മന്ദിരത്തിന് കല്ലിട്ടപ്പോൾ ആയിരം ദിവസം കൊണ്ട് തീർക്കണമെന്നായിരുന്നു തീരുമാനം. ഉദ്ഘാടന ദിവസം കൂടി ചേർത്ത് ഇന്നിപ്പോൾ 769 ദിവസം കൊണ്ട് തീർന്നു. എന്നാൽ മുടക്കു ദിവസങ്ങളായ ഓണം, വിഷു, ബക്രീദ്, ക്രിസ്തുമസ് എന്നീ ദിവ സങ്ങളും ഞായറാഴ്ചകളും പൊതു അവധികളും ഇന്നത്തെ പുതിയ സമ്പ്രദായം അനുസരിച്ച് തിങ്ക ളാഴ്ചകളിലെ അവധിയും ഹർത്താലുകളും മാറ്റി വെച്ചാൽ പ്രവൃത്തി ദിവസം 522 ആണെന്നാണ് ഞങ്ങളുടെ കണക്കു കൂട്ടൽ. ഈ പണിക്കു വന്ന രണ്ടു മാസത്തെ സാങ്കതിക തടസ്സങ്ങൾ കൂടി കണ ക്കാക്കിയാൽ 300 ദിവസംകൊണ്ട് തീർന്നേനെ. ഒരു കൊല്ലംകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയു മെന്ന് അർത്ഥം. പണി ഇത്രവേഗം തീർത്തു തന്ന ആർക്കിടെക്റ്റ് കെ. ദാമോദരനും സിവിൽ വർക്ക് ഏറ്റെടുത്ത പി.എം. കേളുക്കുട്ടി മേസ്തിരിക്കും 37060 പ്രവൃത്തി ദിവസം പണിയെടുത്ത തൊഴിലാളികൾ ക്കും ഞങ്ങൾ നന്ദി പറയുന്നു. ഇതിന്റ പണി തുട





കൊൽക്കത്ത ചീഫ് ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ



ഛത്തീസ്ഗഡ് ചീഫ് ജസ്റ്റിസ് പി ആർ രാമചന്ദ്ര മേനോൻ

ങ്ങിയ അന്നുമുതൽ ഇന്നലെ വരെ ഞങ്ങളോടൊപ്പം നിന്ന് എല്ലാ സഹായസഹകരണങ്ങളും സ്നേഹവും തന്ന എല്ലാ അയൽ വീട്ടുകാർക്കും കരയോഗത്തിന്റെ നന്ദിയുണ്ട്. ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഈ പരിപാടിയിൽ മാത്രം പങ്കെടുക്കാൻ കൊൽക്കത്തയിൽ നിന്നും ഛത്തിസ്ഗഡിൽ നിന്നും എത്തിയ കരയോഗാംഗങ്ങൾ കൂടിയായ ചീഫ്ജസ്റ്റീസുമാർ തോട്ടത്തിൽ ബി. രാധാകൃഷ്ണനോടും, പി. ആർ. രാമചന്ദ്രമേനോനോടും ഉള്ള പ്രദ്യേക സ്നേഹാദരവ് കരയോഗം സെക്രട്ടറി പ്രകടിപ്പിച്ചു.

കൊൽക്കത്തയിലെ മലയാളികൾക്ക് എറണാകുളം കരയോഗത്തിന്റെ ഗുരുവായൂരിലെ രാധേയത്തെക്കുറിച്ച് സംസാരിക്കേണ്ടി വന്ന സന്ദർഭം ഓർമ്മിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അദ്ധ്യക്ഷ പ്രസംഗം തുടങ്ങിയത്. അവിടുത്തെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന ആഘോഷച്ചടങ്ങിൽ പങ്കെടുത്ത അവസരത്തിൽ അവിടെ എത്തിയിരുന്ന ചേന്നാസ് ദിനേശൻ തിരുമേനി എന്നോട് രാധേയത്തിന്റെ ഉദ്ഘാടനത്തിന് ഗുരുവായൂരിൽ പോകുന്നില്ലേ എന്നു ചോദിച്ചപ്പോൾ ഞങ്ങളുടെ സംഭാഷണം കേട്ടാണ് കൊൽക്കത്ത മലയാളികൾ രാധേയത്തെക്കുറിച്ചും എറണാകുളം കരയോഗത്തെക്കുറിച്ചും അറിയുന്നത്. ഞാൻ കൂടി മെംബറായ എറണാകുളം കരയോഗത്തിന്റെ അതിഥി മന്ദിരമാണ് അതെന്നതടക്കം പലതും വിവരിച്ചു കൊടുക്കേണ്ടി വന്നു എന്ന് ജസ്റ്റീസ് പറഞ്ഞു.

എറണാകുളം കരയോഗത്തിന്റെ കർമ്മപഥത്തിലെ ഒരു നാഴിക കല്ലാണ് രാധേയം. ഈ നാഴികക്കല്ല് നാട്ടിയതു വഴി വരമ്പുകൾക്കപ്പുറത്തേക്ക് കരയോഗവും കരയോഗ പ്രവർത്തനങ്ങളും നീളുന്നു. കരയോഗത്തിന് സ്നേഹത്തിന്റെയും ധർമ്മനിഷ്ഠയുടെയും ഊഷ്മളതയുടെയും ഭാവുകങ്ങൾ ഒഴുകി ഒഴുകി എത്തേണ്ടടത്തു തന്നെ എത്തുകതന്നെ ചെയ്യും. കാരുണ്യം, സ്നേഹം , സാഹോദര്യം എന്നിവ വിളംബരം ചെയ്യുന്ന കരയോഗമായി എറണാകുളം കരയോഗം മാറുന്നു എന്ന് ഈ ദിനം നമ്മൾ തിരിച്ചറിയുന്നു. എല്ലാം നന്നായി വരട്ടെ എന്ന ആശംസയോടെ ചീഫ് ജസ്റ്റീസ് ബി. രാധാകൃഷ്ണൻ പ്രസംഗം ഉപസംഹരിച്ചു.

മുഖ്യപ്രഭാഷണം ഇല്ലെന്ന് പറഞ്ഞ മുഖ്യപ്രഭാഷകൻ ജസ്റ്റീസ് പി. ആർ രാമചന്ദ്രമേനോൻ കരയോഗത്തിന്റെ ലഘുചരിത്രത്തിലൂടെയാണ് സംസാരം തുടങ്ങിയത്. കരയോഗത്തിന്റെ ചരിത്രം മനസ്സിലാക്കിയെത്തിയ എനിക്ക് ഞാൻ കൂടി അംഗമായ ഈ സ്ഥാപനത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. കരയോഗത്തിന്റെ നിയമാവലിയിലെ "സമ്പത്തിനല്ലാത്ത സംഘടന" എന്ന പ്രഖ്യാപനം വളരെ ശ്രദ്ധേയമാണ്. പൂർവ്വികരുടെ ദീർഘവീക്ഷണമാണത്. ഇത്രയും കാലം സ്വസമുദായത്തിനപ്പുറം ജാതിമതഭേദമെന്യേ മറ്റുള്ളവർക്ക് ജീവകാരുണ്യ സഹായം എത്തിക്കുന്ന കർമ്മം പ്രശംസനീയം. വരുമാനം അനുസരിച്ച് ഇപ്പോൾ അരക്കോടി രൂപ ജീവകാരുണ്യത്തിനായി ചിലവഴിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ പ്രവർത്തനം സുതാര്യമായതിനാൽ സമൂഹത്തിന്റെ വിശ്വാസമാർജിക്കാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

രണ്ടു വാക്കുകളിൽ പ്രസംഗം ചുരുക്കിയ ബ്രഹ്മശ്രീ പി.സി. ദിനേശൻ നമ്പൂതിരിപ്പാട്, മനസ്സും ശരീരവും ശുദ്ധമാണെങ്കിൽ ഏതു പ്രവൃത്തിയും നിഷ്പ്രയാസം ചെയ്യാമെന്നതിന്റെ ഉത്തമോദാഹരണമാണ് രാധേയം. എല്ലാ പ്രവൃത്തികളും ഇതുപോലെയാകട്ടെയെന്നും കരയോഗം അഭിവൃദ്ധിയിൽ നിന്നും അഭിവൃദ്ധിയിലേക്ക് വളരട്ടെയെന്നും ആശംസിച്ചു.



*സ്വാമി ചിദാനന്ദപുരി*

കരയോഗത്തിന്റെ അടുത്ത സുഹൃത്തും അഭ്യുദയകാംക്ഷിയുമായ മുൻ പി. എസ്. സി ചെയർമാൻ ഡോ. കെ. എസ് രാധാകൃഷ്ണൻ ആശംസാപ്രസംഗത്തിൽ താൻ വളരെ അടുത്തറിയുന്ന കരയോഗത്തിന്റെ പ്രവർത്തനങ്ങളെ എടുത്തെടുത്ത് പറഞ്ഞ് ശ്ലാഘിക്കുകയുണ്ടായി. ഗുരുവായൂരിലെ രാധേയം കരയോഗത്തിന്റെ തിലകക്കുറിയാണ്. ഇതിലൂടെ പുതിയ പുതിയ സംരംഭങ്ങൾ കരയോഗത്തിനുണ്ടാവട്ടെയെന്ന് ആശംസിച്ചു.

രണ്ടു വർഷം മുമ്പ് കല്ലിടൽ ചടങ്ങിൽ പങ്കെടുത്ത ഓർമ്മ പുതുക്കിക്കൊണ്ടാണ് ഗുരുവായൂർ എം. എൽ.എ. കെ.വി. അബ്ദുൾ ഖാദർ രണ്ടു വാക്കു സംസാരിച്ചത്. ഇത് മനോഹരമായ ഒരു രൂപകല്പനയാണ്. കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും തന്റെ പിന്തുണ ഉണ്ടാകുമെന്ന് അബ്ദുൾഖാദർ ആശംസിച്ചപ്പോൾ ഗുരുവായൂർ ദേവസ്വം ചെയർമാൻ അഡ്വ. കെ.വി. മോഹൻദാസ് ദിനംപ്രതി ഭക്തജനങ്ങൾ വർദ്ധിച്ചു വരുന്ന ഗുരുവായൂരിൽ താമസത്തിനുള്ള അസൗകര്യത്തിന് ഈ മന്ദിരം ഒരു പരിധി വരെ സഹായമാണെന്ന് പറഞ്ഞു. ദേവസ്വം താമസസൗകര്യം വർദ്ധിപ്പിക്കാനുള്ള പുതിയ മന്ദിരങ്ങൾ നിർമ്മിക്കാനുള്ള ആലോചനയിലാണ്. സത്കർമ്മങ്ങൾ നല്ല രീതിയിൽ നടപ്പാക്കുന്ന എറണാകുളം കരയോഗ ഭാരവാഹികളെ ഹൃദയപൂർവ്വം മോഹൻദാസ് അഭിനന്ദിച്ചു.

കരയോഗത്തിന്റെ ഒട്ടനവധി സേവനങ്ങളെ അടുത്തറിയാവുന്ന ഒരാളെന്ന നിലയിൽ അതീവ സന്തോഷത്തോടെയാണ് ഞാൻ ഈ ചടങ്ങളിൽ പങ്കെടുക്കുന്നതെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് സ്വാമി ചിദാനന്ദപുരി അനുഗ്രഹ പ്രഭാഷണത്തിന് തുടക്കമിട്ടത്. രോഗികൾക്ക് ഔഷധവും സാമ്പത്തിക സഹായവും അതിലുപരി മാനസീകമായി കൂടുതൽ കൂടുതൽ കരുത്തുറ്റ ഒരു സമൂഹത്തെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങൾ, സമൂഹത്തിന്റെ നിലനില്പിനായുള്ള വേദാന്ത പഠന പദ്ധതികൾ എന്നിങ്ങനെ ഒട്ടനവധി മേഖലകളിൽ കരയോഗം പ്രവർത്തിക്കുന്നുണ്ട്. എത്രയോ വർഷങ്ങളായി കരയോഗത്തിൽ പ്രതിവർഷം വേദാന്ത പഠനങ്ങൾ എടുക്കാൻ അവിടെ പോകാറുണ്ട്. കാര്യങ്ങൾ നിരീക്ഷിക്കാറുമുണ്ട്. മനസ്സിലായിടത്തോളം അടുക്കും ചിട്ടയുമുള്ള പ്രവർത്തന ശൈലിയാണ് അവിടുത്തെ പ്രത്യേകത. വേറെ പല പ്രവർത്തനങ്ങൾ ചെയ്യുന്ന ഒരുപാടു സംഘടനകൾ നമ്മളുടെ മുമ്പിലുണ്ടെങ്കിലും വ്യക്തമായ ദിശാബോധമുള്ള പ്രവർത്തനം നിർവഹിക്കുന്ന സംഘം അവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഷയത്തിൽ അവിടുത്തെ മുഖ്യചുമതല



*ഗുരുവായൂർ എം എൽ എ*
*കെ വി അബ്ദുൾ ഖാദർ*



*ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ*
*അഡ്വ. കെ ബി മോഹൻദാസ്*



*കൊച്ചി മേയർ*
*സൗമിനി ജെയിൻ*



പി. സി. ദിനേശൻ നമ്പൂതിരിപ്പാട്, ഡോ. കെ.എസ്. രാധാകൃഷ്ണൻ, സ്വാമി ചിദാനന്ദപുരി, കെ. ആർ. നമ്പ്യാർജി

ക്കാരനായ വേണുജിയെ അഭിനന്ദിക്കുന്നു. രാധേയം അതിഥി മന്ദിരത്തിലേക്ക് കയറി വരുമ്പോൾ തന്നെ എനിക്ക് സന്തോഷം തോന്നുന്നു. ശാന്തി നല്കുന്ന അന്തരീക്ഷം. അകത്തു കയറിയാൽ വലിയ സന്ദേശം - ഭഗവദ്ഗീതാഗ്രന്ഥം. അദ്യം തന്നെ ആരാധ്യമായി വെച്ചിരിക്കുന്നത് കാണാം. അതു ദർശിച്ചുകൊണ്ടാണ് അകത്തു പ്രവേശിക്കുക. വായിക്കേണ്ടവർക്ക് വായിക്കാം. വന്ദിക്കേണ്ടവർക്ക് വന്ദിക്കാം. ആ വലിയ സന്ദേശം നമുക്കുൾക്കൊള്ളാൻ കഴിയണമെന്ന് സ്വാമിജി പറഞ്ഞു.

എറണാകുളം കരയോഗം മറ്റെല്ലാ കരയോഗങ്ങൾക്കും എപ്പോഴും മാതൃകയാണ് കൊച്ചി മേയർ സൗമിനി ജെയിൻ ആശംസാപ്രസംഗത്തിൽ പറഞ്ഞു. രണ്ടു വർഷം മുമ്പ് കല്ലിടൽ ചടങ്ങിൽ പങ്കെടുത്ത എനിക്ക് ആ സ്ഥാനത്തിരുന്നുകൊണ്ട് ഈ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയുമോ എന്ന ആശങ്ക ഉണ്ടായിരുന്നു. ഗുരുവായൂരിൽ ഭക്തജനങ്ങൾക്കായി മനോഹരമായ ഒരു മന്ദിരം കെട്ടിപ്പടുത്ത കരയോഗത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ലെന്ന് മേയർ പറഞ്ഞു.

വളരെ അഭിമാനത്തോടെയാണ് ഞാൻ നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതെന്ന ആമുഖത്തോടെയാണ് ഗുരുവായൂരിലെ മുൻ മുനിസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. വി.കെ. ശാന്തകുമാരി ആശംസാപ്രസംഗത്തിന് തുടക്കമിട്ടത്. എരണാകുളത്തുകാരിയും കരയോഗാംഗവുമായ എന്നെ ഗുരുവായൂരിലെത്തിച്ചതിന്റെ പിന്നിൽ എറണാകുളത്തപ്പന്റെയും ഗുരുവായൂരപ്പന്റെയും നിശ്ചയമുണ്ടെന്ന് ഞാൻ കരുതുന്നു. ഈ അതിഥി മന്ദിരത്തിന് സ്ഥലം കണ്ടെത്താനും മറ്റു കാര്യങ്ങൾക്കും ചിലതെല്ലാം ചെയ്യാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഈ മന്ദിരത്തിന് മലീനകരണസംസ്കരണ പ്ലാന്റും ഗ്രീൻ പ്രോട്ടോകോളും ഉണ്ടെന്ന് കണ്ടതിൽ സന്തോഷിക്കുന്നു എന്ന് പ്രൊഫ.ശാന്തകുമാരി പറഞ്ഞു. ഗുരുവായൂരിലെ പത്രപ്രവർത്തക സംഘടനകളുടെ നേതാക്കളായ ലിജിത് തരകനും, ആർ. ജയകുമാറും ആശംസാപ്രസംഗത്തിൽ കരയോഗമന്ദിരത്തിന് മലീനകരണസംസ്കരണ പ്ലാന്റ് ഉണ്ടെന്ന് പത്രസമ്മേളനത്തിൽ തന്നെ ജനറൽ സെക്രട്ടറി വേണു ഞങ്ങളോടു പറഞ്ഞിരുന്നു. ഇത് അഭിനന്ദനാർഹമാണ്. സാധാരണ പുതിയ മന്ദിരങ്ങൾ വരുമ്പോൾ തുടക്കത്തിൽ തന്നെ ഈ ഒറ്റ പ്രശ്നത്തിൽ കെട്ടിടം പൂട്ടിയിടേണ്ട അവസ്ഥ കൂടി പത്രത്തിൽ എഴുതേണ്ട ദുര്യോഗവും ഞങ്ങൾക്കുണ്ടാകാറുണ്ടെന്ന് അവർ പറഞ്ഞു.

നഗരസഭ കൗൺസിലർ രതി ജനാർദ്ദനൻ, കെ. ദാമോദർ (ദാമോദർ ആർക്കിടെക്സ്), കരയോഗം അഡ്വൈസറി ബോർഡ് അംഗം സി. എ. വേണുഗോപാൽ സി. ഗോവിന്ദ്, കരയോഗം എഞ്ചിനിയേഴ്സ് ഫോറം കൺവീനർ എൻ. വേണുഗോപാൽ എന്നിവരും സംസാരിച്ചു. വിശിഷ്ട വ്യക്തികൾക്കും നിർമ്മാണ ചുമതലയുമായി ബന്ധപ്പെട്ടവർക്കും, മുഖ്യ അതിഥികളും കരയോഗം പ്രസിഡണ്ട് ചേർന്ന് ഉപഹാരങ്ങൾ നല്കി ആദരിച്ചു. കരയോഗം ട്രഷറർ കെ.ടി. മോഹനൻ നന്ദി പറഞ്ഞു. കരയോഗം ഭരണസമിതി അംഗം ശശികല ആയിരുന്നു മുഖ്യ അവതാരക.



പ്രൊഫ. പി.കെ. ശാന്തകുമാരി

# വേണുവിന് സദസ്സിന്റെ ആദരം

രാധേയം അതിഥി മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങ് നടക്കുമ്പോൾ വേദിയിൽ സംസാരിച്ച എല്ലാ പ്രമുഖരും മന്ദിരത്തിന്റെ പ്രൗഢിയിലും ആധുനിക സൗകര്യങ്ങളിലും സംതൃപ്തിയും ആഹ്ലാദവും പ്രകടിപ്പിക്കുകയും ചെയ്തതിനു പുറമെ ഇതിന്റെയൊക്കെ സൂത്രധാരനായ കരയോഗം ജനറൽ സെക്രട്ടറി വേണുവിനെ പ്രശംസിക്കാനും മറന്നില്ല.

ആശംസാപ്രാസംഗികനായ ഡോ. കെ. എസ്. രാധാകൃഷ്ണൻ തുടങ്ങിയതിങ്ങനെയാണ് – "എറണാകുളത്തുകാർ മോശക്കാരല്ല. ഈ സദസ്സിൽ തന്നെ കൂടുതൽ എറണാകുളത്തുകാരാണ്. പക്ഷെ കയ്യടിക്കുന്നതിൽ പിശുക്കു കാണിക്കുന്നവരാണ് എറണാകുളത്തുകാരെന്ന ദുഷ്പേരു വന്നിട്ടുണ്ട്. ഇത്രയും മനോഹരമായ ഒരു സൗധം കുറഞ്ഞ സമയംകൊണ്ട് അതിഗംഭീരമായ രീതിയിൽ പണിതുയർത്തി പ്രശസ്തി പിടിച്ചു പറ്റിയ വേണുവിനെയും കെ.പി. കെ. മേനോനെയും അവരുടെ കൂടെയുള്ള മുഴുവൻ പ്രവർത്തകരെയും എഴുന്നേറ്റു നിന്ന് നമുക്കാദരിക്കാം" എന്നു പറഞ്ഞതോടെ പന്തലിലിരുന്നവരെല്ലാം എഴുന്നേറ്റു നിന്ന് നീണ്ട കരഘോഷം മുഴക്കി. എറണാകുളം കരയോഗം അതിന്റെ അതിർത്തി ലംഘിച്ച് സേവനവും പ്രവർത്തനവും വിപുലീകരിച്ചിരിക്കുന്നു. ആരുടെയും സഹായമില്ലാതെ ഗുരുവായൂരപ്പനെ കണ്ടു പോകാവുന്ന അവസരം ഉണ്ടാക്കിയെന്ന പ്രത്യേകത കൂടിയുണ്ട്. ന്യായമായ മുറിവാടകയും നല്ല സൗകര്യവും ഉണ്ടാക്കിയത് എല്ലാവരും ഉപയോഗിക്കണമെന്ന അഭ്യർത്ഥന കൂടിയുണ്ട്. വിപുലമായ സാധ്യത കണ്ടു കൊണ്ടാണ് വേണുവും കെ. പി. കെയും ഈ സ്ഥാപനം പടുത്തുയർത്തിയിട്ടുള്ളത്.

ആശംസാ പ്രസംഗം നടത്തിയ രാധേയത്തിന്റെ ആർക്കിടെക്റ്റ് കെ. ദാമോദരൻ കരയോഗാംഗങ്ങളോട് ഒരഭ്യർത്ഥന നടത്തി – എന്റെ സ്ഥാപനത്തിലെ സാങ്കേതിക ഉപദേഷ്ടാവായി നിങ്ങളുടെ വേണുവേട്ടനെ എനിക്കു വിട്ടു തരണം. അദ്ദേഹ






*രാധേയം ഉല്ഘാടന സമ്മേളനവേദി*

ത്തിന്റെ കെട്ടിടനിർമ്മാണത്തിലുള്ളെ ജ്ഞാനവും കാഴ്ചപ്പാടും ദൃഢനിശ്ചയവും മനസ്സിലാക്കിക്കൊണ്ടാണ് താൻ ഈ അഭ്യർത്ഥന നടത്തുന്നതെന്ന് ദാമോദരൻ പറഞ്ഞു. എഞ്ചിനിയർമാർ ഉൾപ്പടെ ഞങ്ങളൊന്നിച്ച് ചർച്ച ചെയ്യുമ്പോൾ ഞാൻ തുടങ്ങിവെക്കുമെങ്കിലും മുന്നോട്ടു കൊണ്ടുപോകുന്നത് വേണുവേട്ടനാണ്. അപ്പോൾ അദ്ദേഹം യഥാർത്ഥ ആർക്കിടെക്റ്റായി മാറും. പിന്നെ യോഗത്തിൽ ഉറങ്ങലാണ് എന്റെ പണി. സ്ട്രക്ച്ചറിനെക്കുറിച്ച് നല്ല ധാരണയുണ്ട്. കമ്പിയിടുന്നതിലും കൂടി ധാരണയുണ്ടായാൽ എനിക്കു പണിയില്ലാതാകും. ഇപ്പോൾ ഉദാഘാടനച്ചടങ്ങിനു വേണ്ടി ഈ മുറ്റത്ത് പന്തലിട്ടിട്ടില്ലേ, അത് വേണുവേട്ടന്റെ പരീക്ഷണമാണ്. നാളെ സ്ഥിരം പന്തലുണ്ടായാൽ അത്ഭുതപ്പെടേണ്ട. എറണാകുളത്ത് ഭാസ്ക്കരീയത്തിന്റെ കൺവെൻഷൻ സെന്റർ പണിക്കു വേണ്ടിയാണ് ഞാനെത്തിയത്. പരിചയപ്പെട്ടയുടനെ ടി.ഡി. എം. ഹാളിന്റെ പണി നടത്തിച്ചു. ചുമരുകളും തൂണുകളും മാറ്റി പണിയാൻ നിർദ്ദേശിച്ചപ്പോൾ ആ കെട്ടിടത്തിന്റെ കെൽപ്പിൽ ശങ്കയുണ്ടായിരുന്ന എനിക്ക് ധൈര്യം തന്നു. അങ്ങനെയാണ് ആ മനുഷ്യനെന്ന് ദാമോദരൻ പറഞ്ഞു.

മെട്രോയ്ക്ക് എങ്ങിനെയാണ് ശ്രീധരൻ എന്നപ്പോലെയാണ് കരയോഗത്തിന് വേണു-മുഖ്യ പ്രഭാഷകനായ ഛത്തിസ്ഗഡ് ചീഫ് ജസ്റ്റീസ് പി. ആർ. രാമചന്ദ്രൻ മേനോൻ അഭിപ്രായപ്പെട്ടപ്പോൾ സദസ്സിൽ നിന്ന് ഹർഷാരവം ഉയർന്നു. കരയോഗത്തിന്റെ ശതാബ്ദി വർഷത്തിൽ ഇന്റർനാഷണൽ ഹബ്ബ് തുടങ്ങാൻ പോകുന്ന വേണുവിനും സഹപ്രവർത്തകർക്കും ഭാവുകങ്ങൾ നേരാനും അദ്ദേഹം മറന്നില്ല.

വേണുവിനെ കരയോഗത്തിന്റെ തേരാളിയായിട്ടാണ് ഗുരുവായൂർ മുൻ ചെയർപേഴ്സൺ ആയിരുന്ന പ്രൊഫ. ശാന്തകുമാരി പ്രസംഗത്തിൽ വിശേഷിപ്പിച്ചത്. എന്റെ മരിച്ചു പോയ സഹോദരന്റെ സഹപാഠിയാണ് വേണു. എനിക്കവനെപ്പോലെയാണ് വേണുവും. അതിഥി മന്ദിരത്തിന് സ്ഥലം കണ്ടെത്താനും മറ്റെല്ലാ കാര്യങ്ങളിലും വേണുവിന്റെ ആവശ്യപ്രകാരം ഞാൻ സഹായിക്കാൻ ചെല്ലാറുണ്ടായിരുന്നു.

വേണുവിന്റെ മനോഭാവത്തെ അബ്ദുള്ളയുടെ അഷറഫിന്റെ കഥയുമായി താരതമ്യം ചെയ്ത അർക്കിടക്റ്റ് ദാമോദരൻ സദസ്സിൽ രസാനുഭവം പകർന്നു.അബ്ദുള്ളയുടെ മകൻ അഷറഫിന് ടീച്ചർ ഗൃഹപാഠമായി കണക്കിട്ടു കൊടുത്തു. ഒരു പശുവിന് ആയിരം രൂപ. അഞ്ചു പശുവിന് എത്ര രൂപ ? മറ്റു കുട്ടികൾ ഉത്തരമെഴുതിക്കൊണ്ടു വന്നു. അഷറഫ് എഴുതിയില്ല. ടീച്ചർ കാര്യം തിരക്കി. മറ്റു പശുക്കളെ കാണാതെ വിലയിടാൻ പറ്റില്ലായെന്ന് അഷറഫ്. പശു കച്ചവടക്കാരനാണ് അവന്റെ ബാപ്പ അബ്ദുള്ള. ഇതേപ്പോലെയാണ് വേണു. 46 കട്ടിളകൾ വിലയ്ക്കു വാങ്ങാൻ പോയി. കൂടെ ദാമോദരനുമുണ്ട്. ഒരു കട്ടിള കണ്ടു. രണ്ടു പേർക്കും ഇഷ്ടമായി. ധാരണയിൽ എത്താമെന്നായപ്പോൾ വേണു പിൻമാറി. മറ്റു കട്ടിളകളും കാണണമെന്നായി. ഇതാണ് വേണുവിന്റെ വ്യത്യസ്തമായ കാഴ്ച്ചപ്പാട്.

വേദിയിലുള്ളവരെപ്പോലെ തന്നെ സദസ്സിലുള്ളവർക്കും വേണുവിനെക്കുറിച്ച് ഒട്ടേറെ പറയുവാനുണ്ട്. ധാരാളം ജീവിതാനുഭവങ്ങളുള്ള വേണു എറണാകുളം കരയോഗത്തിൽ 45 വർഷമായി പ്രവർത്തിക്കുന്നു.

# ഉപഹാരങ്ങൾ നല്കി അവരെയും ആദരിച്ചു



രാധേയത്തിന്റെ ഉദ്ഘാടന വേദിയിൽ വെച്ച് മന്ദിര നിർമ്മാണത്തിൽ അക്ഷീണം മുഴുകിയവരെ കരയോഗം പ്രത്യേകം പേരെടുത്തു പറഞ്ഞ് ഉപഹാരങ്ങൾ നല്കി ആദരിച്ചു. കെ. ദാമോദരൻ (ദാമോദർ അസ്സോസിയേറ്റ്സ്), കേളുക്കുട്ടി മേസ്തിരി (പി.എം. കെ. കൺസ്ട്രക്ഷൻസ്) പ്രഭാകരമേനോൻ (വാസ്തു വിദഗ്ദ്ധൻ) ഷിബു (ബ്രൈറ്റെക്) ആദിൽ അബ്ദുൾ കരീം (കരീംസ്) പ്രവീൺ മേതിൽ (കംഫൈർ സിസ്റ്റം) ഹെൻഡ്രി ജേക്കബ് (ഹെൻഡ്രി & ഫറാദ്) ജോസ്.പി. ഐസ്ക് (ജോൺസൺ ലിഫ്റ്റ്) അരുൺദാസ്. പി. എസ്. (ഭവാനി കൺസൾട്ടന്റ്സ്) സാബു ജോസഫ് (ഈസിസെന്റർ) സതീഷ് പല്ലിനേഴി (ലോഗോ ഡിസൈനർ) എന്നിവരെയാണ് ആദരിച്ചത്.





# ഏറെ സൗകര്യം ഗൃഹാന്തരീക്ഷം

കേരളത്തിലെ ക്ഷേത്രനഗരികളിലെ അത്യാധുനിക സൗകര്യങ്ങളുള്ള അതിഥി മന്ദിരങ്ങളെക്കാൾ ഒരു പടി മുന്നിലാണ് എറണാകുളം കരയോഗ അതിഥി മന്ദിരം രാധേയമെന്ന് അഭിമാനത്തോടെ പറയാം.ആധുനിക കാലത്ത് അതിഥി മന്ദിരങ്ങളിലെ ആധുനിക സൗകര്യങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കിയാണ് മുറികളും മന്ദിരവും ഒരുക്കിയിട്ടുള്ളത്. 36000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആറു നിലമന്ദിരം. അണ്ടർഗ്രൗണ്ടിൽ പാർക്കിംഗ് സൗകര്യങ്ങൾ . 50 കാറുകൾക്ക് പാർക്ക് ചെയ്യാം ഒരു ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാൻ കഴിയുന്ന വാട്ടർടാങ്ക്, സ്വിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്. (ആർ.ഒ പ്ലാന്റ്, എസ്.ടി.പി പ്ലാന്റ്,യു.എഫ് പ്ലാന്റ്), കാന്റീൻ തുടങ്ങിയ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയാണ് രാധേയം നിർമ്മിച്ചിരിക്കുന്നത്.



രണ്ടാംനിലയിലും മൂന്നാംനിലയിലും നാലാംനിലയിലും പന്ത്രണ്ട് മുറികൾ വീതം 36 എസി ഡബിൾ മുറികളിൽ സ്യൂട്ട് മുറികൾ മൂന്നെണ്ണം. മുറികളിൽ ലോക്കർ സൗകര്യം, ചുമർ അലമാര, വൈ.ഫൈ, ടി.വി, ഇന്റർ കോം, ചൂടുവെള്ളലഭ്യത, ചായ, കാപ്പി സ്വയം ഉണ്ടാക്കി കുടിക്കാനുള്ള സൗകര്യം, കെട്ടിടത്തിൽ ഡബിൾ ജനറേറ്റർ സൗകര്യം, ആറാം നിലയിൽ റൂഫ് ഗാർഡനുള്ള സൗകര്യം

ഭാവിയിൽ പ്രയോജനപ്പെടുത്തിയേക്കും. ഒന്നാം നിലയിൽ ഗുരുവായുരിൽ എത്തുന്ന ഭക്തർക്കായി വിവാഹ നിശ്ചയം, വിവാഹം, ചോറൂണ്, പിറന്നാൾ, അടിയന്തിരം തുടങ്ങിയ ചടങ്ങുകൾ നടത്താൻ(200 പേർക്ക്) സൗകര്യമുള്ള ദ്വാരക, വൈകുണ്ഠം എന്നീ രണ്ട് ഹാളുകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ റസ്റ്റോറന്റും ഡയനിംഗ് ഹാളും ഉണ്ട്.

രാധേയം അതിഥി മന്ദിരത്തിൽ നിന്ന് ഗുരുവായൂർ തെക്കെനടയിലേക്ക് 500 മീറ്ററേ







ദൂരമുള്ളൂ. നടക്കാവുന്ന ദൂരം. ആരോഗ്യപ്രശ്നമുള്ളവർക്ക് ക്ഷേത്രത്തിലേക്ക് പോകാൻ അതിഥിമന്ദിരം വാഹനസൗകര്യം സൗജന്യമായി ഒരുക്കിയിട്ടുണ്ട്. രാധേയത്തിൽ ഭക്തജനങ്ങൾക്ക് മിതമായ നിരക്കിൽ ചില നിബന്ധനകൾക്ക് വിധേയമായി മുറികൾ ലഭ്യമാക്കാം.കരയോഗാഗംങ്ങൾക്ക് ഇരുപതു ശതമാനം ഡിസ്കൗണ്ട് കിട്ടും.



# രാധേയം എന്ന നാമധേയം അർത്ഥവത്ത്

പേരിലെന്തിരിക്കുന്നു എന്ന ചോദ്യത്തിന്റെ പ്രസക്തിയില്ലായ്മയാണ് ഗുരുവായൂരിലെ കരയോഗം ഗസ്റ്റ് ഹൗസിന്റെ രാധേയം എന്ന നാമധേയത്തിന്റെ കാര്യത്തിലും കാണാൻ കഴിയുക. ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലെ സോപാനങ്ങളിലും ഭജനവേദിയിലും പുരാണ പാരായണങ്ങളിലും അഷ്ടപദിയിലും ദേവീ ഭാഗവതപുരാണ പാരായണത്തിലും അലയടിക്കുന്ന രാധാമാധവം ഭക്തജനങ്ങളുടെ കാതിലും മനസ്സിലും നിറയുന്ന ഭക്തിപീയൂഷമാണ്, ദേവീദേവ സങ്കൽപത്തിൽ മാത്രമല്ല; മനുഷ്യജന്മത്തിലെ സ്ത്രീപുരുഷബന്ധവും ഭക്തിയും ഉദാത്തമായ അർദ്ധനാരീശ്വര സങ്കല്പത്തിന്റെയും അന്തർധാര ആദർശപ്രണയവും അനുഭൂതിയും സ്നേഹവുമാണ്.

രാധാ – മാധവ പ്രണയത്തെകുറിച്ചും മനോഹരമായ ആ സങ്കല്പത്തെകുറിച്ചും ജ്ഞാനികൾ പല വ്യാഖ്യാനങ്ങൾ നടത്തിയിട്ടുണ്ട്. എറണാകുളം കരയോഗത്തിന്റെ രക്ഷാധികാരി കൂടിയായിരുന്ന സ്വാമി ചിന്മയാനന്ദന്റെ വ്യാഖ്യാനം ഇങ്ങനെ – "രാധയുടെയും കൃഷ്ണന്റെയും സ്നേഹം നിത്യപ്രണയത്തിന്റെ പ്രതീകമാണ്. കൃഷ്ണനുമായി ഐക്യപ്പെടാനുള്ള രാധയുടെ ആഗ്രഹം ആത്മീയ ഉണർവിന്റെയും, ആത്മാവിന്റെ ഉണർവിന്റെയും ആഗ്രഹമാണ്. വേർപിരിയലിന്റെ വേദനയാണ് എല്ലാ കഷ്ടപ്പാടുകളുടെയും മൂലകാരണം. ഏകത്വം വീണ്ടും കണ്ടെത്തുക എന്നതാണ് എല്ലാ സന്തോഷങ്ങളുടെയും പൂർത്തീകരണത്തിന്റെ ഉറവിടം. ഈ അർഥത്തിൽ എല്ലാ ആഗ്രഹങ്ങളുടെയും പൂർത്തീകരണമാണ് കൃഷ്ണൻ. തന്നെ നിരന്തരം ഓർമ്മിക്കാൻ ആഗ്രഹിക്കുന്നവർ തന്നിൽ അലിഞ്ഞുചേർന്ന് സന്തോഷിക്കുന്നുവെന്ന് കൃഷ്ണൻ പറയുന്നു. ഈ ഭക്തിയുടെ ഫലമായി ഭഗവാനിൽ ലയിക്കുന്നു എന്നതിന്റെ പ്രതീകമാണ് രാധ". ഈ അർഥത്തിൽ, ഗുരുവായൂരപ്പന്റെ ആസ്ഥാനത്ത് എറണാകുളം കരയോഗം ഭഗവാന് കാണിക്കയായി സമർപ്പിക്കുന്ന അതിഥി മന്ദിരത്തിന് രാധേയം എന്നല്ലാതെ മറ്റെന്തു പേർ വിളിക്കാൻ?



# ഗീത ദർശിച്ച് അകത്ത് കയറാം



ഗുരുവായൂരിലെ രാധേയത്തിൽ കയറിച്ചെല്ലുമ്പോൾ ആദ്യം കാണുന്നത് നിറഞ്ഞു കത്തുന്ന നിലവിളക്കിനു മുന്നിൽ മലർക്കെ തുറന്നുവെച്ച ശ്രീമത് ഭഗവത് ഗീതയാണ്. സാധാരണ പുസ്തകത്തിന്റെ നാലിരട്ടി വലിപ്പത്തിലുള്ള ലാമിനേറ്റ് ചെയ്ത ഗ്രന്ഥം. പുസ്തകം പകുത്ത് വരികൾ വായിക്കാം. മറന്നുപോയ ഏതെങ്കിലും ശ്ലോകമുണ്ടെങ്കിൽ കണ്ടെത്താം. വീണ്ടും ഉരുവിടാൻ മോഹിക്കുന്ന ശ്ലോകങ്ങളും തിരയാം.

# കണ്ടെത്തിയത് കണ്ണന്റെ മുമ്പിൽ

അതിഥി മന്ദിരം നിർമ്മിക്കണമെങ്കിൽ കണ്ണന്റെ കൺവെട്ടത്തുള്ള കണ്ണായ സ്ഥലം വേണമെന്ന എറണാകുളം കരയോഗം കമ്മറ്റിയുടെ പ്രാർത്ഥന കണ്ണന്റെ അനുഗ്രഹത്താൽ നിറവേറി. മറ്റ് കാര്യങ്ങൾക്കെന്നപോലെ തന്നെ ഈ കാര്യത്തിലും ഭഗവാൻ തുണച്ചു.

നവതി ആഘോഷങ്ങൾക്ക് തിരശ്ശീല വീഴും മുമ്പേയാണ് തെക്കേ നടയിൽ ക്ഷേത്രത്തിൽ നിന്നും അഞ്ഞൂറ് മീറ്റർ അകലെ സ്ഥലം കണ്ടെത്താൻ കഴിഞ്ഞത്. ചുറ്റുപാടും നഗരത്തിന്റെ പ്രൗഢി ഏശാത്ത ശാലീനസുന്ദരമായ ഗ്രാമീണാന്തരീക്ഷം. തലക്കു മുകളിൽ സദാ നിറഞ്ഞു നിൽക്കുന്ന തെളിഞ്ഞ നീലാകാശം. ആരോ പറഞ്ഞപോലെ കണ്ണന്റെ നീലനിറമാണത്രെ. വീർപ്പു മുട്ടിക്കുന്ന നഗരാന്തരീക്ഷത്തിൽ നിന്ന് ഒരു ചുവട് മാറി, തീർത്ഥാടകർക്ക് ശുദ്ധവായുവും, വെളിച്ചവും, വെള്ളവും, പടിഞ്ഞാറു നിന്നു വീശുന്ന കടൽകാറ്റും ഭക്തിസാന്ദ്രമായ അന്തരീക്ഷവും എന്തെന്നില്ലാത്ത ആത്മനിർവൃതി നൽകുന്നു. ക്ഷേത്രത്തിലേക്ക് പോകാൻ ഗസ്റ്റ് ഹൗസിൽ നിന്ന് വാഹനമുണ്ട്. അല്ലെങ്കിൽ പത്ത് മിനിട്ട് നടത്തം, തെക്കെ നടയിലെത്താം.



# നിശ്ചയദാർഢ്യവും ഏകോപനവും വിജയം കൊയ്തു




ഗുരുവായൂർ അതിഥി മന്ദിരത്തിന് തറക്കല്ലിട്ടത് 2017 ഡിസംബർ 14 വ്യാഴാഴ്ച രാവിലെ 11 നും 12 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ. പ്രമുഖരുടെയും, കരയോഗം അംഗങ്ങളുടെയും, മന്ദിരം നിർമ്മിക്കുന്ന സ്ഥലത്തിന് സമീപമുള്ള നാട്ടുകാരുടെയും, മഹനീയ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അന്ന് ചടങ്ങിൽ സ്വാഗതം പറഞ്ഞ കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) പറഞ്ഞു – 'ഞങ്ങൾ പ്രതീക്ഷിച്ചപോലെ ഭഗവൽ സാന്നിധ്യത്തിൽ നിന്ന് അകലെയല്ലാതെ നമുക്ക് ഈ സ്ഥലം കിട്ടിയതിൽ നമ്മൾ ധന്യരാണ്. നാളെ മുതൽ പണി തുടങ്ങും. ആയിരം ദിവസമാണ് പണി തീരാൻ സമയം നിശ്ചയിക്കുന്നത്. ഭഗവാന്റെ അനുഗ്രഹമുണ്ടെങ്കിൽ രണ്ട് വർഷത്തിനകം നമ്മൾ ഇത് തീർത്തിരിക്കും'. നീണ്ട ഹർഷാരവത്തോടെയാണ് സദസ്സ് ആ വാക്കുകൾ ഏറ്റുവാങ്ങിയതെങ്കിലും കരയോഗാംഗങ്ങളിൽ പലർക്കും ആശങ്കയുണ്ടായിരുന്നു. വേദിയിലുണ്ടായ പലരും ഇങ്ങനെ തറപ്പിച്ച് പറയണമോ എന്ന് ജനറൽ സെക്രട്ടറിയോട് ചോദിക്കുകയും ചെയ്തു. അപ്പോഴും വേണു തറപ്പിച്ച് പറഞ്ഞു; വാക്കിൽ മാറ്റമില്ല, പറഞ്ഞ പടി ഇത് തീർന്നിരിക്കുമെന്ന്. മന്ദിരോത്ഘാടനം ഇപ്പോൾ (2020 ജനുവരി 31 ന്) നടന്നപ്പോൾ പലരും വേണുവിന്റെ ആ വാഗ്ദാനം ഓർത്തു. ഇപ്പോൾ ഉൽക്കണ്ഠ പ്രകടിപ്പിച്ചവർ ഏകകണ്ഠമായി പറയുന്നു, 'വെൽഡൺ'. ഈ വിജയക്കൊടി പാറിപ്പിച്ചതിനു പിന്നിൽ മറ്റുള്ളവർക്ക് മാതൃകയായി പാലിക്കേണ്ട ചില ഗൃഹപാഠങ്ങളുണ്ട്. ഗുരുവായൂരിൽ ഓരോ ദിവസവും നടക്കുന്ന ജോലികൾ എറണാകുളത്ത് കരയോഗം ജനറൽ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ ക്യാമറയിലൂടെ പ്രസിഡന്റും സെക്രട്ടറിയും ട്രഷററും വിലയിരുത്തിയിരുന്നു. രണ്ട് കൊല്ലമായി ദിവസവും ചെയ്തിരുന്ന പ്രധാന പണികളിലൊന്നായിരുന്നു അത്. കെട്ടിടം പണി എപ്പോഴെങ്കിലും ഒന്നയഞ്ഞു എന്നു കണ്ടാൽ ഭാരവാഹികളിൽ ആരെങ്കിലും ഒരാൾ ഗുരുവായൂരിലേക്ക് യാത്രയാകും. എല്ലാമാസവും രണ്ടാം ഞായറാഴ്ച കൂടുന്ന കരയോഗം ഭരണസമിതി യോഗം അതിഥി മന്ദിര നിർമ്മാണം അജണ്ടയിൽ പ്രത്യേക ഐറ്റമാക്കി വിശദമായി ചർച്ച ചെയ്തിരുന്നു. അതേപോലെ കരയോഗം ഭാരവാഹികൾ ഇടക്ക് വർക്ക് സൈറ്റിൽ വിവിധ പദ്ധതികൾക്ക് കരാർ വർക്ക് എടുത്തവരും മെയിൻ കരാറുകാരുമായി കൂടിയിരുന്ന് പണിയുടെ പുരോഗതി വിലയിരുത്തിയിരുന്നു. അവർക്ക് കൊടുക്കാനുള്ള ഗഡു സംഖ്യ കൃത്യ സമയം കൊടുക്കാനും പ്രത്യേകം ശ്രദ്ധിച്ചു. കരയോഗത്തിന്റെ പ്രത്യേക ശ്രദ്ധയും പ്രോത്സാഹനങ്ങളും കിട്ടിയപ്പോൾ അവർക്കും ഉത്സാഹമായി. പണി ഏറ്റെടുത്തതുതന്നെ അംഗീകാരമായി തോന്നിയവരും അവർക്കിടയിൽ ഉണ്ടായിരുന്നു. കരയോഗത്തിന്റെ തലപ്പത്ത് ഇരിക്കുന്നവർക്ക് കെട്ടിടനിർമ്മാണത്തിലും വാസ്തുശാസ്ത്രത്തിലുമൊക്കെ ഏതാണ്ടൊക്കെ പിടിപാടുള്ളവരാണെന്ന് കണ്ടപ്പോൾ മൊത്തം ഒരു ജാഗ്രത വന്നു. കഴിഞ്ഞ ഡിസംബർ മാസം പകുതിയായപ്പോൾ ചില പണികൾ പൂർത്തീകരിക്കാൻ വൈകുന്നതു കണ്ട് കരയോഗം ബന്ധപ്പെട്ടവരുടെയെല്ലാം അടിയന്തിരയോഗം വർക്ക്സൈറ്റിൽ തന്നെ വിളിച്ചു കൂട്ടി. യോഗത്തിൽ കരയോഗം ജനറൽ സെക്രട്ടറി പറഞ്ഞു: 'എന്ന് പൂർത്തിയാക്കുമെന്ന കൃത്യമായ തിയതി ഇന്ന് നിശ്ചയിക്കണം. ഞങ്ങൾ പറഞ്ഞ പ്രകാരമുള്ള പണം തരാൻ ബാക്കിയുണ്ടോ, ഞങ്ങളുടെ ഭാഗത്തെ വീഴ്ച വല്ലതുമുണ്ടോ, വ്യക്തമാക്കണം.' പ്രസക്തമായ ഈ ചോദ്യത്തിന് തങ്ങളുടെ ഭാഗത്ത് ചില താമസം വന്നതായി വിവിധ പണികളുടെ ചുമതലക്കാർ പറഞ്ഞു. അത് എങ്ങനെ പരിഹരിക്കുമെന്ന ചർച്ച, ഓരോ പണികളുടെയും പൂർത്തീകരണ തിയതി രേഖപ്പെടുത്തിയാണ് യോഗം പിരിഞ്ഞത്. അതോടെ ഉദ്ഘാടനം ജനുവരിയിൽ തന്നെ നടത്തുവാൻ കഴിയുമെന്ന പൊതുധാരണ വന്നു. ബാക്കി പണികൾ യുദ്ധകാലാടിസ്ഥാലത്തിൽ തീർക്കുകയും ചെയ്തു.

# അതെ, ടീം സ്പിരിറ്റ് നൂറുമേനി



*പി.എം. കേളുക്കുട്ടി, കെ. ദാമോദരൻ*

**സംശയം തീർത്തും പുതിയ നിർദ്ദേശങ്ങൾ പങ്കുവെച്ചും ഉൾക്കൊണ്ടും മുന്നോട്ടു നീങ്ങി. പിന്നെ സിവിൽ കോൺട്രാക്ടർ മികച്ച കഴിവ് പ്രകടിപ്പിച്ചു. പല പണികളും ഞാൻ വിചാരിച്ചതിനേക്കാൾ മികവ് പുലർത്തിയത് കാര്യങ്ങൾ പറഞ്ഞ വ്യവസ്ഥയിൽ പോയതിനാലാണ്**

ഉദ്ഘാടനത്തിന്റെ അങ്കണത്തിൽ ഉദ്ഘാടനചടങ്ങുകൾ ഉത്സവഛായയോടെ തിമിർത്ത് നടക്കുമ്പോഴും വേദിയിൽ ഇരുന്ന ആർക്കിടെക്റ്റ് ദാമോദരന്റെ കണ്ണ് ആറുനില മന്ദിരത്തിന്റെ ചുറ്റുവട്ടത്തിലേക്കാണ്. അവസാന മിനുക്ക് പണിയിൽ എന്തെങ്കിലും ചെറിയ പോരായ്മകൾ വന്നിട്ടുണ്ടോ എന്ന ഉൽക്കണ്ഠ. കേരളം മുഴുവൻ അറിയപ്പെടുന്ന ആ മുഖ്യശില്പിക്ക് വേദിയിൽ പ്രശംസകൾ ചൊരിയുമ്പോഴും ദാമോദരൻ മനസ്സിൽ അഭിനന്ദനങ്ങളും പൂച്ചെണ്ടും നൽകുന്നത് നിർമാണച്ചുമതല വഹിച്ച പി.എം. കേളുകുട്ടിക്കും, കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രനും തന്നോടൊപ്പം നിന്ന് വിയർപ്പൊഴുക്കിയ തൊഴിലാളികൾക്കുമാണ്. കണ്ടു മുട്ടിയപ്പോൾ ദാമോദരൻ ആദ്യം പറഞ്ഞത് അക്കാര്യങ്ങളൊക്കെയാണ് – അവരൊക്കെയാണ് എനിക്ക് ഊർജ്ജം പകർന്നത്, അതെന്റെ ഉത്സാഹം ഇരട്ടി വർദ്ധിപ്പിച്ചു.

അംബരചുംബികളായ നിരവധി മന്ദിരങ്ങളുടെ ആർക്കിടെക്റ്റായ ദാമോദർ ആർക്കിടെക്റ്റ് അസോസിയേറ്റ്സ് ഉടമ കെ.ദാമോദരൻ സൗമ്യനും മൃദുഭാഷിയുമാണ്. ചിരിച്ചേ സംസാരിക്കൂ. ലാഘവബുദ്ധിയോടെ കാര്യങ്ങൾ നോക്കി കാണുന്നയാൾ. എന്നാൽ ഉൾക്കാഴ്ച അപാരം. കരയോഗം അതിഥി മന്ദിരനിർമ്മാണം തുടങ്ങിയത് മുതലുള്ള കാര്യങ്ങൾ ചോദിച്ചപ്പോൾ സ്വതസിദ്ധമായ ചിരിയിൽ ഓരോന്നു പറയാൻ തുടങ്ങി – ടീം സ്പിരിട്ടാണ് ഈ പണിയുടെ വിജയം. സിവിൽ വർക്ക് ചെയ്ത കേളുകുട്ടിയുടെ പി.എം.കെ കൺസ്ട്രക്ഷൻസും കരയോഗത്തിന്റെ ചുക്കാൻ പിടിക്കുന്ന വേണുവും ഞാനും ഒരേ മനസ്സോടെയാണ് നീങ്ങിയത്. നിങ്ങളുടെ സെക്രട്ടറി വേണുവിനെ പോലെയുള്ള ഒരാളെ ഞാൻ എങ്ങും കണ്ടിട്ടില്ല. എഞ്ചിനീയറിങ്ങ് അഭിരുചിയുള്ള മനുഷ്യൻ. ഒരു കാര്യം ഒരിക്കൽ പറഞ്ഞാൽ ഉടനെ അദ്ദേഹത്തിന് അത് കത്തും. എപ്പോഴും ഉഷാറാണ്. ഈ പോസിറ്റീവ് മനോഭാവം സാധാരണ ഉടമകൾക്ക് കാണാത്തതാണ്.

എല്ലാം കൊണ്ടും കരയോഗത്തിന് അഭിനന്ദനം നൽകാൻ ദാമോദരന് മടി ഉണ്ടായിരുന്നില്ല. സാധാരണ കെട്ടിടം നിർമ്മിക്കുന്ന ഉടമകൾ പണി പുരോഗമിക്കുന്നതിനിടയിൽ ഓരോന്ന് പറഞ്ഞ് മിനക്കെടുത്തും. ചിലർ സ്ഥലത്തേക്ക് തിരിഞ്ഞു നോക്കില്ല. കരയോഗം വേറിട്ട നിലപാടിലായിരുന്നു. ചോദിച്ച പണം കൃത്യമായി തരും. ചർച്ചകളിൽ പങ്കെടുക്കും. ഞങ്ങൾ ഇടക്കിടക്ക് സിറ്റിങ്ങ് നടത്താറുണ്ട്. കരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റി യോ



*വർക്ക് സൈറ്റിൽ പണി വിലയിരുത്തുന്ന യോഗം*

ഗം പലതവണ വർക്ക് സൈറ്റിൽ നടന്നു. ഞങ്ങളെയും പങ്കെടുപ്പിച്ചു. പണിയിൽ മന്ദഗതിയുണ്ടെങ്കിൽ അവർ ചൂണ്ടിക്കാട്ടും. സംശയം തീർത്തും പുതിയ നിർദ്ദേശങ്ങൾ പങ്കുവെച്ചും ഉൾക്കൊണ്ടും മുന്നോട്ടു നീങ്ങി. പിന്നെ സിവിൽ കോൺട്രാക്ടർ മികച്ച കഴിവ് പ്രകടിപ്പിച്ചു. പല പണികളും ഞാൻ വിചാരിച്ചതിനേക്കാൾ മികവ് പുലർത്തി. കാര്യങ്ങൾ പറഞ്ഞ വ്യവസ്ഥയിൽ പോയതിനാലാണ് നിശ്ചയിച്ച സമയത്തിനു മുമ്പ് പണി തീർന്നതെന്ന് ദാമോദരന്റെ പക്ഷം. തുടങ്ങുമ്പോൾ ആയിരം ദിവസത്തിനകം തീരണമെന്ന തീരുമാനമായിരുന്നെങ്കിലും 779 ദിവസം കൊണ്ട് തീർത്തതിനെ കുറിച്ച് ചോദിച്ചപ്പോൾ, ആത്മസംതൃപ്തി നിറഞ്ഞ വലിയൊരു ചിരിയാണ് ദാമോദരനിൽ കണ്ടത്.

# ഓർമ്മയിൽ ആ തറക്കല്ലിടൽ



എറണാകുളം കരയോഗത്തിന്റെ അതിഥി മന്ദിരം ഭക്തജനങ്ങൾക്കായി തുറക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ സാക്ഷ്യം വഹിച്ച പലരുടെയും മനസ്സിൽ അപ്പോഴും തെളിഞ്ഞുനിന്നത് രണ്ടു വർഷം മുമ്പ് അതേ ഭൂമിയിൽ നടന്ന മറ്റൊരു ചടങ്ങാണ്. അതെ, അതിഥി മന്ദിരത്തിന് തറക്കല്ലിട്ട ചടങ്ങ്. 2017 ഡിസംബർ 14ന് രാവിലെ പതിനൊന്നു മണിക്കാണ് കരയോഗത്തിന് പുറത്ത് പുതിയൊരു സേവന പ്രവർത്തനത്തിന് തുടക്കമിടാൻ എറണാകുളം കരയോഗം കല്ലിട്ടത്. കരയോഗത്തിലെയും പുറത്തുമുള്ള ഭക്തജനങ്ങളുടെയും ആഗ്രഹമായിരുന്നു അതിഥി മന്ദിരം നിർമ്മിക്കുക എന്നത്. ഗുരുവായൂരിൽ എത്തുന്ന ഭക്തജനങ്ങൾക്ക് ആധുനിക സൗകര്യങ്ങളുള്ള വൃത്തിയും ശാന്തതയുമുള്ള ക്ഷേത്രത്തിലേക്ക് നടന്നു പോകാൻ കഴിയുന്ന മിതമായ നിരക്കിൽ തലചായ്ക്കാൻ ഒരിടം - ആ സ്വപ്നത്തിന് ശിലപാകുന്ന ചടങ്ങ്. എറണാകുളത്തുകാരും ഗുരുവായൂരുകാരും പരിസരവാസികളും തിങ്ങി നിറഞ്ഞ സദസിനെ സാക്ഷിയാക്കി കരയോഗം അംഗവുമായ പ്രശസ്ത വ്യവസായി അഡ്വക്കേറ്റ് ശ്രീ. സി.കെ മേനോന്റെ മകൻ ജെ.കെ മേനോനും കരയോഗം പ്രസിഡണ്ട് കെ.പി.കെ മേനോനും ജനറൽ സെക്രട്ടറി പി. രാമചന്ദ്രനും (വേണു) ചേർന്നാണ് തറക്കല്ലിട്ടത്. സി.കെ മേനോനെയാണ് നിശ്ചയിച്ചതെങ്കിലും വിദേശത്ത് തങ്ങേണ്ടി വന്നതിനാൽ എത്തിയിരുന്നില്ല. അദ്ദേഹം ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഈ ചടങ്ങിൽ എത്തുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ വേർപാട് അനുസ്മരിച്ച് സദസിലെ പലരും പറയുന്നത് കേട്ടു. അന്ന് ഗുരുവായൂർ ക്ഷേത്ര തന്ത്രി ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് ദീപ പ്രോജ്ജ്വലനം നടത്തി. തൃശ്ശൂർ എം.പിയായിരുന്ന സി.എൻ. ജയദേവൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അതിഥി മന്ദിരത്തിന്റെ ബ്രോഷർ ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സണായിരുന്ന പ്രോഫ. ശാന്തകുമാരി കൊച്ചി മേയർ സൗമിനി ജെയിന് നൽകി പ്രകാശനം ചെയ്തു. എം.എൽ.എ കെ.പി. അബ്ദുൾ ഖാദർ, എൻ പീതാംബരൻ, എ.എൻ.രാധാകൃഷ്ണൻ തുടങ്ങിയവരെല്ലാം പങ്കെടുത്തിരുന്നു. ചടങ്ങു തീരുമ്പോൾ അതിഥി മന്ദിരത്തിന്റെ ഉൽഘാടനത്തിന് കാണാമെന്ന് പറഞ്ഞവരിൽ ചിലർ ഈ കാലയ

ളവിൽ എന്നന്നേക്കുമായി വേർപിരിഞ്ഞു. ചിലർ വഹിക്കുന്ന സ്ഥാനം ഒഴിഞ്ഞവരായി മാറി. വീണ്ടും വന്നെത്താൻ കഴിഞ്ഞവരാകട്ടെ ചുറ്റുമതിലും വിശാലമായ വഴിയും തലയെടുപ്പുള്ള മന്ദിരവും പാർക്കിങ്ങ് സൗകര്യങ്ങളും ആധുനിക മുറികളുമൊക്കെ കണ്ടപ്പോൾ അത്ഭുതങ്ങളോടെയും ആഹ്ളാദത്തോടെയും സന്തോഷം പങ്ക് വയ്ക്കുന്നത് കണ്ടു. കരയോഗം പ്രവർത്തകർക്കും അംഗങ്ങൾക്കും സ്വന്തം വീടിന്റെ പാൽകാച്ചൽ ചടങ്ങിന് വന്നെത്തിയ അനുഭവം. എന്ന് മുതൽ മുറി ബുക്കിങ്ങ് തുടങ്ങുമെന്ന് അന്വേഷിച്ചവരെയും കണ്ടു. ഇതെല്ലാം കണ്ടും കേട്ടും മനംകുളിർന്ന കരയോഗം ഭാരവാഹികളാണെങ്കിൽ പരക്കം പാഞ്ഞ നീണ്ട രണ്ടു വർഷത്തെ മാനസിക സംഘർഷം ഇറക്കിവെയ്ക്കാൻ കഴിഞ്ഞതിൽ സംതൃപ്തരായി മാറുന്നു, ഒപ്പം അഭിമാനിതരും.

# ഇവരോടൊപ്പം നമുക്കും വിജയഗാഥ പാടാം

രവി കുറ്റിക്കാട്



*കെ.ടി. മോഹനൻ, പി. രാമചന്ദ്രൻ (വേണു), കെ.പി.കെ. മേനോൻ*

ലോകപ്രസിദ്ധ കഥാകാരൻ അലക്സാണ്ടർ ഡ്യൂമയുടെ 'മൂന്നു പോരാളികൾ' (Three Musketeers) എന്ന നോവൽ മൂന്നു പോരാളികളുടെ കഥ പറയുന്നുണ്ട്. അനുഭവ പാഠങ്ങളിലൂടെ അവർ നല്കുന്ന സന്ദേശം 'ഒരാൾ എല്ലാവർക്കും വേണ്ടി എല്ലാവരും ഒരുവനു വേണ്ടി' (One for all, all for one) എന്നതാണ്. ഒരു പ്രശ്നം ചർച്ച ചെയ്യുമ്പോൾ മൂവരും മൂന്നു വ്യത്യസ്ത നിലപാടുകാരാണ്. ശരി തിരിച്ചറിയുമ്പോൾ യോജിപ്പിന്റെ പാതയിലൂടെയാണ് യാത്ര. വിജയം കാണും വരെ ഒന്നിച്ചു പോരാടുന്നവർ.

ഡ്യൂമയുടെ ഈ കഥ ഓർമ്മ വരുന്നത് എറണാകുളം കരയോഗത്തിന്റെ അമരക്കാരായ കെ.പി. കൃഷ്ണമേനോന്റെയും (പ്രസിഡന്റ്) പി. രാമചന്ദ്രന്റെയും (ജനറൽ സെക്രട്ടറി) കെ.ടി മോഹനന്റെയും (ട്രഷറർ) കൂട്ടായ്മ കാണുമ്പോഴാണ്. മൂന്നു ധ്രുവങ്ങളിൽ നിന്ന് വന്നവർ - 14-ാം വയസ്സിൽ കച്ചവടക്കാരനായ ഇളയച്ഛനെ സഹായിക്കാൻ ബ്രോഡ്വെയിൽ എത്തുകയും കഠിനാദ്ധ്വാനം വഴി സ്വന്തമായി ബിസിനസ്സ് ലോകം കെട്ടിപ്പടുക്കുകയും ചെയ്ത, അടുപ്പക്കാർ തങ്കപ്പൻ ചേട്ടൻ എന്നു വിളിക്കുന്ന, കെ.പി. കൃഷ്ണമേനോൻ പതിനൊന്നു വർഷമായി കരയോഗം പ്രസിഡണ്ടായി പ്രവർത്തിച്ചു വരുന്നു. എൺപത്തിയെട്ടാം വയസ്സിലും വിശ്രമമെന്തെന്നറിയാതെ കരയോഗത്തിലെ സേവന - ജീവകാരുണ്യപ്രവർത്തനങ്ങളിൽ വ്യാപൃതനാണ്. 45 വർഷത്തിനപ്പുറമായി കരയോഗത്തിൽ സജീവമായി പ്രവർത്തിക്കുന്ന ജനറൽ സെക്രട്ടറി വേണുവിന് ജീവിതാനുഭവങ്ങളും പ്രായോഗികാനുഭവങ്ങളും നിശ്ചയദാർഢ്യവും ജനസ്വാധീനവുമാണ് കൈമുതൽ. പ്രഗത്ഭ ചാർട്ടേർഡ് അക്കൗണ്ടന്റ് എന്ന നിലയിൽ നഗരത്തിന് സുപരിചിതനായ ട്രഷറർ മോഹനൻ പണം ചിലവഴിക്കുന്ന കാര്യത്തിലെന്നപോലെ സംസാരത്തിലും ലുബ്ധനാണ്. എന്നാൽ മൂവരുടേയും നിഘണ്ടുവിൽ അസാധ്യമെന്ന വാക്കില്ല. വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ കൗതുകം കാണുന്നവർ. അതിനുള്ള ഉദാഹരണങ്ങൾ പലരും പറയുന്നതു കേൾക്കാം. അതിന് അതിഥി

മന്ദിരത്തിന്റെ കഥ തന്നെ ഏറ്റവും നല്ല ഉദാഹരണം.

അതിഥി മന്ദിരത്തിന്റെ പിന്നാമ്പുറം കഥ പറയാം. പദ്ധതിയുടെ ആലോചന വന്നപ്പോൾ വെല്ലുവിളി ആണെന്നും തീക്കളിയാണെന്നും മുന്നറിയിപ്പു നല്കിയവർ ധാരാളം. കുലുക്കമുണ്ടായില്ല. ഒന്നിച്ചിരുന്ന് ചർച്ച തുടങ്ങിയപ്പോൾ മൂന്നു പേരും മൂന്നു തുരുത്തുകളിലായിരുന്നു. കൈവശം പണമില്ലാത്തതിനാൽ വേറെ വഴി ചിന്തിക്കണമെന്ന നിലപാടായിരുന്നു ട്രഷറർ മോഹനന്. അതിന് പല സ്കീമുകൾ നിർദ്ദേശിക്കുകയും ചെയ്തു. ആശയം വിട്ടു കളയണ്ടയെന്നും തുടങ്ങി വെച്ചാൽ വഴിയുണ്ടാകുമെന്നുമുള്ള വാദത്തിലായിരുന്നു കെ. പി. കെ. വെട്ടൊന്ന് മുറി രണ്ട് എന്ന നിലപാടുകാരൻ വേണു പറഞ്ഞു, രണ്ടും കല്പിച്ച് ഇറങ്ങുക തന്നെ, വഴിയുണ്ടാകും. അങ്ങനെ മേൽകീഴ് നോക്കാതെ ഇറങ്ങിയ അനുഭവം വേണു വിശദീകരിച്ചു. ഒമ്പതു പതിറ്റാണ്ടു മുമ്പ് പണിതതാണ് ടി. ഡി. എം. ഹാൾ. വർഷാവർഷം ചോർച്ച അടയ്ക്കലും അറ്റകുറ്റ പണികൾ നടത്തി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും കാലത്തിനനുസരിച്ച സൗകര്യങ്ങളോ മുഖച്ഛായ മാറ്റലോ ഉണ്ടായില്ല. രണ്ടായിരാമാണ്ടിൽ ചെറുപ്പക്കാരുടെ ഒരു സംഘം ഭരണത്തിൽ വന്നതോടെ അടിസ്ഥാന മാറ്റത്തിന് തുടക്കമിട്ടു. കരയോഗത്തിൽ നവോത്ഥാനം അപ്പോൾ തുടങ്ങിയെന്നാണ് എന്റെ വിശ്വാസം. 2001 – ൽ ടി.ഡി.എം. ഹാളിനും കരയോഗത്തിനും പുതിയ മുഖച്ഛായ വന്നു – ഇന്നു കാണുന്ന ടി.ഡി. എം. ഹാൾ കോംപ്ലക്സ്. ഓഫീസ് മുറിക്ക് കോർപ്പറേറ്റ് ഓഫീസിന്റെ ഹൈടെക് ഭാവം കണ്ട് അന്തം വിട്ടവരുണ്ട്. ഒരു ഇഞ്ചു സ്ഥലം പോലും പാഴാക്കാതെ കോംപ്ലക്സ് നിർമ്മാണം നടന്നതോടെ ചെറുതും വലുതുമായ പതിനൊന്നു ഹാളുകളുണ്ടായി. ഒന്നര കോടി ചിലവായി. അന്ന് കൈയ്യിൽ പണമുണ്ടായിരുന്നില്ല. തുനിഞ്ഞിറങ്ങിയപ്പോൾ പണമുണ്ടായി. ഇന്നാണ് ഈ പണി നടന്നിരുന്നതെങ്കിൽ അന്ന് ചെലവായതിന്റെ ഇരട്ടിയുടെ ഇരട്ടി ചെലവാക്കേണ്ടി വന്നേനെ. ഇക്കാര്യത്തിൽ നമുക്കൊരു സംതൃപ്തി കൂടിയുണ്ട്. പൂർവ്വിക സ്വത്ത് കാലത്തിനനുസരിച്ച് അവശ്യം വിനിയോഗിക്കുവാനും കൂടുതൽ വരുമാനമുണ്ടാക്കുവാനും അതുവഴി സേവന പ്രവർത്തനങ്ങൾക്ക് കൂടുതൽ പണം ചെലവഴിക്കാനും കഴിഞ്ഞത് നിസ്സാരമായി കരുതാനാവില്ല. വേണുവിന്റെ ഈ വിശദീകരണത്തോടെ ചർച്ചകൾക്ക് വിരാമമായി. മൂവരും യോജിപ്പിന്റെ പാതയിലേക്കായി.

കാര്യങ്ങൾ ഉഷാറായി. ഭരണസമിതിയോഗത്തിന്റെയും പൊതുയോഗത്തിന്റെയും ഏകകണ്ഠമായ അനുമതി ലഭിച്ചതോടെ ഗുരുവായൂരിൽ സ്ഥലം കണ്ടെത്താനും പണിക്ക് ടെൻഡർ വിളിക്കാനും പണി തുടങ്ങാനും തറക്കല്ലിടാനുമൊക്കെ ഇവർ കാണിച്ച ഉത്സാഹം ന്യൂജെന്ന് അസൂയ ഉണ്ടാക്കും വിധമായിരുന്നു.

കഴിഞ്ഞ രണ്ടു വർഷം ആഴ്ചയിൽ രണ്ടോ മൂന്നോ വട്ടം മൂന്നു പേരും ഗുരുവായൂരിലേക്ക് മാറി മാറി യാത്ര ചെയ്തു. തിരിച്ചു വന്നാൽ കരയോഗത്തിന്റെ ദൈനംദിന കാര്യങ്ങൾ നോക്കണം. വേണുവിനാണെങ്കിൽ ഓഫീസ് മുറിയിൽ കയറിയാൽ ക്യാമറുമായി ലിങ്കു ചെയ്ത ടി വിയിൽ ഗുരുവായൂരിൽ നടക്കുന്ന പണി കാണലാണ് . എന്തെങ്കിലും സംശയം തോന്നിയാൽ വർക്ക് സൈറ്റിലേക്ക് വിളി. അല്ലെങ്കിൽ ഗുരുവായൂരിലേക്ക് യാത്ര. ഗസ്റ്റ് ഹൗസിന്റെ പണി പൂർത്തിയാക്കാൻ ആയിരം ദിവസമാണ് നിശ്ചയിച്ചിരുന്നത്. അതിനു മുമ്പ് പണി തീരുമോ എന്ന കണക്കു കൂട്ടി കലണ്ടറിൽ തീയതി വെട്ടി നോക്കലായിരുന്നു കെ. പി. കെ ചെയ്തിരുന്നത്. സി. എ. ഓഫീസിലെ പണിതിരക്കിനിടയിൽ ഇടയ്ക്ക് കരയോഗത്തിലേക്ക് ഓടിയെത്തി ഗസ്റ്റ് ഹൗസ് പണിയുടെ കണക്ക് തിട്ടപ്പെടുത്തുന്ന മോഹനനായിരുന്നു ടെൻഷൻ കൂടുതൽ. കരാറുക്കാർക്ക് ഗഡുക്കളായി പണം കൊടുത്തു തീർക്കുമ്പോൾ ശേഖരം കാലിയാകുമല്ലോ എന്ന വേവലാതി ഉണ്ടാകുമ്പോൾ മറ്റ് രണ്ടു പേർ ആത്മധൈര്യം കൊടുത്തു.



ജസ്റ്റിസ് ആർ. ഭാസ്ക്കരൻ, വേണുഗോപാൽ സി ഗോവിന്ദ്, എൻ. വേണുഗോപാൽ, ഡോ. ഹരിഹരൻ, കെ. ജനാർദ്ദനൻ, രവി കുറ്റിക്കാട്, ടി പി ശ്രീകുമാർ, ടി ശിവദാസൻ നായർ, കെ.ടി. മോഹനൻ, പി. രാമചന്ദ്രൻ (വേണു), കെ പി കെ മേനോൻ,

മൂവരും നടുനിവർത്തിയത് ഈ ജനുവരി മദ്ധ്യത്തോടെയാണ്. പണി മുക്കാലും തീർന്നു. കഷ്ടി രണ്ടാഴ്ചത്തെ മിനുക്കു പണികളേ വേണ്ടൂ. ഉദ്ഘാടന ദിവസവും കൂടി കണക്കു കൂട്ടിയപ്പോൾ 779 ദിവസം. പരസ്പരം ആഹ്ളാദം പങ്കു വെച്ചു. ഉദ്ഘാടന തീയതി നിശ്ചയത്തോടെ ഇവർ കായികതാരങ്ങളുടെ ആവേശത്തോടെ ഫിനിഷിങ്ങിലേക്ക്..........

ഉദ്ഘാടനം കഴിഞ്ഞ ഉടനെ വേദിയിൽ നിന്നിറങ്ങിയ മൂവരോടും മാറി മാറി ചോദിച്ചു ഇനിയെങ്കിലും തുറന്നു പറയുമോ 'നിങ്ങൾ തൃപ്തരായോ'. പത്രപ്രവർത്തകന്റെ കൗതുകത്തോടെയുള്ള ചോദ്യത്തിന് ആദ്യം വേണുവാണ് മറുപടി പറഞ്ഞത്. 'ഉദ്ഘാടനത്തിന്റെ ആ തിരിതെളിയിക്കൽ ചടങ്ങില്ലേ, ആ ഒരു നിമിഷം. അതെന്റെ നിർവൃതിയുടെ നിമിഷമാണ്. ഇതിനു വേണ്ടിയാണ് കഴിഞ്ഞ രണ്ടു വർഷം ഓടി നടന്നത്. അതുമതി ഞാൻ ആഹ്ളാദിച്ചു. ഇനി എന്റെ മനസ്സിൽ ഇതു സംബന്ധിച്ച ഭൂതഭാവി ചിന്തകളില്ല. മറ്റുള്ളവർ നയിച്ചോളും.'

അദ്ധ്വാനത്തിന് ഫലം കണ്ടതിലുള്ള ഉള്ളു തുറന്ന ചിരിയായിരുന്നു കെ. പി. കെ. യുടെ ആദ്യ മറുപടി. ലോകപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂർ സന്നിധാനത്തിൽ കരയോഗത്തിന്റെയും പേര് എഴുതി ചേർക്കാൻ കഴിഞ്ഞതിൽ മറ്റുള്ളവരെപ്പോലെ ഞാനും അതീവ സന്തോഷവാനാണ്. നിശ്ചിത സമയത്തിനു തന്നെ പണി തീർന്നതിൽ ഭഗവാന്റെ അനുഗ്രഹമുണ്ട്. പൂർവ്വികരുടെ സദ്പ്രവൃത്തികളുടെ അനന്തരഫലം.

'രണ്ടു കൊല്ലത്തെ ടെൻഷൻ താഴെ ഇറക്കി വെച്ച ആശ്വാസമാണ് മോഹനന്. യാതൊരു വിഘ്നവും കൂടാതെ അനുസ്യൂതം പണി നടക്കുകയും വിചാരിച്ച കാര്യങ്ങളൊക്കെ തടസ്സമില്ലാതെ പോകുകയും ചെയ്തതിന് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ബഡ്ജറ്റ് അനുസരിച്ചു തന്നെ പോയി. ഇടയ്ക്ക് കമ്പിക്കും സിമിന്റിനും 15% വില കൂടുകയും ചില ഐറ്റങ്ങൾക്ക് വില വർദ്ധിക്കുകയും അനുബന്ധ സാമഗ്രികൾ വാങ്ങിക്കേണ്ടി വരികയും ചെറിയ പണികൾ നടത്തേണ്ടി വരികയും ചെയ്തതിനാൽ ബജറ്റിൽ ചെറിയ വർദ്ധന ഉണ്ടായിട്ടുണ്ട്. അദ്ധ്വാനത്തിന് ഫലം കണ്ടതിൽ ആഹ്ളാദത്തിന് അതിരില്ല. ഗസ്റ്റ് ഹൗസിന്റെ പണി തുടങ്ങുന്നതിനുമുമ്പ് വിഘ്നങ്ങൾ ഇല്ലാതിരിക്കാൻ ഞങ്ങൾ കരയോഗത്തിൽ സൂക്ഷിക്കുന്ന തിരുപ്പതി ഭഗവാന്റെ പടത്തിനുമുന്നിലെ ഗുണ്ടികയിൽ കാണിക്ക സമർപ്പിക്കാറുണ്ട്. പണിതീർന്നാൽ ഗുണ്ടികയിലെ കാണിക്കയുമായി ഭഗവാന്റെ മുന്നിലെത്തി സമർപ്പിക്കുമെന്ന പ്രാർത്ഥന നിറവേറുകയാണ്.'

ഒരു സ്വപ്നം സഫലമായതിൽ കരയോഗാംഗങ്ങളും ആഹ്ളാദം പങ്കിടുന്നു. അതെ, നമുക്കൊന്നായി വിജയഗാഥ പാടാം.

# ഇനി മനസ്സ് മുഴുവൻ ജന്മശതാബ്ദിയിലേക്ക്





ഇനി അഞ്ചുവർഷം, എറണാകുളം കരയോഗത്തിന്റെ ജന്മശതാബ്ദി ആഘോഷവർഷമാണ് 2025. അതൊരു മഹോത്സവമാക്കി മാറ്റാനും ചരിത്രം രേഖപ്പെടുത്തുന്ന നൂറാം ജന്മദിനം നൂതന പദ്ധതികൾക്ക് തുടക്കം കുറിക്കാനുമുള്ള ശ്രമങ്ങൾ ഇപ്പോഴേ കരയോഗത്തിന്റെ ചിന്തയിൽ ഉദിച്ചു. ഏറെ പ്രശംസ പിടിച്ച് പറ്റിയ നിലവിലുള്ള സേവന ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കും. ഹൈന്ദവ സമൂഹത്തിനായി ഇന്റർ നാഷണൽ ഹബ് തുടങ്ങാൻ ആലോചനയുണ്ട്. 300 ഏക്കർ സ്ഥലത്ത് വില്ലേജ് മാതൃകയിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങളും അടുക്കള രഹിത വില്ലകളും മെഡിറ്റേഷൻ സെന്ററുകളും ഹൈന്ദവ ആരാധന കേന്ദ്രങ്ങളും സ്ഥാപിക്കാനും ആലോചനയുണ്ട്. രണ്ട് മൂന്നു കൊല്ലത്തിനുള്ളിൽ പുതിയ പദ്ധതികളുടെ പ്രാരംഭനടപടികൾ തുടങ്ങും. അതെ 2025 കരയോഗത്തെ സംബന്ധിച്ച് ചരിത്രം സുവർണ ലിപികളാൽ രേഖപ്പെടുത്തുന്ന അവിസ്മരണീയ വർഷമായിരിക്കും.



ഗുരുവായൂരപ്പന്റെ തിടമ്പ്



ഗുരുവായൂരപ്പന്റെ സ്വർണ്ണക്കോലം



# എന്റെ ഗുരുവായൂരപ്പാ!



എം. ലീലാവതി

വിശ്വപ്രസിദ്ധമായ ഗുരുവായൂരമ്പലത്തിനടുത്ത് ജനിച്ചത് 'ഹന്ത ഭാഗ്യം' എന്നു കരുതുന്നു. ഒരുപാടു കാരണങ്ങളുണ്ട്.

പദാർത്ഥ പ്രപഞ്ചത്തിലെ ചേതനാചേതനകളുടെ ഏത് അവസ്ഥയെയും മനുഷ്യ മനസ്സിന്റെ സിദ്ധിയായ യുക്തിവിചാരത്തിലൂടെ വിവരിക്കാം എന്നാണ് കേവല ഭൗതികവാദികൾ കരുതുന്നത്. ഭൗതികശാസ്ത്രങ്ങളെല്ലാം അത് തെളിയിക്കുന്നുണ്ടെന്നും യുക്തിവാദം നിരീക്ഷിക്കുന്നു. വ്യത്യസ്തമായ എന്തിനെയെങ്കിലും അഭിമുഖീകരിക്കേണ്ടിവന്നാൽ 'യാദൃച്ഛികം' എന്ന വാദത്തെ കൂട്ടുപിടിക്കുന്നു. ഭൗതികവാദത്തിന്റെ വിശ്വവ്യാപ്തിയെ തീർത്തും നിഷേധിക്കാൻ കഴിയുമോ? അഭൗമമായ ചില ശക്തിവിശേഷങ്ങൾ അവ്യാഖ്യേയമായ രീതിയിൽ മനുഷ്യ ജീവിതത്തെ മാത്രം ഭരിക്കുന്നുണ്ടെന്നും തെളിയിക്കാൻ കഴിയുമോ? രണ്ടു ചോദ്യത്തിനും യുക്തിയുടെ ഭാഗത്തുനിന്ന് ഉണ്ടാകാവുന്ന ഉത്തരം നിഷേധാത്മകമായിരിക്കും. എന്നാൽപ്പോലും നിലവിലുള്ള യുക്തിയുടെ ശക്തികൊണ്ടു സ്ഥാപിക്കാവുന്ന നിയമങ്ങൾക്കു വിധേയമല്ലാത്ത രീതിയിൽ പദാർത്ഥത്തിന്റെ സൂക്ഷ്മകണിക

കൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണികാ ഭൗതിക ശാസ്ത്രത്തിനു കണ്ടെത്തേണ്ടി വന്നിട്ടുണ്ട്. എങ്കിലും അത് ഉളവാക്കുന്ന അമ്പരപ്പിനെ മറികടക്കാൻ വേണ്ടിപ്പോലും ഈശ്വരൻ എന്ന ഒരു അഭൗമശക്തിയിൽ വിശ്വസിക്കാൻ ഭൗതികശാസ്ത്രജ്ഞർ ഒരുക്കവുമില്ല.

യുക്തിവിചാരം മനുഷ്യനു മാത്രമുള്ള അന്തരംഗത്തിന്റെ ശക്തികളിലൊന്നാണ്. അതേ അന്തരംഗത്തിനുള്ള മറ്റൊരു ശക്തിയാണ് വിശ്വാസം അഥവാ ഭക്തി. രണ്ടാമത്തേതിനെ മനുഷ്യവംശ മനസ്സിൽ നിന്ന് നിഷ്കാസനം ചെയ്യാൻ യുക്തി വിചാരം ഇന്നേവരെ ശക്തമായിട്ടില്ല. ശാസ്ത്രജ്ഞരിൽ ഒരു വലിയ വിഭാഗം പോലും വിശ്വാസശക്തിയെ നിഷേധിക്കുന്നില്ല. വലിയവലിയ ഉദ്യമങ്ങളിലേർപ്പെടുമ്പോൾ, പരാജയപ്പെട്ടേയ്ക്കുമോ എന്ന ഭീതിയിൽ, വിജയത്തിനു വേണ്ടി, പ്രാർത്ഥനയിലും തദനുസൃതമായ ആചാരാനുഷ്ഠാനങ്ങളിലും മനസ്സുവെക്കുന്നു. ഇത് സൂചിപ്പിക്കുന്നത് യുക്തിക്കെന്നപോലെ ഭക്തിക്കും അവരുടെ ചേതസ്സിൽ ഒരിടമുണ്ടെന്നാണ്.

യുക്തിവാദത്തെ നിഷേധിക്കാതിരിക്കെത്തന്നെ, നിരുപാധികമായ ഭക്തിയെന്ന മനസ്സിദ്ധിയുടെ മൂല്യത്തെയും അംഗീകരിക്കുന്നവരുടെ ഗണത്തിൽപ്പെട്ട ഒരാളാണ് ഇതെഴുതുന്നത്. ശൈശവത്തിൽ ശീലിക്കുകയും സംപുഷ്ടമാക്കുകയും ചെയ്ത വിശ്വാസങ്ങൾ പിന്നീട് മനസ്സിൽ നിന്നു പറിച്ചെറിയാൻ കഴിയാതിരിക്കുകയെന്നത് മനസ്സിന്റെ ഒരു പരിമിതിയാവാം – മരത്തിനു സ്വന്തം വേരുകൾ പറിച്ചകറ്റാനാവാത്തതു പോലെ, ഗുരുവായൂർ ക്ഷേത്രത്തിൽ പതിവായിപ്പോകലും നിഷ്കളങ്കമായ ഭക്തിയോടെ പ്രാർത്ഥിക്കലും നന്നെ കുട്ടിയായിരിക്കെ തന്നെ ശീലിച്ചതാണ്. ഇന്നും അതു പാലിക്കുന്നു. സാമാന്യരായ കുട്ടികൾക്ക് താങ്ങാനാവാത്ത ചില സങ്കടങ്ങൾ നേരിടേണ്ടി വരുമ്പോഴൊക്കെ ഗുരുവായൂരപ്പനോടുള്ള പ്രാർത്ഥനയാണ് പോം വഴിയായിക്കണ്ടത്. സന്താപം വരുമ്പോഴുള്ള പ്രാർത്ഥന സന്തോഷം വരുമ്പോഴും നിർവഹിക്കാൻ ശീലിച്ചു. രണ്ടുവഴികൾ മുന്നിൽ കാണുമ്പോൾ ഏതു തിരഞ്ഞെടുക്കണമെന്ന് നിശ്ചയിക്കാൻ ഗുരുവായൂരപ്പനെ ആശ്രയിക്കുന്നതും ശീലമായി.

മുത്തശ്ശിയമ്മയുടെ കൂടെയാണ് ഗുരുവായൂരിലേക്കു പതിവായിപ്പോയിരുന്നത്. തോടുകളും പാടങ്ങളും താണ്ടിയുള്ള യാത്രയാണ്. രണ്ടുമൂന്നു കിലോമീറ്ററെ ദൂരമുള്ളൂ എങ്കിലും റോഡുകളോ വാഹനങ്ങളോ അന്നില്ല. വർ





ഷക്കാലത്ത് തോടുകളിൽ വെള്ളം നിറഞ്ഞൊഴുകുന്നുണ്ടാവും. എങ്കിലും അതൊന്നും ക്ലേശകരമായിത്തോന്നിയിരുന്നില്ല. കൃഷ്ണാട്ടം കളികാണാൻ രാത്രിയിൽ പോലും മുത്തശ്ശിയോടൊപ്പം പോയി വരാൻ ഉത്സാഹമായിരുന്നു. എട്ടുദിവസം തുടർച്ചയായി കണ്ട് ഒമ്പതാം നാൾ അവതാരം ഒരിക്കൽ കൂടി കാണാൻ പോവും. കൃഷ്ണാട്ടത്തിൽ വേഷം കെട്ടാൻ പോലും മോഹിച്ചു. പെൺകുട്ടികളെ എടുക്കില്ലെന്നും സ്ത്രീ വേഷങ്ങൾ കെട്ടുന്നത് ആൺകുട്ടികളാണെന്നും അറിഞ്ഞപ്പോൾ സങ്കടപ്പെട്ടു.

പഠിക്കുന്നകാലത്ത് വിജയത്തിന്റെ സന്തോഷമല്ലാതെ പരാജയത്തിന്റെ ദുഃഖം ഒരിക്കലും അനുഭവിക്കേണ്ടിവന്നിട്ടില്ല. പ്രാർത്ഥന കേട്ട് ഭഗവാൻ അനുഗ്രഹിച്ചുവെന്ന വിശ്വാസത്തിനു വേരുറച്ചു. എട്ടു കിലോമീറ്റർ രണ്ടുനേരവും നടന്നുകൊണ്ടാണ് ഹൈസ്ക്കൂളിൽ നാലുകൊല്ലം പഠിച്ചത്. (കുന്നംകുളത്ത്) ഗുരുവായൂരിനടുത്തുള്ള ചാവക്കാട് ഹൈസ്ക്കൂളിൽ പഠിക്കാതെ കുന്നംകുളത്തു പോയത് മാസത്തിൽ 2 രൂപ പത്തണ (5 1/4 കയുടെ പകുതി) ലാഭിക്കാനാണ്. (കൊച്ചി രാജ്യത്ത് പെൺകുട്ടികൾക്കു പകുതി ഫീസ്) നടന്നു തളർന്നു വീട്ടിലെത്തിയാൽ രാത്രി പഠിക്കുന്നത് മണ്ണെണ്ണ വിളക്കത്ത്. വൈദ്യുതിയില്ലാത്ത കാലം. രാവിലെ സ്വയം പാകം ചെയ്ത് ഏഴുമണിക്ക് ഊണ് കഴിച്ചു പുറപ്പെട്ടാൽ വൈകുന്നേരം ആറുമണിക്കു തിരിച്ചെത്തും വരെ ഭക്ഷണമില്ല. ഇതൊന്നും പഠിക്കാനുള്ള ഉത്സാഹത്തെ തളർത്തിയില്ല. എന്നും ഒന്നാം സ്ഥാനത്ത് എത്താൻ ഗുരുവായൂരപ്പൻ തുണയ്ക്കുമെന്ന വിശ്വാസം ഉണ്ടായിരുന്നു. എല്ലാ അധ്യാപകരുടെയും സ്നേഹവാത്സല്യങ്ങളും പ്രോത്സാഹനവും എല്ലാ ക്ലേശങ്ങളെയും മറികടക്കാൻ തുണയായി പത്താം ക്ലാസ്സു പരീക്ഷ കഴിഞ്ഞാൽ വിദ്യാഭ്യാസം അവസാനിച്ചു എന്ന അറിവുപോലും ഉത്സാഹത്തെ കെടുത്തിയില്ല. ഉപരിവിദ്യാഭ്യാസമെന്ന സ്വപ്നം വേണ്ടെന്ന് ധനികനായിരുന്ന അച്ഛൻ തീർത്തുരച്ചിരുന്നു. പത്താംക്ലാസു പരീക്ഷയുടെ ഫലം വന്നപ്പോൾ, നല്ല മാർക്കോടെ ജയിച്ചുവെന്നല്ലാതെ കൊച്ചിരാജ്യത്തെ പെൺകുട്ടികളിൽ ഒന്നാംസ്ഥാനത്തെത്തിയെന്നറിഞ്ഞിരുന്നില്ല. ഏറെനാളുകൾക്കു ശേഷം അധ്യാപകർ വീടന്വേഷിച്ചു പിടിച്ച് എത്തി വിവരം പറഞ്ഞു. സ്കോളർഷിപ്പു കിട്ടുമെന്നും കോളേജിലയക്കണമെന്നും അച്ഛനമ്മമാരോടു പറഞ്ഞു. മരുമക്കൾക്ക് ഉണ്ടായിട്ടില്ലാത്ത ഉപരിവിദ്യാഭ്യാസം മക്കൾക്കും വേണ്ടെന്നായിരുന്നു കടുത്ത മരുമക്കത്തായ വിശ്വസിയായ അച്ഛന്റെ നിലപാട്. എന്തുവന്നാലും കോളേജിലയക്കുമെന്നു അമ്മ നിശ്ചയിച്ചു.

ഗുരുവായൂരപ്പന്റെ അനുഗ്രഹമാണ് വലിയ വിജയം നേടിത്തന്നതെന്ന വിശ്വാസം ഉറച്ചു. കോളേജിലും വിജയങ്ങൾ നേടിത്തന്നു. ഇന്റർമീഡിയറ്റ് പരീക്ഷക്ക് ശാസ്ത്രഗ്രൂപ്പിൽ ഒന്നാംറാങ്ക്. തുടർന്നുള്ള പഠനത്തിന് കൂടുതൽ വലിയ സ്കോളർഷിപ്പ്. മലയാളം ബി.എയ്ക്കു ചേരാൻ പ്രിൻസിപ്പാളായിരുന്ന പ്രൊഫ. പി ശങ്കരൻ നമ്പ്യാരുടെ പ്രേരണ. ഒന്നാം റാങ്ക് കിട്ടുമെന്നും പിറ്റേ ദിവസം കോളേജ് ലക്ചററുടെ ജോലി നേടിത്തരാമെന്നും അദ്ദേഹത്തിന്റെ വാഗ്ദാനം. അത് അദ്ദേഹം പാലിച്ചു. ഫലം വന്നപ്പോൾ ബി.എ പരീക്ഷയ്ക്കും ഒന്നാം റാങ്ക് പ്രൈവറ്റ് കോളേജിൽ ലക്ചററായി നിയമനം നേടിത്തന്നത് അദ്ദേഹമാണ് – 1949ൽ. 51ൽത്തന്നെ പ്രൈവറ്റായി എം.എ പരീക്ഷയെഴുതി. ഒന്നാം റാങ്കിൽ ജയിച്ചു. 52ൽ ഗവ. വിക്ടോറിയാ കോളേജിൽ നിയമിതയായി. വിദ്യാഭ്യാസം ഒരു വിജയത്തുടർക്കഥയാക്കിയതും, അനുജന്മാരുടെ വിദ്യാഭ്യാസത്തിന്റെ ചുമതലയേല്ക്കാൻ കഴിയത്തക്കവണ്ണം ജോലികിട്ടിയതും, അതിന് നമ്പ്യാർ മാസ്റ്ററിലൂടെയും മറ്റ് ഗുരുനാഥന്മാരിലൂടെയും വഴിതെളിഞ്ഞതും ഗുരുവായൂരപ്പന്റെ അനുഗ്രഹം തന്നെ. അമ്മയും ഗുരുവായൂരപ്പന്റെ പരമഭക്തയായിരുന്നു.

വിവാഹം, ജീവിതത്തിലെ വലിയൊരു വഴിത്തിരിവാണല്ലോ. അതിൽ തീരുമാനമെടുക്കാൻ കരുത്തുതന്നത് ഗുരുവായൂരപ്പനാണ്. നിർണായകഘട്ടത്തിൽ മനംനൊന്തു പ്രാർത്ഥിച്ചു. അതിനുശേഷം സപ്താഹപാരായണത്തിൽ കേട്ട ഭാഗവത ശ്ലോകം ഇതായിരുന്നു.



സംസാരസിന്ധുമതി ദുസ്തരമുത്തിതീർഷോർ-
നാന്യ പ്ലവോ ഭഗവതഃ പുരുഷോത്തമസ്യ
ലീലാകഥാരസ നിഷേവണമന്തരേണ
പുംസോ ഭവേദ് വിവിധ ദുഃഖദവാർദിതസ്യ

പുരുഷോത്തമസ്യ ലീലാ എന്ന പദസംയോഗം എനിക്ക് ഭഗവാൻ നൽകിയ സന്ദേശമായിത്തോന്നി. വരിയ്ക്കാൻ സന്നദ്ധനായ ആളുടെ പേര് പുരുഷോത്തമൻ. ഭാഗവതപുരാണത്തിൽ ശ്ലോകം പണ്ടേ രേഖപ്പെട്ടിട്ടുണ്ട്. എന്നാൽ അത് ഞാൻ ഉള്ളു ചുട്ടു പ്രാർത്ഥിച്ച സന്ദർഭത്തിൽ കേൾക്കാനിടയായത് ഭഗവദനുഗ്രഹം കൊണ്ടുതന്നെ എന്ന് എനിയ്ക്ക് ഉറപ്പായി. നാല്പത്തൊന്നു കൊല്ലം എന്റെ ഭൗതിക ജീവിതത്തിലെന്നപോലെ ബൗദ്ധിക ജീവിതമായ സാഹിത്യ പരിശ്രമങ്ങളിലും പിന്തുണ നൽകിയ, അന്വർത്ഥനാമാവായ ശീലഗുണങ്ങളുള്ള, ഒരാൾ ഭർത്താവായത് ഭഗവാന്റെ അനുഗ്രഹം കൊണ്ടു മാത്രം.

എന്റെ അമ്മയ്ക്ക് ചാരിതാർത്ഥ്യമുണ്ടാവാൻ വേണ്ടിത്തന്നെയാണ് തീരെ പ്രതീക്ഷിക്കാതെ സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ് ഭഗവാൻ നേടിത്തന്നത്. 72ൽ അമ്മയ്ക്ക് ഗർഭപാത്രം നീക്കം ചെയ്യുന്ന ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് നടത്തി. അമ്മയ്ക്കു സഹായത്തിനു കൂടെ നിന്ന ആ സമയത്താണ് പി.എച്ച്.ഡി പ്രബന്ധത്തിന്റെ അഭിമുഖ പരീക്ഷനടന്നത്. അവാർഡ് വാർത്ത പത്രത്തിൽ വന്നപ്പോൾ അമ്മ ഫലിതം പറഞ്ഞു, "ചികിത്സിക്കുന്ന ഡോക്ടറാവാൻ മോഹിച്ചത് നടന്നില്ലെങ്കിലും ഒടുവിൽ മെഡിക്കൽ കോളേജിൽ വെച്ചു തന്നെ ഡോക്ടറായി!." അന്ന് അമ്മയ്ക്കു കൂട്ടു നില്ക്കുമ്പോഴാണ് ഷോളോഖോവിന്റെ നോവലുകൾ വായിച്ചത്. ഒരു പഠനമെഴുതണമെന്നു പിന്നീടു തോന്നി. ആ പുസ്തകം അവാർഡിനു പരിഗണിക്കപ്പെട്ടത് വലിയൊരു അത്ഭുതമായിരുന്നു. വലതുപക്ഷ കമ്യൂണിസ്റ്റുകാരാണ് പ്രായേണ ആ അവാർഡുകൾ നേടിക്കൊണ്ടിരുന്നത്. ഞാൻ ആ കക്ഷിയിലെ അംഗമോ സഹയാത്രികയോ അല്ലാത്തതുകൊണ്ട് എന്റെ പേര് കക്ഷിനേതാക്കൾ ശുപാർശ ചെയ്യുമായിരുന്നില്ല. അവരാരും അറിയാതെയാണത് സംഭവിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി അച്യുതമേനോന്റെ സെക്രട്ടറിയായിരുന്ന കെ.ഗോവിന്ദപ്പിള്ളയുടെ പത്നിയായ വൈരേലിൽ സുഭദ്ര വാർത്തയറിഞ്ഞപ്പോൾ എന്നോടു പറഞ്ഞു. ആ പുസ്തകം കെ.പി.എസ് മേനോന്റെ ശ്രദ്ധയിൽപ്പെട്ടുവെന്നു കരുതേണ്ടിയിരിക്കുന്നു. അവാർഡു വാർത്ത വന്നതിനു ശേഷം അദ്ദേഹം ഒരു അഭിനന്ദനക്കത്ത് എനിക്കയച്ചതിൽ പുസ്തകം നന്നായിട്ടുണ്ടെന്നു പ്രസ്താവിച്ചിരുന്നു. പ്രഭാത് ബുക്ക്ഹൗസിന്നു പ്രസിദ്ധീകരണയോഗ്യമല്ല എന്ന് പുസ്തകത്തെപ്പറ്റി അഭിപ്രായം രേഖപ്പെടുത്തിക്കൊടുത്തത് പി.ടി.ഭാസ്കരപ്പണിക്കരായതുകൊണ്ട് അവർ പ്രസിദ്ധപ്പെടുത്താൻ തയ്യാറായിരുന്നില്ല. പിന്നീട് തായാട്ടുശങ്കരനാണ് ഗ്രന്ഥശാലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പുസ്തകം പ്രസിദ്ധപ്പെടുത്തിയത്. അന്താരാഷ്ട്ര പ്രാധാന്യമുള്ള ആ അവാർഡ് കിട്ടിയതിൽ അമ്മയ്ക്കുണ്ടായ സന്തോഷം അപാരമായിരുന്നു. ഗുരുവായൂരപ്പൻ തന്റെ ഭക്തയ്ക്ക് നൽകിയ അനുഗ്രഹം എന്ന് അമ്മയുടെ ആനന്ദം കണ്ടപ്പോൾ എനിക്കു വിശ്വാസമുറച്ചു. 77 ൽ അമ്മ നിര്യാതയായി. ഏറ്റവും ഒടുവിൽ ഉച്ചരിച്ച വാക്കുകൾ "എന്റെ ഗുരുവായൂരപ്പാ" എന്നതായിരുന്നു. എന്റെ

യും ഒടുക്കത്തെ വാക്കുകൾ അതാവണേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

രാഷ്ട്രീയ കക്ഷികളുടേയോ സമുദായത്തിന്റെയോ ഏതെങ്കിലും ഗോഡ്ഫാദറുടെയോ ഒന്നും പിന്തുണയില്ലാതെ, എഴുപതിലേറെ വലുതും ചെറുതുമായ അവാർഡുകൾ വന്നു ചേർന്നതു ഭഗവദനുഗ്രഹം കൊണ്ടുള്ള അത്ഭുതമല്ലാതെ മറ്റെന്താണ്! 1987ൽ ഗുരുവായൂരിൽ നാരായണീയ സ്തോത്രകാവ്യത്തിന്റെ നാനൂറാം വാർഷികാഘോഷത്തിന്റെ വേളയിൽ സമ്പൂർണ പാരായണം നടത്തി. അതിലൊരംഗമാവാൻ ശ്രീ. പി.ടി. മോഹനകൃഷ്ണൻ എന്നെയും ക്ഷണിച്ചു. പാരായണം തീർന്നു പുറത്തു കടക്കുമ്പോൾ ഗോപുരദ്വാരത്തിൽ പത്രക്കാർ നിന്നിരുന്നു. എനിക്കാണ് അക്കൊല്ലത്തെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്ന വാർത്ത അറിയിക്കാൻ. അരമണിക്കൂറിനുള്ളിൽ ചെയർമാൻ മോഹനകൃഷ്ണൻ ഒരു അഭിനന്ദന സമ്മേളനം സംഘടിപ്പിച്ചു.

നമ്രാണാം സന്നിധത്തേ സതതമപിപുരസ്തൈ
രനഭ്യ ത്ഥിർതാന -
വ്യത്ഥാർൻ കാമാന ജസ്രം വിതരതി

എന്നു നാരായണീയത്തിൽ ഭഗവാനെ പ്രകീർത്തിച്ചത് ഉദ്ധരിക്കാൻ ഭഗവാൻ എനിക്കു നൽകിയ സന്ദർഭം കവിതാധ്വനി എന്ന തടിയൻ പുസ്തകം കേന്ദ്രസാഹിത്യ അക്കാദമിയുടെ അവാർഡിന് അർഹമാകുമെന്ന് പ്രതീക്ഷിക്കാൻ തരമില്ലായിരുന്നു. 32 കൊല്ലത്തിനു ശേഷം 2019ൽ വാല്മീകിരാമായണ വിവർത്തനത്തിനുള്ള കേന്ദ്രസാഹിത്യ അക്കാദമി അവാർഡും അത്രതന്നെ അപ്രതീക്ഷിതമായിരുന്നു. ഒരാൾക്ക് ഒരു തവണയിലേറെ കൊടുക്കില്ലെന്നായിരുന്നു എന്റെ ധാരണ. വിവർത്തനത്തിന്നുള്ള അവാർഡിന് വേറെ ശാഖയിലെ അവാർഡു തടസ്സമല്ലെന്ന് അറിയുന്നു. 32 കൊല്ലത്തിന്റെ ഇടവേളക്കു ശേഷം ഒരിക്കൽ കൂടി വയസ്സുകാലത്തൊരവാർഡു കിട്ടുകയും സാഹിത്യ അക്കാദമിയുടെ അവാർഡു ലബ്ധിയിൽ കേരളത്തിലൊരു റെക്കോർഡു സ്ഥാപിക്കുകയും ചെയ്തത് ഗുരുവായൂരപ്പന്റെ അനുഗ്രഹം കൊണ്ടുമാത്രമാണ്. പദ്മശ്രീ അവാർഡിനു പിന്നിൽ പ്രവർത്തിച്ച യാദൃച്ഛികതകൾ അത്ഭുതകരം എന്നേ പറയാവൂ. പദ്മശ്രീ അവാർഡിന് കേരളത്തിലെ ഒരു രാഷ്ട്രീയകക്ഷിയും എന്റെ പേർ നിർദേശിക്കാനിടയില്ലെന്ന് ഉറപ്പായിരുന്നതിനാൽ 2007 ൽ അതു വന്നപ്പോൾ ഭഗവാന്റെ ലീല എന്നേ ചിന്തിക്കാൻ കഴിഞ്ഞുള്ളൂ. കേരളത്തിന്റെ പ്രതിനിധികളായി അന്നു കേന്ദ്രത്തിലുണ്ടായിരുന്ന രണ്ടു മന്ത്രിമാരും എന്റെ പേർ നിർദേശിക്കുമായിരുന്നില്ലെന്ന് ഉറപ്പിക്കാൻ അനിഷേധ്യമായ കാരണങ്ങളുണ്ട്. പിന്നെ ആരായിരിക്കും എന്ന പ്രശ്നത്തിന് ഉത്തരം കിട്ടാതെ ഏറെ നാൾ കഴിഞ്ഞു. പുരസ്കാരം സ്വീകരിക്കാൻ ഡൽഹിയിൽ ചെന്നപ്പോൾ രണ്ടു മന്ത്രിമാരും ചടങ്ങിൽ സന്നിഹിതരായിരുന്നു. അവരല്ല പേർ നിർദേശിച്ചതെന്ന് ബോധ്യപ്പെടുകയും ചെയ്തു. ഏറെ നാളുകൾക്കു ശേഷം സത്യനാഥ് എന്ന് പേരുള്ള ഒരു പഴയ ശിഷ്യൻ കാലടിയിൽ ശ്രീശങ്കര സ്മാരകമായ ക്ഷേത്ര സമുച്ചയത്തിന്റെ നിർമാണത്തോടു ബന്ധപ്പെട്ട കാര്യങ്ങൾക്കായി ബോംബെയിൽ നിന്നു വന്നപ്പോൾ എന്നെയും സന്ദർശിച്ചു. അന്നാണ് പ്രഹേളികയുടെ ചുരുളഴിഞ്ഞത്. ബോംബെയിൽ വിഖ്യാതപത്രപ്രവർത്തകനായിരുന്ന രവീന്ദ്രനാഥ് ബഹുജന സമ്മതനും ഉന്നതങ്ങളിൽ അംഗീകാരമുള്ള ആളുമായിരുന്നു. അന്ന് കോൺഗ്രസ് നേതാക്കളിലൊരാളായിരുന്ന എസ്.എം.കൃഷ്ണ മഹാരാഷ്ട്ര ഗവർണറായിരുന്നു. ശ്രീ. രവീന്ദ്രനാഥ് അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്ന ദിവസം പദ്മ അവാർഡുകൾക്കു നിർദേശങ്ങൾ നൽകുന്നതിന്റെ ആലോചനയിലായിരുന്ന അദ്ദേഹം അർഹതയുള്ള ആരെയെങ്കിലും നിർദേശിക്കാനുണ്ടോ എന്നു ചോദിച്ചുവത്രെ. ശ്രീ. രവീന്ദ്രനാഥ് എന്റെ പുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നെന്നും അദ്ദേഹമാണ് പേര് നിർദേശിച്ചതെന്നും സത്യനാഥ് പറഞ്ഞു. രണ്ടുപേർക്കും വ്യക്തിപരമായി ഞാൻ അപരിചിതയാണ്. കണ്ടിട്ടേയില്ലാത്ത ഒരാളുടെ പേരു നിർദ്ദേശിക്കാൻ അവർക്കു തോന്നിച്ചത് ഗുരുവായൂരപ്പൻ തന്നെ. അവർ നിർദേശിച്ചത് പത്മഭൂഷൻ ആയിരുന്നെന്നും അത് പദ്മ ശ്രീയാക്കിയത് പി.എം.ഒ (പ്രധാനമന്ത്രിയുടെ ഓഫീസ്) ആണെന്നും സത്യനാഥ് പറഞ്ഞു. കേരള ഇൻ മുംബൈ എന്ന പ്രസിദ്ധീകരണത്തിൽ. ഈ വസ്തുതകൾ രേഖപ്പെടുത്തിയിട്ടുള്ളതു കൊണ്ടാണ് ഇത് എഴുതാൻ ധൈര്യപ്പെടുന്നത്. ഗുരുവായൂരിൽ പിറക്കാനിടയായത് ഭാഗ്യം എന്നു തുടക്കത്തിൽ പറഞ്ഞതു ഉത്തമവിശ്വാസത്തോടെയാണ്.

*(അരനൂറ്റാണ്ടിലധികം സാഹിത്യ നിരൂപണ രംഗത്ത് നിറസാന്നിധ്യമായ ഡോ. എം.ലീലവതി ടീച്ചറോട് എറണാകുളം കരയോഗം ഗുരുവായൂരിൽ നിർമ്മിച്ച അതിഥി മന്ദിരത്തിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് കരയോഗ സൗഹൃദം പുറത്തിറക്കുന്ന പ്രത്യേക പതിപ്പിലേക്ക് ലേഖനം ആവശ്യപ്പെട്ടപ്പോൾ പിറ്റേന്ന് എഴുതിതന്ന ലേഖനമാണിത്.)*•




# ഉത്സവമൊഴിയാത്ത സന്നിധാനം

ഉത്സവമൊഴിയാത്ത സന്നിധാനമെന്നാണ് ഗുരുവായൂരിനുള്ള വിശേഷണം. തിരുത്സവം കുംഭ മാസത്തിലെ പൂയ്യം നക്ഷത്രത്തിൽ കൊടിയേറും. അന്ന് ഉച്ചതിരിഞ്ഞാണ് പ്രസിദ്ധമായ ആനയോട്ടം. ഒരിക്കൽ ഗുരുവായൂർ ക്ഷേത്രത്തിലെ അധികാരിയായിരുന്ന സാമൂതിരി രാജാവും കൊച്ചിരാജാവും തമ്മിൽ ഇടഞ്ഞതിനെ തുടർന്ന് കൊച്ചി രാജാവ് ഉത്സവത്തിന് ഗുരുവായൂർക്ക് ആനയെ അയച്ചില്ലത്രെ. ആ വർഷം തൃക്കണാമതിലകത്ത് നിന്ന (കൊടുങ്ങല്ലൂർ) ഒരാന ഗുരുവായൂരിൽ ഓടി എത്തിയെന്ന് കഥ. ആ ഓർമ്മ പുതുക്കലാണ് ആനഓട്ടം. ഗുരുവായൂരപ്പന്റെ ആനകൾ ധാരാളം പങ്കെടുക്കുന്ന ആനയോട്ടം കാണാൻ ദൂരെദിക്കിൽ നിന്നും പോലും ആയിരങ്ങൾ പങ്കെടുക്കുന്നു. ആനയോട്ടത്തിനു ശേഷമാണ് കൊടിയേറ്റം നടക്കുക.

ഗുരുവായൂർ ക്ഷേത്രത്തിലെ ഉപദേവതയായ ഇടത്തരികത്ത് കാവിലെ പ്രധാന ആഘോഷമാണ് ജനുവരിയിലെ താലപ്പൊലിയും മകരമാസത്തിലെ മകീരം നാളിൽ ശ്രീകൃഷ്ണക്ഷേത്രത്തിലെ ധ്വജ പ്രതിഷ്ഠാദിനവും. കുംഭമാസത്തിലെ അശ്വതി നാളിലെ ഗുരുവായൂർ ദേവസ്വം നടത്തുന്ന പൂന്താനം ദിനവും ഗുരുവായൂരിൽ വൈശാഖകാലത്തു നടക്കുന്ന വെളുത്തപക്ഷത്തിലെ തൃതീയ ബലഭദ്ര ജയന്തി – അക്ഷയതൃതീയ ആഘോഷവും ഉത്സവങ്ങൾ തന്നെ.

വിഷുവിന് ആയിരങ്ങൾ ഗുരുവായൂരപ്പനെ കണികാണാൻ എത്തുന്നു. രാമായണമാസം പ്രഭാഷണ പരമ്പര നടക്കുന്ന കാലമാണ്. കർക്കിടക മാസം രാമായണമാസമായി ദേവസ്വം ആഘോഷിക്കുന്നു. പണ്ഡിതരുടെ രാമായണ പ്രഭാഷണ പരമ്പര നടക്കും. ഇല്ലംനിറയുടെ ഭാഗമായി പുതുവത്സരത്തിൽ ആദ്യമായി കൊയ്തു കൊണ്ടുവരുന്ന കറ്റകൾ ക്ഷേത്രത്തിൽ കൊണ്ടു വന്നു പൂജിക്കും. നിറകതിരുകൾ ഭക്തർ പ്രസാദമായി സ്വീകരിക്കും. പുതുവർഷത്തിൽ ആദ്യമായി കൊയ്തെടുത്ത നെല്ലിന്റെ അരി ഉപയോഗിച്ച് ഗുരുവായൂരപ്പന് പുത്തരി പായസം നിവേദിക്കുന്നത് പുത്തരി എന്ന പേരിൽ അറിയപ്പെടുന്നു. തിരുവോണം വാമനമൂർത്തിയുടെ ജന്മദിനമാണ്. ചിങ്ങമാസത്തിലെ തിരുവോണത്തിന്റെ തലേദിവസം നടക്കുന്ന ഉത്രാട കാഴ്ചക്കുല സമർപ്പണം പ്രധാന ചടങ്ങാണ്.

അഷ്ടമി രോഹിണി ഗുരുവായൂരിലെ പ്രധാന വിശേഷ ദിവസമാണ്. ഭഗവാൻ അവതരിച്ച പുണ്യദിനമായ അഷ്ടമി രോഹിണി. അന്ന് ക്ഷേ





ത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്കെല്ലാം ദേവസ്വം പിറന്നാൾ സദ്യയൊരുക്കുന്നു. ഭാഗവത സപ്താഹയജ്ഞത്തിന്റെ ശ്രീകൃഷ്ണാവതാരപാരായണം ഈ സുദിനത്തിലാണ് പതിവ്. പാൽപ്പായസവും, അപ്പവുമാണ് വിശേഷാൽ വഴിപാട്. നവരാത്രിക്കാലത്ത് ഗുരുവായൂരിൽ പൂജവെപ്പും, വിദ്യാരംഭവും നടക്കുന്നു.

കൃഷ്ണനാട്ടം എന്ന ക്ഷേത്ര കലയ്ക്ക് ആധാരമായ കൃഷ്ണഗീതി എന്ന സംസ്കൃത കൃതി ഗുരുവായൂരപ്പന് മാനവേദൻ സാമൂതിരിപ്പാട് സമർപ്പിച്ചതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും തുലാം 30ന് കൃഷ്ണഗീതി ദിനമായി ആഘോഷിക്കുന്നു.

ഏകാദശി ഏറ്റവും പ്രധാനമായ ആഘോഷമാണ്. വൃശ്ചിക മാസത്തിലെ വെളുത്ത പക്ഷത്തിലുള്ള ഗുരുവായൂർ ഏകാദശി. ഒരു മാസം മുന്നെ ഏകാദശി വിളക്ക് തുടങ്ങും.

ഏകാദശിയോടനുബന്ധിച്ച് നടക്കുന്ന ചെമ്പൈ സംഗീതോത്സവത്തിൽ ആയിരക്കണക്കിന് സംഗീത വിദ്വാന്മാരും, സംഗീത വിദ്യാർത്ഥികളും സംഗീതാർച്ചനയിൽ പങ്കെടുക്കുന്നു.


ഗജരാജൻ ഗുരുവായൂർ കേശവൻ ഭഗവാന്റെ തൃപ്പാദങ്ങളിൽ വിലയം പ്രാപിച്ചത് 1976 ഏകാദശി നാളിലായിരുന്നു. ദശമി ദിവസം ഗുരുവായൂർ ദേവസ്വം ഗജരാജൻ അനുസ്മരണം പതിവായി നടത്തുന്നു. വിശേഷാൽ ആനയൂട്ടും ഇതിന്റെ ഭാഗമായി നടക്കും.

ഏകാദശി ദിവസം ക്ഷേത്രത്തിലെ കൂത്തമ്പലത്തിൽ ഗീത പാരായണം, ഗീത പ്രഭാഷണം എന്നിവയോടെ ഗീതാദിനം ആഘോഷിക്കുന്നു. ദ്വാദശി ദിവസം ബ്രഹ്മമുഹൂർത്തത്തിൽ കൂത്തമ്പലത്തിൽ ഭക്തർ ദ്വാദശി പണം വിശിഷ്ട ബ്രാഹ്മണർക്ക് ദക്ഷിണയായി സമർപ്പിക്കും.

ലോകത്തിൽ ഒരു ഗ്രന്ഥത്തിന്റെ പിറന്നാൾ എവിടെയെങ്കിലും ആഘോഷിക്കുന്നുണ്ടെങ്കിൽ അത് ഗുരുവായൂരിലാണ്. മേൽപ്പത്തൂർ നാരായണീയം എഴുതി ഗുരുവായൂരപ്പന് സമർപ്പിച്ച വൃശ്ചികം 28 നാരായണീയദിനമായി ആഘോഷിക്കുന്നു.

ധനുമാസത്തിലെ ആദ്യ ബുധനാഴ്ച കുചേലദിനാഘോഷ ദിനമാണ്. ഈ ദിനത്തിൽ ഗുരുയൂരപ്പന് അവിൽ നിവേദ്യം നടത്തുന്നു. മണ്ഡലക്കാലത്ത് 41 ദിവസമാണ് കളകാഭിഷേകം. മണ്ഡലാരംഭത്തിൽ തുടങ്ങുന്ന പഞ്ചഗവ്യാഭിഷേകത്തിന്റെ സമാപനവും കളഭാഭിഷേകത്തോടെയാണ്. വർഷത്തിൽ ഒരിക്കൽമാത്രമാണ് ഗുരുവായൂർ ക്ഷേത്രത്തിൽ കളഭാഭിഷേകം നടത്തുന്നത്.





# ചരിത്രത്തിൽ നിന്ന് ചില ഏടുകൾ

1638 : ഗുരുവായൂർ ശ്രീകോവിൽ പുനർ നിർമ്മിതി

1716 : ഡച്ചുകാർ ക്ഷേത്രം കൊള്ള ചെയ്തു

1747 : പടിഞ്ഞാറെ ഗോപുരം പണിക്കവീട്ടിൽ ഇട്ടിരാരിച്ച മേനോൻ പുതുക്കി പണിതു.

1756 : ഡച്ചുകാർ തൃക്കണാ മതിലകം അമ്പലം ആക്രമിച്ചു

1757 : ഗുരുവായൂർ അമ്പലത്തിന്റെ മേൽനോട്ടം വഹിക്കുന്ന ട്രസ്റ്റിയായി സാമൂതിരിയും ഉപട്രസ്റ്റിയായി മല്ലീശരിയുമായി

1766 : ഹൈദരാലി ഗുരുവായൂർ ആക്രമിച്ചു.

1789 : ടിപ്പുവിന്റെ ആക്രമണകാലത്ത് മൂലവിഗ്രഹവും ഉത്സവ വിഗ്രഹവും അമ്പലപ്പുഴയിലേക്ക് മാറ്റി.

1792 : ബ്രിട്ടീഷ് സഹായത്തോടെ സാമൂതിരി ടിപ്പുവിനെ തോല്പിച്ച ശേഷം വിഗ്രഹങ്ങൾ തിരികെ കൊണ്ടുവന്നു.

1825-92 : അമ്പലം കോടതിയുടെ മേൽനോട്ടത്തിൽ തിരികെ കൊണ്ടുവന്നു.

1836 : പ്രധാന കവാടത്തിൽ ദീപസ്തംഭം സ്ഥാപിച്ചു

1841 : മദിരാശി സർക്കാർ അമ്പലത്തിനുള്ള ഗ്രാന്റ് പുനഃസ്ഥാപിച്ചു

1842 : കിഴക്കെ ഗോപുരം പണിതു

1859 ; ശ്രീകോവിലും മണ്ഡപവും ചെമ്പ് പൊതിഞ്ഞു

1889 : ട്രസ്റ്റികൾ തമ്മിലുള്ള തർക്കം മൂലം ഒരാഴ്ച അമ്പലം അടച്ചിട്ടു.

1892 : ചുറ്റമ്പലം, വിളക്കുമാടം, കൂത്തമ്പലം പുതുക്കിപ്പണിതു

1900 : വലിയ മണി സ്ഥാപിച്ചു, പത്തായപ്പുര പുതുക്കി.

1911 : കിഴക്കെ ഗോപുരത്തിലെ ദീപസ്തംഭം ചേറ്റൂർ ശങ്കരൻ നായർ സ്ഥാപിച്ചു.

1927 : സാമൂതിരിക്ക് കോടതിയിൽ നിന്ന് ഭരണാധികാരം തിരികെ ലഭിച്ചു.

1930 : മദിരാശി ഹൈക്കോടതിയുടെ നേതൃത്വത്തിൽ ഭരണസമിതി രൂപീകരിച്ചു.

1932 : ഗുരുവായൂർ സത്യഗ്രഹത്തെ തുടർന്ന് 12 ദിവസം തുടർച്ചയായി അമ്പലം അടച്ചിട്ടു

1946 : എല്ലാ ഹിന്ദുക്കൾക്കും അമ്പലത്തിൽ പ്രവേശനം അനുവദിച്ചു

1952 : കൊടിമരം സ്വർണത്തിൽ പൊതിഞ്ഞു

1970 : അമ്പലം കത്തി നശിച്ചു.

1971 : ഗുരുവായൂർ ദേവസ്വം ഭരണം കേരളസർക്കാർ ഏറ്റെടുത്തു

1974 : അഗ്നിബാധയിൽ നശിച്ച അമ്പലം പുതുക്കി പണിതു.

1978 : 1971 ലെ ദേവസ്വം നിയമം കേരള നിയമസഭയിൽ ഭേദഗതി പാസാക്കി

*റഫറൻസ് :*

*കേരളസംസ്കാര ചരിത്ര നിഘണ്ടു, ക്ഷേത്രവിജ്ഞാനകോശം എന്നീ പുസ്തകങ്ങൾ*

# തിരക്കുകൾക്കിടയിലെ കാഴ്ചകൾ



തിരുപ്പതി, പുരിജഗനാഥ്, ബദരിനാഥ് എന്നി പ്രസിദ്ധ ക്ഷേത്രങ്ങൾക്കൊപ്പം ഭക്തജന തിരക്കേറിയ ക്ഷേത്രമാണ് ഗുരുവായൂരിലെ ശ്രീകൃഷ്ണ ക്ഷേത്രം. കടൽ തീരസ്ഥലം എന്ന അർത്ഥത്തിൽ കുരവൈ (കടൽ) ഊർ ആണ് ഗുരുവായൂരായതെന്ന് ചില ഭാഷാ ചരിത്ര ഗവേഷകർ പറയുന്നു. അതല്ല കുരവൈകുന്ന് ആയിരുന്ന കുരവൈഊർ ആണ് ഗുരുവായൂരായതെന്ന് മറ്റൊരുപക്ഷം. ആദ്യപേർ അംബാപുരം എന്നാണെന്നും അമ്മയൂരാണ് മമ്മിയൂരായതെന്നും ക്ഷേത്രം ആദ്യം ഈ ഭഗവതിയുടെതായിരുന്നു എന്നും ഐതിഹ്യം. കോകസന്ദേശത്തിൽ ഗുരുവായൂരിനെ കുരുവയൂർ എന്ന് വിളിച്ചിരുന്നു. പഴയ രേഖകളിൽ കരവയ്യൂർ എന്ന് പറയുന്നുണ്ടത്രെ. മേൽപ്പത്തൂർ നാരായണീയത്തിലേക്ക് പറ്റുന്ന വിധം കുരുവായൂരിനെ ഗുരുവായൂപുരമാക്കി എന്നും പറയുന്നു. ഇങ്ങനെ കഥകളും ഐതിഹ്യങ്ങളും ധാരാളം. ശ്രീകൃഷ്ണാവതാരസമയത്ത് വസുദേവർക്കും ദേവകിക്കും കാരാഗൃഹത്തിൽ ദർശനം നൽകിയ മഹാവിഷ്ണുവിന്റെ രൂപമാണ് വിഗ്രഹത്തിലുള്ളത് എന്ന് പറയുന്നു. ഇതു കൊണ്ടാകാം ഗുരുവായൂരപ്പനെ ഉണ്ണികൃഷ്ണനായി കണ്ടു വരുന്നത്. പാതാളാഞ്ജനം എന്ന വിശിഷ്ടശിലയിൽ തീർത്തതാണ് വിഗ്രഹം.

കിഴക്കോട്ട് ദർശനമായി നിൽക്കുന്ന രൂപമാണ് പ്രതിഷ്ഠ. വലതുകൈയിൽ പദ്മം ഇടതുകൈയ്യിൽ ഗദ, പിന്നിലെ വലതുകൈയ്യിൽ ചക്രവും ഇടതു കൈയ്യിൽ ശംഖും.

പൂന്താനവും മേല്പ്പത്തൂരുമായി ബന്ധപ്പെട്ടും ഒരു പാട് കഥകൾ ഉണ്ട്. ശ്രീകൃഷ്ണൻ ദ്വാരകയിൽ പൂജിച്ചിരുന്ന വിഷ്ണുവിഗ്രഹം യദുവംശം നശിച്ചപ്പോൾ ദേവഗുരു ബൃഹസ്പതിയും വായുവും കൂടി എടുത്തു കൊണ്ടുവന്ന് ഇന്നത്തെ ഗുരുവായൂരപ്പൻ വാഴുന്ന സ്ഥലത്ത് പ്രതിഷ്ഠിച്ചുവത്രെ.ആ വഴിക്കു ഗുരുവും വായുവും ചേർന്നുണ്ടായ ഊർ ഗുരുവായൂരായിയെന്നും പറയുന്നു.

ഭൂലോക വൈകുണ്ഠമെന്നും ഗുരുപവനപുരമെന്നും ദക്ഷിണേന്ത്യയിലെ ദ്വാരകയെന്നും ഭക്തജനങ്ങൾ വിശ്വസിക്കുന്നു.








# ഗുരുവായൂരിലെ നിത്യപൂജാക്രമം

ഗുരുവായൂരിൽ 3 മണിയ്ക്ക് നട തുറക്കും. രാത്രി 10 ന് അടയ്ക്കും. സാധാരണ ദിവസങ്ങളിൽ അഞ്ച് പൂജകളും, മൂന്നു ശീവേലിയും ഉണ്ട്. ഉദയാസ്തമന പൂജയുണ്ടെങ്കിൽ ആകെ ഇരുപത്തിയൊന്നു പൂജ വരും. അന്ന് വിളക്കു കഴിഞ്ഞ് നട അടയ്ക്കുമ്പോൾ അർദ്ധരാത്രിയാകും.

**സാധാരണ ദിവസം**

കാലത്ത് 3 ന് : നടതുറക്കൽ
3.10 ന് : നിർമ്മാല്യ ദർശനം
3.45 വരെ : എണ്ണ അഭിഷേകം, വാകച്ചാർത്ത്, ശംഖാഭിഷേകം
4.05 ന് : മലർ നിവേദ്യം, മുഖാലങ്കാരം
4.30 ന് : ഉഷ നിവേദ്യം
4.45–6.15 വരെ : ദർശനം, എതിരേറ്റു പൂജ, തുടർന്ന് ഉഷപൂജ
6.15 – 7.15 : ദർശനവും ശീവേലിയും
7.15 – 9.00 : പാലഭിഷേകം, നവകാഭിഷേകം, പന്തീരടി നിവേദ്യം – പൂജ
9.00 മുതൽ 11.30 വരെ : ദർശനം
11.30 – 1.00 : നിവേദ്യം – ഉച്ചപൂജ
ഉച്ചപ്പൂജക്കു ശേഷം നട അടയ്ക്കൽ
4.30 ന് : നടതുറക്കൽ
4.30 – 6.15 : ശീവേലി, ദർശനം
6.15 – 8.15 : ദർശനം, നിവേദ്യം, അത്താഴപ്പൂജ
8.30 – 9.00 : അത്താഴശ്ശീവേലി
9.00 – 9.15 : തൃപ്പുക, ഓലവായന

(ശ്രീകോവിലിൽ അഷ്ടഗന്ധം പുകയ്ക്കൽ – പത്തുകാരൻ വാരിയർ അന്നത്തെ കണക്ക് നടയ്ക്കൽ നിന്ന് വായിച്ച് ഭഗവാനെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഓലവായന എന്നു പറയുന്നത്)

9.15 നട അടയ്ക്കൽ (വിളക്കുള്ള ദിവസം അതു കഴിഞ്ഞേ തൃപ്പുക പതിവുള്ളൂ) തൃപ്പുക കഴിഞ്ഞ്

നട അടച്ചാൽ ഭക്തന്മാരുടെ വക വഴിപാടായി കൃഷ്ണനാട്ടം ഉണ്ടാകും. ഉദയാസ്തമന പൂജയുള്ള ദിവസങ്ങളിൽ ഉച്ചപ്പൂജവരെയുള്ള പൂജകളുടെ സമയങ്ങളിൽ സാധാരണ ദിവസങ്ങളിൽ നിന്നു മാറ്റമുണ്ടാവും.

## ഗുരുവായൂർ വഴിപാടുകൾ

പാൽപ്പായസം
നെയ്പ്പായസം
ശർക്കരപ്പായസം
വെള്ള നിവേദ്യം
അപ്പം
അട
അവിൽ
തൃമധുരം
വെണ്ണനിവേദ്യം
പഴം, പഞ്ചസാര
ഉണ്ടമാല
തിരുമുടിമാല
നിറമാല
വലിയ നിറമാല
ചോറൂൺ
ഭഗവതി അഴൽ
നെയ്ജപം
കേളിക്കയ്യ്
അർച്ചന പുരുഷസൂക്തം
അഷ്ടോത്തര അർച്ചന
കളഭം (പാക്കറ്റ്)
നെയ് വിളക്ക് (മിനിമം)
ശ്രീകോവിൽ നെയ് വിളക്ക്
താലി പൂജ
എണ്ണ അഭിഷേകം
മലർ നിവേദ്യം
വിവാഹം
അഷ്ടപദി (1 അധ്യായം)
ഗീത (1 അധ്യായം)
ഭാഗവതം (1 അധ്യായം)
ഭാഗവത സപ്താഹം
നാരായണീയം (1 ദശകം)
ഗണപതി അർച്ചന
ശാസ്താ അർച്ചന
ലളിതസഹസ്രനാമം
പാലട പ്രഥമൻ
ഇരട്ടിപ്പായസം
നമസ്ക്കാരം (സുമാർ)
അത്താഴം (സുമാർ)
ഉദയാസ്തമന പൂജ
അഹസ്സ്
ചുറ്റുവിളക്ക് (മുൻകൂർ ബുക്കിങ്ങിന്)
ഭഗവതി ചുറ്റുവിളക്ക്
കൃഷ്ണനാട്ടം കളി
കൃഷ്ണനാട്ടം സ്വർഗ്ഗാരോഹണം
ശബരിമലക്ക് മാലയിടൽ
ശബരിമലക്ക് കെട്ടുനിറ
തുലാഭാരം - തട്ടിൽപണം
ആനയൂട്ട്
ഗോപൂജ
ഗോപ്രീതി
ആനസംരക്ഷണം
ആൾരൂപം
പ്രസാദ ഊട്ട്



വാഹനപൂജ
ബസ്, ലോറി
കാർ, ജീപ്പ്
ഓട്ടോ റിക്ഷ, മോട്ടോർ സൈക്കിൾ
വിദ്യാരംഭം
സപ്തശുദ്ധി അഭിഷേകം
സപ്തശുദ്ധി അഭിഷേകം (മിനിമം)
വേദ പാരായണം
ഗായത്രീനെയ്ജപം
ചുറ്റമ്പലം തെളിയിക്കൽ
നാലമ്പലം വിളക്കുവെപ്പ്
പലകപ്പുറം തെളിയിക്കൽ
ദീപസ്തംഭം തെളിയിക്കൽ
ശാസ്ത്രാ ചുറ്റുവിളക്ക്
പാലഭിഷേകം
നിവേദ്യക്കൂറ്
കദളി
വെറ്റില അടയ്ക്ക
വിശ്വരൂപം - കൃഷ്ണനാട്ടം
ചന്ദനം (1 ഉരുള)
പ്രത്യക്ഷഗണപതി ഹോമം

വഴിപാടുകളുടെ നിരക്ക് ക്ഷേത്രത്തിൽ നിന്നറിയുക. നിവേദ്യ സാധനങ്ങൾ ശീട്ടാക്കുന്നതും കിട്ടുന്നതുമായ സമയം,

## ടിക്കറ്റ് കൗണ്ടർ

രാവിലെ 4 മണി മുതൽ ഉച്ചപ്പൂജ കഴിഞ്ഞ് നട അടക്കുന്നതുവരെ  വൈകുന്നേരം 5 മണി മുതൽ 8 മണി വരെ

## നിവേദ്യ കൗണ്ടർ

രാവിലെ 5 മണി മുതൽ ഉച്ചപൂജ കഴിഞ്ഞ് നട അടയ്ക്കുന്നതുവരെ വൈകുന്നേരം 5 മണി മുതൽ 9 മണി വരെ

## നിവേദ്യങ്ങൾ

1) മലർ : കാലത്ത് 4 മുതൽ 11 വരെ ശീട്ടാക്കും. പിറ്റേന്ന് കാലത്ത് 5 മുതൽ 11 വരെ ലഭിക്കും.

2) നെയ്പ്പായസം : കാലത്ത് 4 മുതൽ പായസം ഉള്ളതനുസരിച്ച് ശീട്ടാക്കും. വൈകുന്നേരം 6 മുതൽ 9 വരെയും ശീട്ടാക്കും. കാലത്ത് 5 മുതൽ കാലത്ത് 10 വരെയും പിറ്റേന്ന് കാലത്ത് 5 മുതൽ 9 വരെയും ലഭിക്കും.

3) പഴം, പഞ്ചസാര, വെണ്ണ, കളഭം(പായ്ക്കറ്റ്) : കൗണ്ടർ പ്രവർത്തിക്കുന്ന എല്ലാ സമയങ്ങളിലും ശീട്ടാക്കും.

4) പാലട, ഇരട്ടിപ്പായസം : വൈകീട്ട് 5 മുതൽ രാത്രി 9 വരെയും ശീട്ടാക്കും. പിറ്റേന്ന് ഉച്ചപൂജ കഴിഞ്ഞ് നട അടയ്ക്കുന്നതു വരെ കിട്ടും. (സുമാർ 12 മണിക്കും 1 മണിക്കും ഇടയ്ക്ക്)

5) ശർക്കരപ്പായസം, തൃമധുരം : കാലത്ത് 4 മുതൽ 11 വരെ ശീട്ടാക്കും. ഉച്ചപൂജ കഴിഞ്ഞ നട അടയ്ക്കുന്നതു വരെ (സുമാർ 12 നും 1 നും ഇടയ്ക്ക്)

6) പാൽപ്പായസം : കാലത്ത് 4 മുതൽ 11 നും വൈകുന്നേരം 5 മുതൽ 9 വരെയും കിട്ടും.

ചില ദിവസവും രാത്രി അത്താഴപ്പൂജ കഴിഞ്ഞ് സുമാർ 8 മണിയ്ക്കും 8.30 നും ഇടയ്ക്ക് പാൽപ്പായസം കിട്ടുന്നതാണ്. ഇതിന് വൈകുന്നേരം 5 മുതൽ ശീട്ടാക്കാവുന്നതാണ്.

7) അപ്പം, അട, അവിൽ : കാലത്ത് 4 മുതൽ 11 മണി വരെ ശീട്ടാക്കും. രാത്രി നിവേദ്യം കഴിഞ്ഞ് അത്താഴ ശീവേലി തുടങ്ങുന്നതു വരെ ലഭിക്കും.

8) കളഭം ഉരുള ശീട്ടാക്കൽ  : കാലത്ത് 4 മുതൽ 11 മണി വരെയും, വൈകുന്നേരം 5 മുതൽ രാത്രി 9 വരെയും. പിറ്റേദിവസം കാലത്ത് 5 മുതൽ രണ്ടാം ദിവസം കാലത്ത് 5 മുതലും ലഭിക്കും.

9) ഉണ്ടമാല, തിരുമുടിമാല





പുന്നത്തൂർകോട്ടയിലെ ആനത്താവളം

# കാണേണ്ട കാഴ്ചകൾ

ഗുരുവായൂരിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെയുള്ള പുന്നത്തൂർ കോട്ടയിലാണ് ഗുരുവായൂരപ്പന്റെ ഗജസമ്പത്ത്. ഇത്രയേറെ നാട്ടാനകളെ ഒന്നിച്ച് കാണാനുള്ള സൗകര്യം രാജ്യത്ത് ഗുരുവായൂരിൽ മാത്രമാണ്. ഇപ്പോൾ 48 ആനകളുണ്ട്. ആയിരക്കണക്കിന് സന്ദർശകരാണ് ആനത്താവളത്തിൽ ദിവസവും എത്തുന്നത്. ഗുരുവായൂർ പത്മനാഭനാണ് ആനത്താവളത്തിലെ ഗജരാജൻ. പത്ത് ഏക്കർ സ്ഥലത്താണ് ആനത്താവളം. ഗുരുവായൂർ കേശവനും പത്മനാഭനും, ലക്ഷ്മിക്കുട്ടിയും ഒരു കാലത്ത് ആനക്കളരിയുടെ കൗതുകങ്ങളായിരുന്നു. ആനകളിൽ കൊമ്പനും പിടിയും മോഴയും ഉണ്ട്. പുന്നത്തൂർ രാജയുടെ കൊട്ടാരം 1975ൽ ദേവസ്വം വാങ്ങി ആനത്താവളമാക്കുകയായിരുന്നു.

ഗുരുവായൂരപ്പന് വഴിപാടായി ലഭിക്കുന്ന പശുക്കളെ പരിപാലിക്കുന്ന മൂന്ന് ഗോശാലകൾ ദേവസ്വത്തിനുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങാടും, ഗുരുവായൂരിലെ കാവീടുമാണ് പ്രധാന ഗോശാലകൾ. ഗുരുവായൂർ ക്ഷേത്രത്തിന് സമീപത്തും ചെറിയ ഗോശാലയുണ്ട്.

ദേവസ്വം ഭരണ കാര്യാലയം പ്രവൃത്തിക്കുന്നത് ഗുരുവായൂർ തെക്കേ നടയിൽ ശ്രീപത്മം കെട്ടിടത്തിലാണ്. ചുവർചിത്ര പഠനകേന്ദ്രം നടത്തുന്നത് ഗുരുകുല സമ്പ്രദായത്തിൽ വൈജയന്തി കെട്ടിടത്തിലാണ്.

## താളിയോല ഗ്രന്ഥശാല

താളിയോലകളടക്കം അപൂർവ്വ ശേഖരങ്ങളുടെ മികച്ച റഫറൻസ് ലൈബ്രറി ഗുരുവായൂർ ദേവസ്വത്തിനുണ്ട്. ദേവസ്വത്തിന് സ്വന്തമായി പ്രത്യേകം പ്രസിദ്ധീകരണ വിഭാഗമുണ്ട്. നിരവധി ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ചുരുങ്ങിയ വിലയിൽ ഭക്തജനങ്ങൾക്ക് ലഭ്യമാണ്. ശ്രീഗുരുവായൂരപ്പന്റെ അക്ഷരപ്രസാദമായി ഭക്തപ്രിയ മാസികയും ഭക്തജനങ്ങളിലെത്തി

ക്കുന്നു. ഗുരുകുല സമ്പ്രദായത്തിൽ ദേവസ്വം നാദസ്വരം, തകിൽ, അഷ്ടപദി, തിമില, മദ്ദളം കൊമ്പ്, ചെണ്ട എന്നിവ അഭ്യസിപ്പിക്കുന്നു.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീകൃഷ്ണ കോളേജ്, ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്ക്കൂൾ, ജ്യോതിഷ പഠന കേന്ദ്രം എന്നിവ നടത്തുന്നുണ്ട്. ദേവസ്വം തെക്കേ നടയിൽ മെഡിക്കൽ സെന്ററും പടിഞ്ഞാറെ നടയിൽ ആയുർവേദ ആശുപത്രിയും നടത്തുന്നു.

### കല്യാണ മണ്ഡപം, ഓഡിറ്റോറിയം

താലികെട്ടാൻ ക്ഷേത്രത്തിനു മുന്നിൽ മൂന്ന് മണ്ഡപങ്ങളുണ്ട്. രാവിലെ അഞ്ചു മുതൽ കല്ല്യാണം






പുന്നത്തൂർകോട്ട

തുടങ്ങും. ക്ഷേത്രസന്നിധിയിൽ നടക്കുന്ന വിവാഹങ്ങൾ ഗുരുവായൂർ നഗരസഭയിൽ എല്ലാ ദിവസവും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും ഉണ്ട്.

ക്ഷേത്രത്തിനു മുൻവശത്തെ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ സംഗീതം ആലപിക്കുന്നതും നൃത്തം ചെയ്യുന്നതും വലിയ ഭാഗ്യമായി കലാകാരന്മാർ കാണുന്നു. അരങ്ങേറ്റം നടത്താൻ ആഗ്രഹിക്കുന്നവരും ഏറെയാണ്. അരങ്ങേറ്റത്തിന് ഒന്നര മണിക്കൂറിന് 2000 രൂപയാണ് ദേവസ്വം വസൂലാക്കുന്നത്. അറുപത് ദിവസം മുന്നേ ദേവസ്വം പബ്ലിക്കേഷൻ ഡിവിഷനിൽ നേരിട്ടെത്തി ഓഡിറ്റോറിയം ബുക്ക് ചെയ്യാം.

# കരയോഗാംഗങ്ങളുടെ കൈത്താങ്ങ് പ്രശംസനീയം

അതിഥി മന്ദിര നിർമ്മാണ ഫണ്ട് കണ്ടെത്താൻ കരയോഗം രണ്ട് പദ്ധതികൾ രൂപീകരിച്ചത് സ്വാഗതാർഹമായി. അയ്യായിരത്തോളം വരുന്ന അംഗങ്ങൾ കരയോഗത്തിനുണ്ട്. അവർക്കായി പ്രിവിലേജ്കാർഡാണ് ആദ്യം ഏർപ്പെടുത്തിയ പദ്ധതി. ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്നവർക്ക് മാസത്തിൽ ഒരു ദിവസവും പ്രതിവർഷം 12 ദിവസവും 10 വർഷത്തേക്ക് 120 ദിവസവും സൗജന്യ നിരക്കിൽ അതിഥി മന്ദിരത്തിൽ താമസിക്കാമെന്നതാണ് പ്രിവിലേജ് കാർഡിന്റെ മെച്ചം. പരമാവധി ഒറ്റത്തവണ 24 ദിവസം വരെ നിബന്ധനകൾക്ക് വിധേയമായി താമസിക്കാവുന്ന സൗകര്യവും പദ്ധതിയുടെ ഭാഗമായി നൽകുന്നു. ഒരു ലക്ഷം രൂപയുടെ നിക്ഷേപത്തിന് ഗഡുക്കൾ നൽകിയിരുന്നു. തവണകളായി അടക്കുന്നവരിൽ നിന്ന് 1,10,000 രൂപ ഈടാക്കിയിരുന്നു. ആദ്യഗഡു 50,000 രൂപയും രണ്ടാം ഗഡു 20,000 രൂപയും മൂന്നാം ഗഡു 20,000 രൂപയും നാലാം ഗഡു 20,000 രൂപയും അടക്കണമെന്നും നിബന്ധന. ഇതു പ്രകാരം നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഒറ്റതവണയായി ഒരു ലക്ഷം രൂപയും നാല് ഗഡുക്കളായി അടച്ച് പ്രിവിലേജ് കാർഡെടുത്തത് വഴി അതിഥി മന്ദിര നിർമ്മാണത്തിന് ലക്ഷങ്ങൾ സംഭരിക്കാൻ കഴിഞ്ഞു.

താമസിയാതെ അംഗങ്ങൾക്ക് ബോണ്ട് സ്കീം നടപ്പാക്കി. 77,000 രൂപ 42 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,01,000 രൂപയും 66 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,21,000 രൂപയും ലഭിക്കുന്നതാണ്. ഈ സ്കീം പ്രകാരമുള്ള തുകയും നിർമ്മാണത്തിന് നിക്ഷേപമായി ലഭിച്ചു.

# ആദായമുണ്ടാക്കുവാനല്ല ജീവകാരുണ്യ കൈത്താങ്ങാവാൻ



95 വർഷത്തെ യാത്രക്കിടയിൽ എറണാകുളം കരയോഗം ജീവകാരുണ്യത്തിനായി ഒരു വർഷം അരക്കോടിയാണ് ചിലവാക്കുന്നത്. മറ്റ് സേവനങ്ങൾക്ക് അല്ലാതെയും കൈയഴിഞ്ഞ സഹായം എത്തിക്കുന്നു.

1925ൽ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രധർമ്മ സ്ഥാപന രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രർ ചെയ്ത എറണാകുളം കരയോഗം അന്ന് തയ്യാറാക്കിയ രേഖയിൽ വ്യക്തമാക്കിയത് എറണാകുളം കരയോഗം ആദായം ഉണ്ടാക്കുവാനല്ലാത്ത സംഘടനയാണെന്നാണ്. അത് ഇന്നും അക്ഷരം പ്രതി നിറവേറ്റുന്നു. ജന്മശതാബ്ദിയിലേക്കുള്ള (2025 ലാണത്) യാത്രയും മുൻഗാമികൾ തെളിയിച്ച പാതയിലൂടെ തന്നെ. പ്രഥമ പരിഗണന ചാരിറ്റിക്കാണ്. ജാതിമത ചിന്ത കൂടാതെ എല്ലാ വിഭാഗം ജനങ്ങൾക്കും സഹായം നൽകുന്നു. വരുമാനത്തിൽ ഒരു വർഷം ചിലവഴിക്കുന്ന വിവിധ സഹായം ശതമാന കണക്ക് പ്രകാരം - ആരോഗ്യം 20 ശതമാനം, വാർദ്ധ്യക്യ കാല പാലീയേറ്റീവ് സഹായം 20 ശതമാനം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾക്കായി 20 ശതമാനം, വിവിധ സ്കോളർഷിപ്പും സ്പോൺസർഷിപ്പും 20 ശതമാനം. മാനുഷിക മൂല്യങ്ങൾ കണക്കിലെടുത്തുള്ള മറ്റ് സഹായങ്ങൾ പത്ത് ശതമാനം.

കരയോഗം തുടക്കം മുതലെ ജീവകാരുണ്യ സേവന മേഖലയിൽ ശ്രദ്ധ ഊന്നിയിരുന്നു. അന്ന് വരുമാനമൊന്നുമില്ല. കിട്ടുന്നതിൽ എട്ടോ പത്തോ രൂപ മിച്ചം വന്നാൽ ഒരു വിഹിതം ജീവകാരുണ്യത്തിന് ചിലവഴിച്ചു. കൊടുക്കും തോറും ഏറിടും എന്ന ചൊല്ല് അന്വർത്ഥമാക്കും വിധം വരുമാന വർദ്ധനവ് ഉണ്ടായി. കൊടുക്കുന്നവന്റെയും വാങ്ങുന്നവന്റെയും മനസ്സ് സന്തോഷിക്കുവാൻ തുടങ്ങിയത് 2001 മുതലുള്ള വരുമാന വർദ്ധനവോടെയാണ്. കല്ല്യാണങ്ങളിൽ നിന്നുള്ള വരവ് വർദ്ധിച്ചു. ഒപ്പം കാരുണ്യ പ്രവർത്തനവും വിപുലമാക്കി. വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ കൂടുതൽ സഹായം നൽകാൻ തുടങ്ങി. സഹായം ആവശ്യമുള്ളവർ ഇന്ന് ആദ്യം സമീപിക്കുന്നത് കരയോഗത്തെയാണ്. മരുന്നും സാമ്പത്തികവും മാനസിക പ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും പരിഹരിക്കാൻ കൗൺസിലിങ്ങും ആൾ സഹായവും നൽകുന്നു. എച്ച്.ഐ.വി, കാൻസർ, ഡയാലിസിസ് രോഗികൾക്ക് സഹായമെത്തിക്കുന്നു. വിലകൂടിയ മരുന്നുകളാണ് സൗജന്യമായി നൽകുന്നത്. വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നു. വർഷങ്ങളായി പത്താംക്ലാസിലും പ്ലസ്ടുവിനും പഠിക്കുന്ന നിർധന വിദ്യാർത്ഥികൾക്ക് ഫീസും പുസ്തകങ്ങളും വാങ്ങാൻ സാമ്പത്തിക സഹായവും എസ്.എസ്.എൽ.സിക്ക് നല്ല മാർക്ക് വാങ്ങുന്നവർക്ക് ഉപരിപഠനത്തിന് സ്പോൺസർഷിപ്പും നൽകുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 75 വയസ്സ് കഴിഞ്ഞവർക്കും, 60 വയസ്സ് കഴിഞ്ഞ വിധവകൾക്കും പ്രതിമാസം 300 രൂപ വീതം നൽകി വരുന്നു. നിർദ്ധനരായ അർബുദ രോഗികൾക്കും, എച്ച്.ഐ.വി, സി.എം.എച്ച്.പി, ലെപ്രസി രോഗികൾക്കും ദിവസം ആയിരം രൂപക്ക് മരുന്ന് നൽകുന്നു. ജനറൽ ഹോസ്പിറ്റലുമായി സഹകരിച്ച് നടപ്പാ

ക്കുന്ന പദ്ധതിയാണിത്. പ്രതിമാസം 30000 രൂപ യുടെ ജീവൻ രക്ഷാമരുന്നുകളാണ് നൽകുന്നത്.

എല്ലാ വർഷവും ഐ.എം.എയുടെ സഹകര ണത്തോടെ വിപുലമായ രീതിയിൽ രക്തദാനക്യാ മ്പ് സംഘടിപ്പിക്കുന്നു. വർഷത്തിൽ രണ്ടുപ്രാവശ്യം അലോപ്പതി, ഹോമിയോ, ആയുർവേദ മെഡിക്കൽ ക്യാമ്പും, സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പും സൗജന്യമായി മരുന്നു വിതരണവും ചെയ്ത് വരുന്നു.

## നിയമസഹായ വേദി

പൊതുജനങ്ങൾക്ക് സൗജന്യ നിയമ സഹാ യം നൽകാൻ പ്രഗത്ഭരായ റിട്ടയേഡ് ജഡ്ജിമാരും അഭിഭാഷകരും അടങ്ങുന്ന നിയമസഹായവേദിയാ ണിവിടെയുള്ളത്. കുടുംബവഴക്കും വ്യക്തികൾ തമ്മിലുള്ള തർക്കങ്ങളും വ്യവഹാരങ്ങളും പറഞ്ഞു തീർക്കാനും നിയമസഹായ വേദി സൗജന്യ സഹാ യം നൽകുന്നു.



## പ്രശാന്തി മന്ദിരം

സേവന മേഖലയിൽ എറണാകുളം കരയോഗം ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളിൽ ശ്രദ്ധേയ മായത് നഗരത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് താമസസൗകര്യം എന്ന വിഷയം നടപ്പിലാക്കിയ താണ്. 1969ൽ കരയോഗം ടി.ഡി.എം ഹാളിനോടു ചേർന്ന് ഒരു വനിതാ ഹോസ്റ്റൽ തുടങ്ങി. തുടർന്ന് 1977ൽ കേന്ദ്രസർക്കാർ സഹായത്തോടെ നാല് നിലകളോടുകൂടി നൂറുപേർക്ക് താമസിക്കാവുന്ന ഗോൾഡൻ ജൂബിലി മെമ്മോറിയൽ വർക്കിംങ് വി മൻസ് ഹോസ്റ്റൽ ആരംഭിച്ചു.

പ്രായം ചെന്നവർക്ക് താമസിക്കാൻ 1991ൽ തൃപ്പൂണിത്തുറയിൽ പ്രശാന്തി വനിതാ ഹോസ്റ്റ ലും ഓൾഡേജ് ഹോമും ആരംഭിക്കുകയുണ്ടായി. ഹോസ്റ്റലിന്റെ വിപുലീകരണം കണക്കിലെടുത്ത് 2009 ൽ പാലാരിവട്ടത്ത് സൗത്ത് ജനതാ റോഡിൽ ആധുനിക സൗകര്യങ്ങളോടെ 120 പേർക്ക് താമ സിക്കാവുന്ന ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു. അവിടെയും ഹോം ഫോർ ദ ഏജ്ഡ് എന്ന പേരിൽ പ്രായമായവർക്ക് താമസസൗകര്യ വും ഒരുക്കിയിട്ടുണ്ട്.

## എൽഡർ സിറ്റിസൺസ് ഫോറം

മുതിർന്ന പൗരന്മാരുടെ സജീവമായ പങ്കാളി ത്തം കൊണ്ട് ശ്രദ്ധേയമാണ് മുതിർന്ന പൗരന്മാരുടെ ഫോറം. സമകാലിക പ്രശ്നങ്ങളെക്കുറിച്ചും അവർ ചർച്ച ചെയ്യുന്നു. കൂട്ടത്തിലുള്ള കലാകാരന്മാരുടെ കലാപരിപാടികൾ നടത്തുന്നു. എല്ലാ വ്യാഴാഴ്ച യും ഒത്തു കൂടുന്നു. ഇതിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തവും ഉണ്ട്. വാർഷികാഘോഷങ്ങളും നടത്തപ്പെടുന്നു.



## നവരാത്രി കമ്മറ്റി

വർഷങ്ങളായി കരയോഗത്തിൽ സെപ്തംബർ -ഒക്ടോബർ മാസങ്ങളിൽ നടക്കുന്ന നവരാത്രി ആഘോഷം അംഗങ്ങൾ കുടുംബസമേതം പങ്കെ ടുക്കുന്ന നവരാത്രി ഉത്സവം തന്നെയാണ്. എല്ലാ ദിവസവും ദേവീഭാഗവത പാരായണവും ഉണ്ടാകും. ജനപങ്കാളിത്തത്താൽ നവരാത്രി ഉത്സവം ശ്രദ്ധേ യമാണ്. കുട്ടികൾക്കു വേണ്ടിയുള്ള മത്സരങ്ങളിൽ പുരാണപാരായണ മത്സരവും സോപാന സംഗീതം, ലളിതഗാനം, കർണാടക സംഗീതം, ദേശഭക്തിഗാ നം, കവിതാപാരായണം, മോഹിനിയാട്ടം, തിരുവാ തിരക്കളി, നാടോടിനൃത്തം തുടങ്ങി ഒട്ടേറെ ഇന ങ്ങളിൽ മത്സരങ്ങൾ നടക്കുന്നു. ഓട്ടൻതുള്ളൽ, കഥകളി, കഥകളി ചൊല്ലിയാട്ട മത്സരങ്ങളും ഉണ്ട്. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളി ലായി ആയിരത്തിലധികം കുട്ടികൾ പങ്കെടുക്കുന്നു. ഒമ്പത് ദിവസത്തെ കലാസന്ധ്യ കാണാൻ തിക്കും തിരക്കുമാണ്. തലമുറകളുടെ സംഗമവേദിയാണ് നവരാത്രി ഉത്സവം.

## സ്ത്രീസമാജം

ഏഴുപതിറ്റാണ്ടിലധികമായി പ്രവർത്തിക്കുന്ന സ്ത്രീ സമാജം വലിപ്പ ചെറുപ്പമില്ലാത്ത കൂട്ടായ്മ യാണ്. അദ്ധ്യാത്മിക ക്ലാസുകളും ചർച്ചകളും മത്സ രങ്ങളും നടക്കുന്നു.

## സാംസ്ക്കാരിക കമ്മിറ്റി

നഗരത്തിൽ സാംസ്കാരിക കൂട്ടായ്മ വളരെ വിരളമായേ നടക്കാറുള്ളൂ എന്ന മനസിലാക്കി എല്ലാ മാസവും ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി ചർച്ചകൾ സംഘടിപ്പിക്കണമെന്ന ലക്ഷ്യത്തോടെ തുടങ്ങിയ സാംസ്കാരിക വേദിയിൽ ഇപ്പോൾ ലോകക്ലാസിക് സിനിമകൾ ഉൾപ്പടെയുള്ള ചിത്രങ്ങൾ എല്ലാ മാസവും സൗജന്യമായി പ്രദർശിപ്പിക്കുന്നു. അകായിലെ സംഗീതം എന്ന പേരിൽ എല്ലാ മാസവും ഏതെങ്കിലും ഒരു സംഗീതവിഷയം അടിസ്ഥാനമാക്കി സംഗീത പരിപാടിയും നടത്തുന്നു. അവധിക്കാലങ്ങളിൽ വിദ്യാർത്ഥികൾക്കായി പഠന ക്ലാസുകളും സംഘടിപ്പിക്കുന്നു. ഈ വരുന്ന വേനൽ അവധിക്കാലത്ത് കുട്ടികളുടെ ഒരാഴ്ച നീണ്ട നാടകക്കളരി നടത്തുന്നുണ്ട്.

## കുടുംബക്ഷേമ കേന്ദ്രം

അണുകുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. വിവാഹിതരായ യുവതി യുവാക്കൾ തമ്മിലുള്ള ശീതസമരങ്ങളും വഴക്കുമൊക്കെ കൂടിയിരുന്ന് ചർച്ച ചെയ്തു പരിഹരിക്കാവുന്ന കാര്യങ്ങളാണ്. അതൊക്കെ പരിഹരിക്കാനും ഉപദേശങ്ങളും നിർദേശങ്ങളും നൽകാനും കുടുംബക്ഷേമ കേന്ദ്രം സഹായിക്കുന്നു. സൗജന്യമായി കൗൺസിലിങ്ങും നടത്തുന്നു.

## മാംഗല്യം

മാട്രിമോണിയൽ ഡാറ്റാബാങ്കാണ് മാംഗല്യം. രജിസ്റ്റർ ചെയ്യാൻ 1000 രൂപ ഫീസ് അടക്കണം. ആറു മാസക്കാലം വരെ കരയോഗത്തിൽ നേരിട്ടു വന്ന് തങ്ങൾക്കാവശ്യമുള്ള വധൂവരന്മാരുടെ വിവരങ്ങൾ പരിശോധിക്കാം. രജിസ്ട്രേഷൻ കാലാവധി രജിസ്ട്രേഷൻ ചെയ്ത ദിവസം മുതൽ ആറുമാസക്കാലമായിരിക്കും. മാംഗല്യത്തിൽ അധികസേവനങ്ങൾ നിബന്ധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാണ്.

## കഥകളിക്ലബ്ബ്

അരനൂറ്റാണ്ടിലധികം കാലം എറണാകുളം ടി.ഡി.എം ഹാളിൽ കഥകളി കണ്ട ഓർമ്മകൾ ഇപ്പോഴും പഴമക്കാരുടെ മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. പ്രശസ്ത കഥകളിക്കാർക്കും ആ അരങ്ങുകൾ മറക്കാനാവില്ല. ഇന്നും ആ കളി പാരമ്പര്യം എറണാകുളം കരയോഗം ഏറ്റെടുത്തു നടത്തുന്നു. കൊല്ലന്തോറും വാർഷികാഘോഷവും നടത്തുന്നു. കഥകളി ക്ലബ്ബിന്റെ 60-ാമത് വാർഷികവും 25-ാമത് എറണാകുളം കരയോഗം കഥകളി അവാർഡ് ദാനവും ഫെബ്രുവരി 25 ന് നടക്കുന്നുണ്ട്. എല്ലാ മാസവും കളി നടക്കുന്നു. പ്രേക്ഷകരും കുറവല്ല.

## ഹെൽത്ത് കമ്മിറ്റി

കരയോഗത്തിലെ ആരോഗ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹെൽത്ത് കമ്മറ്റി പ്രവർത്തിക്കുന്നു. ചികിത്സാ ക്യാമ്പുകളും സൗജന്യ മരുന്നു വിതരണവും ക്ലാസുകളും നടത്തുന്നു. ദുരിതാശ്വാസ പ്രവർത്തനവും നടത്തുന്നു. ഹെൽത്ത് കമ്മറ്റിയിൽ ഡോക്ടർമാരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തിവരുന്നു.




## ആദ്ധ്യാത്മിക കമ്മറ്റി

ആദ്ധ്യാത്മിക മേഖലയിലും കരയോഗം സജീവമാണ്. ശ്രീമത് ഭാഗവത സപ്താഹങ്ങൾ, സമ്പൂർണ്ണ നാരായണീയം, രാമായണ പാരായണം, മഹാഭാരത യജ്ഞം, ഗീതാജ്ഞാനയജ്ഞം, 108 ദിവസത്തെ ഭാഗവതയജ്ഞം, 11 ദിവസം നീണ്ട ഉപനിഷത്ത് വിചാരയജ്ഞം എന്നിവ നടക്കുന്നു.

ആംബുലൻസ് സേവനം

1971 മുതൽ കരയോഗത്തിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസ് ഉണ്ട്. 2002 മുതൽ മൊബൈൽ ബോഡി ഫ്രീസറും എസി ആംബുലൻസ് സേവനവും ഇക്കോ ആംബുലൻസ് സർവീസും ഉണ്ട്.

## കരയോഗത്തിന്റെ രുദ്രവിലാസം സ്കൂൾ

കരയോഗത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഒന്നാണ് പള്ളിമുക്കിലെ രുദ്രവിലാസം അപ്പർ പ്രൈമറി സ്കൂൾ. കരയോഗം ചാരിറ്റബിൾ ട്രസ്റ്റാണ് സ്കൂൾ നടത്തുന്നത്. ഇതൊരു സാമൂഹ്യസേവനമായി കരുതുന്നു. കുട്ടികൾക്ക് യൂണിഫോമും പുസ്തകങ്ങളും കുടയും കരയോഗം നൽകുന്നു. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും കുട്ടികൾ മികവും പുലർത്തുന്നു. ഇരുപത്തി രണ്ട് സെന്റ് സ്ഥലത്ത് മൂന്നു നിലകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികൾ പഠിക്കുന്നു.

## കുട്ടികൾക്ക് അവധിക്കാല ക്ലാസ്സുകൾ

വേനൽ അവധിക്കാലത്ത് പ്ലസ്ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചലച്ചിത്ര ആസ്വാദന ക്ലാസ്സ്, കുട്ടികളുടെ ലോക ക്ലാസിക്കൽ ചിത്രങ്ങളുടെ പ്രദർശനം, സിനിമാ ശില്പശാല എന്നിവ ഇതിനകം നടത്തിയിരുന്നു. ഈ വരുന്ന വേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ട നാടകക്കളരി ക്യാമ്പ് നടക്കും. അഭിനയം, മേക്കപ്പ്, സംഭാഷണം, നാടകമെഴുത്ത്, നാടകസംവിധാനം എന്നിവയിൽ പരിശീലനം നൽകി സമാപന ദിവസം അവർ തന്നെ എഴുതി അവതരിപ്പിക്കുന്ന നാടകവും അരങ്ങേറും. ഏപ്രിൽ ആദ്യവാരമാണ് ക്ലാസ്. കലാ - സാംസ്കാരിക മേഖലയിൽ താല്പര്യമുള്ള പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്.

## കരയോഗത്തിന്റെ മുഖപത്രം - കരയോഗ സൗഹൃദം

കരയോഗത്തിന്റെ മുഖപത്രമായ കരയോഗ സൗഹൃദം മാസിക പുറത്തിറങ്ങിയിട്ട് ഇന്നേക്ക് 17 വർഷം പിന്നിടുന്നു. സാമൂഹ്യ കാഴ്ചപ്പാടും അംഗങ്ങളുടെ കലാസാഹിത്യ സൃഷ്ടികളും ആരോഗ്യ സംഗീത പംക്തിയും ക്ഷേത്രകലകളും വാസ്തു ശാസ്ത്രവും ജ്യോതിഷ മാസഫലവും മാംഗല്യം മാട്രിമോണിയലും മുഖപത്രത്തെ സംപുഷ്ടമാക്കുന്നു. കരയോഗം അംഗങ്ങൾക്ക് പുറമെ ധാരാളം ആളുകൾ സൗഹൃദം താല്പര്യപൂർവം വായിക്കുന്നവരായി ഉണ്ട്. ഓരോ ലക്കവും ഉള്ളടക്കം കൂടുതൽ സംപുഷ്ടമാക്കി കൊണ്ടിരിക്കുന്നു. കരയോഗാംഗങ്ങളല്ലാത്ത ഒട്ടേറെ വിശിഷ്ട വ്യക്തികൾ തങ്ങളുടെ അമൂല്യ കൃതികൾ സൗഹൃദത്തിലൂടെ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് ഇന്ന് ഉന്നത നിലവാരം പുലർത്തുന്ന ഒരു പ്രസിദ്ധീകരണമായാണ് സൗഹൃദം അറിയപ്പെടുന്നത്.

## വിവാഹനിശ്ചയം, വിവാഹം

എറണാകുളത്ത് ഇന്ന് മുട്ടിനുമുട്ടിനു കല്ല്യാണ മണ്ഡപങ്ങളും ഹാളുകളും ഉണ്ടെങ്കിലും വർഷങ്ങൾക്ക് മുമ്പ് വിവാഹം നടക്കുന്ന ഒരേ ഒരു ഹാൾ കരയോഗത്തിന്റെ ടി.ഡി.എം ഹാളാണ്. 1959 സെപ്തംബർ ഒമ്പതിനാണ് ടി.ഡി.എം ഹാളിൽ ആദ്യത്തെ വിവാഹം നടക്കുന്നത്. കരയോഗം ഭാരവാഹിയായിരുന്ന മറ്റത്തുള്ളി ഗംഗയുടെ സഹോദരി സുലോചനയുടെയും ശങ്കരൻ നായരുടെയും വിവാഹം. അക്കാലം ഏറ്റവും അടുത്ത ബന്ധുക്കളെ മാത്രം വിളിച്ചുള്ള കല്ല്യാണം. ഏറിവന്നാൽ നൂറിൽ കൂടുതൽ വരില്ല പങ്കെടുക്കുന്നവരുടെ എണ്ണം. അതും ഒരൊറ്റ ഹാളിൽ നടക്കുന്നതുമാണ്. ഇന്ന് ടി.ഡി.എം ഹാളിലെ രണ്ട് നിലകളിലെ ഹാളുകളിൽ മുവ്വായിരത്തോളം ആളുകൾ പങ്കെടുക്കുന്ന വിവാഹങ്ങൾ നടക്കുന്നു. സദസ് നോക്കിയുള്ള ചെറിയ ഹാളുകളും ഉണ്ട്. കല്ല്യാണം നടത്തുന്നവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ചുള്ള അലങ്കാര വേദികളും സദ്യവട്ടങ്ങളും ഒരുക്കാൻ കരയോഗം സന്നദ്ധമാണ്.

വിവാഹവും മറ്റും നടത്താൻ ഒരു കൊല്ലം മുമ്പേ ഹാളുകൾ ബുക്ക് ചെയ്യണം. അത്രക്ക് തിരക്കാണ്. ആവശ്യക്കാരുടെ ഇഷ്ട പ്രകാരം കൃത്യനിഷ്ഠയോടെയും അച്ചടക്കത്തോടെയും കുറ്റമറ്റതായ രീതിയിൽ കല്ല്യാണവും സദ്യയും നടത്തി കൊടുക്കുന്നതിനാൽ കല്യാണ സീസണുകളിൽ തിരക്ക് കൂടുതലാണ്.

## കുടുംബസംഗമം

പഴയകൂട്ടു കുടുംബത്തെ ഓർമ്മപ്പെടുത്തുകയാണ് എല്ലാ വർഷവും ഡിസംബർ 25 ന് ടി.ഡി.എം ഹാളിൽ നടക്കുന്ന സ്ഥാപക ദിനവും കരയോഗാംഗങ്ങളുടെ കുടുംബസംഗമവും. രാവിലെ ഗണപതി ഹോമത്തോടെ തുടങ്ങും വൈകീട്ട് അയ്യപ്പൻ പാട്ടോടെ സമാപനം. പ്രായഭേദമന്യേ ഭൂരിപക്ഷം പേരും മത്സരബുദ്ധിയോടെ പങ്കെടുക്കുന്ന പാട്ടും ഡാൻസും കൈകൊട്ടികളിയും നാടകവുമൊക്കെ അരങ്ങും സദസ്സും സജീവമാക്കും.

## വിവിധ ക്ലാസ്സുകൾ പ്രഭാഷണങ്ങൾ

ആധ്യാത്മിക മേഖലയിലും വിവിധ ക്ലാസ്സുകൾ കരയോഗം സംഘടിപ്പിച്ചു വരുന്നു. പ്രശസ്ത പണ്ഡിതന്മാരാണ് ക്ലാസ്സുകൾ എടുക്കുന്നത്. നിരവധി ഭക്തജനങ്ങളും ക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ട്.

വേദാന്ത പഠനക്ലാസ്സ്, ഭാഗവതം ക്ലാസ്സ്, സംസ്കൃതം ക്ലാസ്സ് എന്നിവ നടത്തി വരുന്നു. ഉപനിഷത്തും ഗീതയും ഭാഗവതവും സംബന്ധിച്ചു പ്രഭാഷണങ്ങളും സംഘടിപ്പിച്ചു വരുന്നു.

നാരായണീയ ദിനത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണവും നടത്തിവരുന്നു.

## എൻഡോവ്മെന്റ് പെൻഷനുകൾ പരിസ്ഥിതി അവാർഡ്

സാമൂഹ്യക്ഷേമ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തല്പരരായവർ അവാർഡുകളും പെൻഷനുകളും നൽകാൻ എൻഡോവ്മെന്റുകൾ കരയോഗത്തെ ഏൽപ്പിച്ചത് കാലാകാലങ്ങളിൽ മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ട്. എൻഡോവ്മെന്റ് തുക പലരും വർദ്ധിപ്പിച്ചു നൽകുന്നുണ്ട്.



കേരള നദീ സംരക്ഷണ സമിതി സ്ഥാപക അദ്ധ്യക്ഷനായിരുന്ന പി.എസ്.ഗോപിനാഥൻ നായർ എറണാകുളം കരയോഗവുമായി ചേർന്ന് 2008 മുതൽ 'എറണാകുളം കരയോഗം - പി.എസ്. ഗോപിനാഥൻ നായർ അവാർഡ്' എല്ലാ വർഷവും പരിസ്ഥിതി മേഖലയിൽ മികച്ച സംഭാവന ചെയ്തവർക്ക് നല്കി വരുന്നു. പി.എസ്.ഗോപിനാഥൻ നായർ 'ഭൂമിക്കുപനി, ജലംജീവജലം' തുടങ്ങിയ അനവധി ആധികാരിക പരിസ്ഥിതി ശാസ്ത്ര കൃതികളുടെ രചയിതാവുമാണ്.

## വാസ്തു സംബന്ധമായ സഹായം

എഞ്ചിനീയർ പ്രഭാകരമേനോൻ പര്യാടത്തിന്റെ സൗജന്യ സേവനം കരയോഗം ഏർപ്പാട് ചെയ്ത് പലരും ഉപയോഗപ്പെടുത്തുന്നു. എല്ലാ മാസവും രണ്ടാം ഞായറാഴ്ച അദ്ദേഹം രാവിലെ ഒമ്പതര മുതൽ ഒരു മണി വരെ കരയോഗത്തിൽ ഉണ്ടാകും. ഫോൺ ചെയ്തു മുൻകൂർ രജിസ്ട്രേഷൻ ചെയ്യാൻ കഴിയും. വാസ്തു സംബന്ധമായ സംശയങ്ങൾക്ക് എല്ലാ മാസവും 10-ാം തീയതി കരയോഗം ഓഫീസിൽ എത്തിയാലും മതി. കരയോഗം അംഗങ്ങൾക്ക് രാവിലെ 10 മുതൽ 5 വരെ 9447032434 എന്ന നമ്പറിൽ വിളിച്ചാൽ സംശയങ്ങൾ തീർക്കാം.

## സൗരോർജ്ജം

എറണാകുളം നഗരത്തിൽ സൗരോർജ്ജ വൈദ്യുതി പദ്ധതി വ്യാപകമാക്കുന്നതിനു മുമ്പേ എറണാകുളം കരയോഗം ടി.ഡി.എം ഹാൾ മന്ദിരത്തിന്റെ മേൽകൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നീക്കത്തിലായിരുന്നു. ഇപ്പോൾ കരയോഗ മന്ദിരത്തിന്റെ പാനലിൽ നിന്ന് ഒരു ദിവസം 120 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

കരയോഗത്തിൽ രണ്ടു വർഷമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കി വരുന്നു.

## പുണ്യനദികളുടെ പേരിൽ 11 ഹാളുകൾ

എറണാകുളം ടി.ഡി.എം ഹാളിൽ പുണ്യ നദികളുടെ പേരിൽ പത്ത് ഹാളുകളും സൂര്യ എന്ന പേരിൽ 1 ഹാളും ഉണ്ട്.

ആയിരം പേർക്ക് സുഖമായി ഇരിക്കാൻ കഴിയുന്ന ഗംഗ ഹാളാണ് ഏറ്റവും വലിയ ഹാൾ. ഓഡിയോ - വീഡിയോ സൗകര്യമുള്ള ഈ ഹാളിലാണ് വിവാഹങ്ങൾ ഏറെ നടക്കുന്നത്. ഇതോടനുബന്ധിച്ച് പെരിയാർ എന്ന പേരിൽ ഡയനിങ്ങ് ഹാൾ ഉണ്ട്. ഒരേസമയം 375 പേർക്ക് ഇരിക്കാം . 250 പേർക്ക് ഇരിക്കാൻ യമുന ഹാൾ, കല്യാണ നിശ്ചയം, സെമിനാറുകൾ ഇവ നടത്താം. യമുനയുടെ ഡൈനിംഗ് ഹാൾ നിളയിൽ ഒരേ സമയം 60 പേർക്ക് ഇരിക്കാം. 350 പേർക്ക് ഇരിക്കാൻ കഴിയുന്ന ഹാൾ കാവേരി, ഈ ഹാളിന്റെ ഡൈനിംഗ് ഹാൾ പമ്പയാണ്. നിശ്ചയവും കല്യാണവും കോൺഫ്രറൻസും നടത്തുന്നു. 25 പേർക്ക് മാത്രം ഇരിക്കാൻ കഴിയുന്ന ഹാൾ ഗോദാവരി. ടിഡിഎമ്മിന്റെ ഗ്രൗണ്ട് ഫ്ളോറിലെ ഹാൾ കൃഷ്ണ, എക്സിബിഷനുകൾക്ക് ഉപയോഗിക്കുന്നു. ഈ ഹാളിന്റെ ഒരു ഭാഗം ആയുഷ് ക്ലീനിക്ക് നടത്തുന്നു. 75 പേർക്ക് ഇരിക്കാവുന്ന സരസ്വതി ഹാളും ഉണ്ട്.

സിനിമകളും പ്രഭാഷണങ്ങളും കോൺഫ്രറൻസുകളും നടത്തുന്ന നർമ്മദ ഹാളിൽ 100 പേർക്കിരിക്കാം. സ്ക്രീനും ഓഡിയോ സിസ്റ്റവും വീഡിയോ പ്രോജക്ടറും സൗണ്ട് സിസ്റ്റവും ഉള്ള, ആധുനിക തിയേറ്റർ സൗകര്യമുള്ള ഈ ഹാളിൽ ഇപ്പോൾ കരയോഗത്തിന്റെ പ്രതിമാസ സിനിമ പ്രദർശനം നടത്തുന്നു.

## യോഗയും സംഗീതവും

യോഗക്ലാസ്സുകളും കുട്ടികൾക്ക് കർണാടക സംഗീതവും സംഗീതോപകരണ വായനാ പഠനവും നടത്തി വരുന്നു. ഇതിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് നവരാത്രി ആഘോഷവേളയിൽ അരങ്ങേറ്റം നടത്താനും അവസരം നൽകുന്നു. ഡാൻസ്, വയലിൻ, കരാട്ടെ ക്ലാസ്സുകളും നടക്കുന്നു.

## എല്ലാം രംഗത്തും സ്ത്രീ സാന്നിധ്യം

കരയോഗ ഭരണസമിതിയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സാമൂഹ്യ- സാംസ്കാരിക രംഗത്തും ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലും സ്ത്രീ സാന്നിധ്യം സജീവം. സ്ത്രീകൾക്കും കുട്ടികൾക്കും യുവാക്കൾക്കും കരയോഗത്തിന്റെ എല്ലാ പ്രവർത്തന മേഖലകളിലും സുപ്രധാനമായ ഒരിടം നൽകുന്നുണ്ടെങ്കിലും മുതിർന്ന തലമുറയുടെ പങ്കാളിത്തം പ്രശംസനീയം. കലാസാംസ്കാരികരംഗം ഊർജ്ജിതമാക്കിയതോടെ യുവതലമുറയുടെ

പങ്കാളിത്തവും സജീവമാകുന്നു.

കരയോഗം ഭരണസമിതിയിൽ സ്ത്രീകൾ ഉണ്ട്. ചാരിറ്റി പ്രവർത്തനങ്ങളിലും അദ്ധ്യാത്മിക മേഖലകളിലും സീനിയർ സിറ്റിസൺ ഫോറത്തിലും വേദാന്തപഠനക്ലാസിലും ഉപനിഷത്ത് സമാഹരണയജ്ഞത്തിലും സംസ്കൃത ക്ലാസിലും സാമൂഹ്യ സേവന വിഭാഗമായ ചൈത്രത്തിന്റെ പ്രവർത്തനത്തിലും സ്ത്രീകൾ പങ്കെടുക്കുന്നു. നവരാത്രി ആഘോഷങ്ങളിൽ കുടുംബ സാന്നിധ്യം ശ്രദ്ധേയമാണ്. കഥകളി ക്ലബ്ബിന്റെ നടത്തിപ്പിൽ കഥകളി കലാകാരി കൂടിയായ ഭരണസമിതിയംഗം സജീവമായി പ്രവർത്തിക്കുന്നു. വിവാഹ സൽക്കാരങ്ങളിൽ ഭക്ഷണം വിളമ്പുന്നത് കുടുംബസ്ത്രീ പ്രവർത്തകരാണ്.

## ബീമുമായി സഹകരിച്ച് കലാപരിപാടികൾ

ബാങ്ക് ജീവനക്കാരുടെ കലാ സാംസ്ക്കാരിക സംഘടനയായ ബീമുമായി കൈകോർത്ത് കരയോഗം പ്രതിമാസ കലാപരിപാടികൾ നടത്തുന്നു. വൈവിധ്യമാർന്ന കലാ വിരുന്നുകളാണ് നടക്കുക. ബീമുമായുള്ള സഹകരണത്തിന് പത്ത് വർഷം തികയുകയാണ്.

## വിമൻസ് ഫോറം

കരയോഗത്തിലെ വനിതകളുടെ കലാസാംസ്കാരിക കഴിവുകൾ പരിപോഷിപ്പിക്കുവാനും, അവരുടെ കൂട്ടായ്മ ശക്തിപ്പെടുത്തുവാനും, കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുവാനുമായി വിമൻസ് ഫോറം പ്രവർത്തിച്ചു വരുന്നു.

## അന്ത്യയാത്രക്കും കരയോഗം തുണ

മരണാന്തരചടങ്ങുകൾ നടത്താൻ നഗരവാസികൾ ഏറെ പ്രയാസം അനുഭവിക്കുന്ന കാലമാണിത്. നടത്തുന്നവർക്ക് ഇതിനെ കുറിച്ച് ധാരണയില്ല. ഞങ്ങളുടെ സഹായം നേടേണ്ട മാർഗം അറിയില്ല. കരയോഗം അംഗങ്ങൾക്ക് എക്കാലവും കരയോഗം ഇക്കാര്യത്തിൽ പിന്തുണ നൽകുന്നു. മരണ വിവരം അറിയിച്ചാൽ മതി, കരയോഗം ഭാരവാഹികൾ എത്തുകയായി. ആചാരപ്രകാരം മരണാനന്തര കർമ്മങ്ങളും സംസ്ക്കാരവും നടത്തും. ഒരാളുടെ അന്ത്യയാത്രയിൽ പങ്കുവഹിക്കാൻ കഴിയുന്നത് സേവനം ജീവതസാഫല്യമായി കരുതുന്ന കരയോഗത്തിന്റെ പ്രവർത്തനങ്ങളുടെ പ്രധാനഭാഗമാണ്. ഈ കർമ്മത്തോടെ ആ വീട്ടുകാരുമായി കരയോഗത്തിന് ആത്മബന്ധമായി. സംഘടനയുടെ വളർച്ചയിൽ ഈ ബന്ധവും വലിയ പങ്ക് വഹിക്കുന്നു. ഓരോ ദിവസവും ഒന്നോ രണ്ടോ ശവസംസ്ക്കാര ചടങ്ങുകൾ ഉണ്ടാകും. ചിലപ്പോൾ അതിലേറെയും. എത്ര തിരക്കായാലും മരണാനന്തര ചടങ്ങിന് എല്ലാ കർമ്മങ്ങളും ചെയ്തു കൊടുക്കുന്നു. കരയോഗാംഗം മരിച്ചാൽ സംസ്കാര ചടങ്ങും സൗജന്യമായി ചെയ്തു വരുന്നു.



## പ്രകാശം പരത്തുന്ന ചൈത്രം

എറണാകുളം കരയോഗം കഴിഞ്ഞ പന്ത്രണ്ട് വർഷമായി നടത്തുന്ന ചൈത്രം എന്ന പ്രസ്ഥാനം മാനസിക സംഘർഷം അനുഭവിക്കുന്നവർക്കും ഏകാന്തതയും ആത്മഹത്യാ പ്രവണതയുള്ളവർക്കും വലിയൊരു ആശ്വാസം നൽകുന്ന തണലായി മാറിയിരിക്കുന്നു. സംഘർഷം നിറഞ്ഞ ആധുനിക ജീവിതത്തിൽ സ്വന്തം പ്രശ്നങ്ങൾ കേൾക്കാനും ഉള്ളു തുറന്ന് പറയാനും ഒരാളില്ലാത്ത അവസ്ഥയിലാണ് പലരും. നല്ലൊരു സുഹൃത്തിനോട് സംസാരിക്കുമ്പോൾ ലഭിക്കുന്ന ആശ്വാസമാണ് ചൈത്രത്തിൽ എത്തുന്ന പലർക്കും ലഭിക്കുന്നത്. യുവജനങ്ങൾ മുതൽ വൃദ്ധന്മാർ വരെ പലവിധ മാനസിക പ്രശ്നങ്ങൾ നേരിടുന്നു. പ്രശ്നങ്ങളുടെ കുരുക്കഴിച്ചു കഴിഞ്ഞാൽ പ്രശ്നപരിഹാരമായെന്ന് ചൈത്രം പ്രവർത്തകർ പറയുന്നു. അങ്ങനെ നിരവധി പേരെ ആത്മഹത്യാ പ്രവണതയിൽ നിന്നും ജീവിത നൈരാശ്യത്തിൽ നിന്നും കരകയറ്റാൻ ചൈത്രത്തിന് കഴിഞ്ഞിട്ടുണ്ട്. കൗൺസിലിങ്ങിന് പരിശീലനം ലഭിച്ച വളണ്ടിയർമാർ ഈ സ്ഥാപനത്തിനുണ്ട്. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ അഞ്ച് മണിവരെയാണ് പ്രവർത്തന സമയം. ആരു വന്നാലും സൗജന്യ സേവനം നൽകും. ഔട്ട് റീച്ച് പ്രോഗ്രാമുകളും നടത്തുന്നു. ക്ലബ്ബുകൾ, സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ ക്ലാസെടുക്കുന്നു. മാതാപിതാക്കൾക്കും സ്കൂളുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ഞായറാഴ്ചയും ചൈത്രം പ്രവർത്തിക്കും. പ്രശ്നങ്ങൾ കേട്ട് പറയുന്നവരെ കൊണ്ടുതന്നെ പ്രശ്നങ്ങൾക്ക് പരിഹാരം എടു

പ്പിക്കുന്ന രീതിയാണ്. വരുന്നവർ ആരാണെന്നോ എവിടുന്നാണെന്നോ അറിയാൻ ചൈത്രം താല്പര്യം കാണിക്കില്ല. ശ്രദ്ധയോടെ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന വോളണ്ടിയർമാർ പ്രത്യേക പരിശീലനം ലഭിച്ചവരാണ്. സൗജന്യസേവനമാണ് അവർ ചെയ്തു വരുന്നത്. നേരിട്ടുവരാതെ ഫോണിൽ സംസാരിക്കുന്നവരിൽ നിന്നും പ്രശ്നങ്ങൾ കേൾക്കാൻ വോളണ്ടിയർമാർ സന്നദ്ധമാണ്. ഒരു ജീവനെ ആത്മഹത്യയിൽ നിന്നും പിടിച്ചു നിർത്താൻ കഴിഞ്ഞാൽ അത് പുണ്യമാണെന്ന് കരുതുന്നവരാണവർ. പലർക്കും ചൈത്രത്തിൽ നിന്ന് ആശ്വാസവും മനോധൈര്യവും ലഭിക്കുന്നുണ്ടെന്ന് ചൈത്രത്തിന് നേതൃത്വം നൽകുന്ന ഡോ. വിജയലക്ഷ്മി പറയുന്നു.

നഗരത്തിലെ എക്സൈസ് വിഭാഗവുമായി ചേർന്ന് ലഹരി വിമുക്തപ്രവർത്തനങ്ങളും പ്രളയം തുടങ്ങിയ ദുരന്ത മേഖലകളിൽ വസ്ത്രവും മരുന്നും എത്തിക്കാനും അവിടെ കഴിയുന്നവരുടെ മാനസിക സംഘർഷം ലഘൂകരിക്കാൻ കൗൺസിലിങ്ങും സൗജന്യമായി നൽകി വരുന്നു.

### ആംബുലൻസ് സേവനം

1971 മുതൽ കരയോഗത്തിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസ് ഉണ്ട്. 2002 മുതൽ മൊബൈൽ ബോഡി ഫ്രീസറും എസി ആംബുലൻസ് സേവനവും ഇക്കോ ആംബുലൻസ് സർവീസും ഉണ്ട്.

സാമൂഹ്യസേവന കമ്മറ്റിയും എഞ്ചിനിയേഴ്സ് ഫോറവും കംപ്ലൈന്റ്സ് റിഡ്രസൽ സെല്ലും അപ്പീൽ കമ്മറ്റിയും സോഷ്യൽ സർവ്വീസ് കമ്മറ്റിയും സ്റ്റാഫ് വെൽഫയർ കമ്മറ്റിയും മെമ്പർഷിപ്പ് സ്ക്രൂട്ടണിയും സാമ്പത്തിക ഉപദേശക സമിതിയും കരയോഗത്തിലെ മറ്റ് കമ്മറ്റികളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

## എറണാകുളം കരയോഗം
(സ്ഥാപിതം - 1925)

ടി.ഡി.എം. ഹാൾ, കോംപ്ലക്സ്, ഡർബാർ ഹാൾ റോഡ്,
എറണാകുളം, കൊച്ചി - 682 016.

E-mail: ekmkgm@gmail.com Website:- www.ernakulamkarayogam.com

| കരയോഗത്തിൻെറ സ്ഥാപനങ്ങൾ | സ്ഥാപിതവർഷം |
|---|---|
| എറണാകുളം കരയോഗം | 1925 |
| ടി.ഡി.എം. ഹാൾ - പെരിയാർ (ground floor) | 1941 |
| ഹോമിയോ മെഡിക്കൽ സെൻറർ | 1965 |
| ആംബുലൻസ് സർവ്വീസ് | 1971 |
| ശ്രീ രുദ്രവിലാസം യു.പി.സ്ക്കൂൾ | 1983 |
| കരയോഗം ലൈബ്രറി & റീഡിംഗ് റൂം | 1985 |
| ടി.ഡി.എം. ഹാൾ പമ്പ വിപുലീകരണം (second floor) | 1993 |
| കരയോഗം മാട്രിമോണിയൽ ഡാററാ ബാങ്ക് (മാംഗല്യം) | 1996 |
| ടി.ഡി.എം. ഹാൾ ഗംഗ എ.സി. (first floor) | 2001 |
| കരയോഗ സൗഹൃദം മാസിക (കരയോഗം മുഖപത്രം) | 2003 |
| ചൈത്രം (മാനസിക ആരോഗ്യ കേന്ദ്രം) | 2007 |
| ടി.ഡി.എം. ഹാൾ-കാവേരി എ.സി (second floor) | 2007 |
| പ്രശാന്തി വൃദ്ധമന്ദിരം (പാലാരിവട്ടം) | 2009 |
| പ്രശാന്തി വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ (പാലാരിവട്ടം) | 2009 |
| കൈലാസം അതിഥി മന്ദിരം | 2012 |
| ടി.ഡി.എം. ഹാൾ (യമുന) (first floor) | 2012 |
| ടി.ഡി.എം. ഹാൾ നിള എ.സി. (ground floor) | 2012 |
| ടി.ഡി.എം. ഹാൾ -ഗോദാവരി എ.സി. ബോർഡ് റൂം (second floor) | 2013 |
| ടി.ഡി.എം. ഹാൾ സൂര്യ എ.സി. (second floor) | 2014 |
| ടി.ഡി.എം. ഹാൾ - കൃഷ്ണ എ.സി. എക്സിബിഷൻ ഹാൾ (ground floor) | 2014 |
| ടി.ഡി.എം. ഹാൾ - നർമ്മദ എ.സി. (first floor) | 2014 |
| എറണാകുളം കഥകളി ക്ലബ്ബ് ഏറ്റെടുക്കൽ | 2015 |
| ടി.ഡി.എം. ഹാൾ - സരസ്വതി (first floor) | 2015 |
| ടി.ഡി.എം. ഹാൾ - പെരിയാർ നവീകരണം | 2015 |
| കരയോഗം നവതി മെമ്മോറിയൽ പോളിക്ലിനിക് | 2016 |
| ചെറായി തൃക്കടക്കപ്പിള്ളി ക്ഷേത്രം | 2016 |
| കരയോഗം നവതി മെമ്മോറിയൽ ഗസ്റ്റ്ഹൗസ്,ഗുരുവായൂർ | 2020 |

## എറണാകുളം കരയോഗത്തിന്റെ

# 33-ാമത്
# ശ്രീമദ് ഭാഗവത
# സപ്താഹജ്ഞാന യജ്ഞം

**2020 ഫെബ്രുവരി 16 ഞായറാഴ്ച മുതൽ 23 ഞായറാഴ്ച വരെ ടി ഡി എം ഹാളിൽ**

## സപ്താഹ പരിപാടി

### 16-02-2020 ഞായർ

രാവിലെ 8.00ന് : സർവ്വൈശ്വര്യ പൂജ

വൈകുന്നേരം 3.30 ന് : ഭാഗവത മാഹാത്മ്യ പ്രഭാഷണം



### 17-02-2020 തിങ്കൾ

രാവിലെ 6.30 മുതൽ : ഭാഗവത ഉൽപ്പത്തി,
സൂത-ശൗനകസംവാദം
വ്യാസനാരദസംവാദം
ശ്രീശുകആഗമനം,
ശ്രീശുക പരീക്ഷിത്ത്സംവാദം
ബ്രഹ്മ നാരദസംവാദം
ചതുഃശ്ലോകീഭാഗവതം
വിദുര-ഉദ്ധവ സംവാദം
വരാഹാവതാരം



### 18-02-2020 ചൊവ്വ

രാവിലെ 6.30 മുതൽ : കപിലാവതാരം
കപിലോപദേശം,
ദക്ഷയാഗം,
ധ്രുവചരിതം, പൃഥുചരിതം
പുരഞ്ജ്ജനോപാഖ്യാനം
ഋഷഭാവതാരം,
ഭരതചരിതം,
ഭദ്രകാളി അവതാരം




### 19-02-2020 ബുധൻ

രാവിലെ 6.30 മുതൽ : ഭരതരഹൂഗണസംവാദം
ഭൂഗോള വർണ്ണന,
നരകവർണ്ണന
അജാമിളമോക്ഷം,
വൃത്രചരിതം,
ചിത്രകേതൂപാഖ്യാനം
പ്രഹ്ളാദചരിതം,
നരസിംഹാവതാരം



### 20-02-2020 വ്യാഴം

രാവിലെ 6.30 മുതൽ : വർണ്ണാശ്രമധർമ്മം
ഗജേന്ദ്രമോക്ഷം,
പാലാഴിമഥനം,
കൂർമ്മാവതാരം
വാമനാവതാരം,
മത്സ്യാവതാരം,
ശ്രീരാമാവതാരം,
പരശുരാമാവതാരം,
ശ്രീകൃഷ്ണാവതാരം



### 21-02-2020 വെള്ളി

രാവിലെ 6.30 മുതൽ : ബാലലീലകൾ,
ബ്രഹ്മസ്തുതി
കാളിയമർദ്ദനം, ഗോവിന്ദാഭിഷേകം,
രാസലീല,
കംസവധം,
രുക്മിണീ സ്വയംവരം



### 22-02-2020 ശനി

രാവിലെ 6.30 മുതൽ : സ്യമന്തകോപാഖ്യാനം,
ബാണയുദ്ധം,
രാജസൂയം,
കുചേലവൃത്തം,
സന്താനഗോപാലം,
ഭാഗവത ധർമ്മകഥനം,
ഉദ്ധവോപദേശം



### 23-02-2020 ഞായർ

രാവിലെ 6.30 മുതൽ : ഉദ്ധവന്റെ ബദരീയാത്ര
സ്വധാമപ്രാപ്തി
കൽക്കി അവതാരം
മാർക്കണ്ഡേയചരിതം,
ഭാഗവതസംഗ്രഹം,
യജ്ഞസമർപ്പണം



## എറണാകുളം കരയോഗം
## 12.02.2020 മുതൽ 07.03.2020 വരെയുള്ള പരിപാടികൾ

| | | | | |
|---|---|---|---|---|
| 12.02.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 15.02.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 16.02.2020 | ഞായർ | | : | സപ്താഹജ്ഞാനയജ്ഞം ആരംഭം |
| | | 8.00 a.m. | : | നാരായണീയ സർവ്വൈശ്വര്യ പൂജ |
| | | 10.00 a.m. | : | പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| | | 4.30 p.m. | : | അകായിലെ സംഗീതം - കെ. രാഘവൻ മാസ്റ്റർ സംഗീതം |
| 19.02.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 22.02.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 23.02.2020 | ഞായർ | | : | സപ്താഹജ്ഞാനയജ്ഞം സമാപനം |
| | | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ് : |
| 25.02.2020 | ചൊവ്വ | 6.30 p.m. | : | കരയോഗം കഥകളി ക്ലബ്ബ് - കഥകളി - ലവണാസുരവധം |
| 26.02.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 28.02.2020 | വെള്ളി | 6.30 p.m. | : | ബിം പ്രതിമാസ പരിപാടി |
| | | | | രാഗസുധാരസം- വി.കെ. കലാധരൻ |
| 29.02.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 04.03.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 07.03.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

## വിമൻസ് ഫോറം 2020 ഫെബ്രുവരി മാസത്തെ പരിപാടി

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 19.02.2020 ബുധൻ | അംഗങ്ങളുടെ വിവിധകലാപരിപാടികൾ | 3.30 P.M |



# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതിയ വർഷം എല്ലാവരും സന്തോഷത്തോടെ ആഘോഷിച്ചിരിക്കുമല്ലോ ? പുതിയ കാര്യങ്ങൾ, പുതിയ അറിവുകൾ എല്ലാം സ്വായത്തമാക്കണം കേട്ടോ. അതിനുള്ള ആത്മാർത്ഥശ്രമം കൂട്ടുകാർക്ക് ഉണ്ടാവണം.

ഒരു കുട്ടിയുടെ അമ്മയോടുള്ള സംശയം.

എന്താണമ്മേ പരിശ്രമം എന്ന വാക്കിന്റെ ശരിയായ അർത്ഥം? ഞങ്ങളുടെ ക്ലാസ്സ് ടീച്ചർ ഇടയ്ക്കിടെ പറയാറുണ്ട്. പരിശ്രമിച്ചാലെ വിജയിക്കാനാവൂ എന്ന്. അമ്മ പറഞ്ഞു എന്റെ അടുത്ത് വന്നിരിക്കൂ. എല്ലാം ഉണ്ണിക്കു വ്യക്തിമാക്കിത്തരാം.

അസാധ്യമായി ഒന്നുമില്ല മോനെ. നമ്മുടെ ആളുകൾ ചന്ദ്രനിൽ ചുവടുറപ്പിക്കാൻ പോയ കാര്യം അമ്മ പറഞ്ഞു തന്നിട്ടില്ലേ? പരീക്ഷയിൽ മാത്രമല്ല എല്ലാ മേഖലകളിലും ഒന്നുപോലെ മനുഷ്യർക്ക് ചെയ്യാനാവുന്ന കാര്യങ്ങൾ ധാരാളമുണ്ട്. എന്തെന്തു നേട്ടങ്ങളാണ് മനുഷ്യർ ഉണ്ടാക്കുന്നത്. അതുകൊണ്ട് തന്നെയാണ് അസാധ്യമായി ഒന്നുമില്ലെന്ന് അമ്മ പറഞ്ഞത് കേട്ടോ. ഇപ്പോൾ കുട്ടനു മനസ്സിലായല്ലോ അമ്മ പറഞ്ഞതിന്റെ പൊരുൾ.

ശരി അമ്മേ ഞാൻ അമ്മ പറഞ്ഞതുപോലെ അനുസരിക്കും.

കഠിന പരിശ്രമം കൂടാതെ ഒന്നും സ്വായത്തമാവില്ല കൂട്ടുകാരെ. ലോകചരിത്രം തന്നെ എടുത്തു നോക്കൂ. എന്തെങ്കിലും നേടിയവരെല്ലാം പരിശ്രമശാലികളായിരുന്നു. വൻവിജയം നേടണം എങ്കിൽ കടുത്ത പരിശ്രമം ആവശ്യമാണ്.

പ്രഗത്ഭരും വിവേകികളുമായ വ്യക്തികളുടെ അശ്രാന്തപരിശ്രമം കൊണ്ടാണ് നമ്മുടെ നാട് ഈ രീതിയിൽ നിലനിൽക്കുന്നത്.

ഭാരതത്തിനു മാത്രം സ്വന്തമായ ഇതിഹാസങ്ങളും, പുരാണങ്ങളുമെല്ലാം രചിച്ചതിനു പുറകിൽ എത്രമാത്രം ശ്രദ്ധയും നിഷ്ഠയും പരിശ്രമവും ഉണ്ടായിരുന്നു കാണണം കൂട്ടുകാരെ. വീണ്ടും വീണ്ടും പ്രവർത്തിക്കാനും ഫലം കൊയ്യാനുമുള്ള ത്വര മനുഷ്യസഹജമാണ്.

മഹർഷി വേദവ്യാസൻ പതിനെട്ടു പുരാണങ്ങളുടെ കർത്താവാണ്. എന്നിട്ടോ മുനിക്കു തൃപ്തി ആവുന്നില്ല. അപ്പോൾ നമ്മുടെ നാരദർ അവിടെ എത്തി. എന്താണങ്ങയുടെ മുഖത്തൊരു മ്ലാനത. ഒരു പ്രസന്നത ഇല്ലായ്മ. നാരദർ തന്റെ സംശയം മറച്ചു വെച്ചില്ല.

ശരിയാണ് മുനി പറഞ്ഞു. 'എന്തോ ഒരു അപൂർണത. പതിനെട്ടു പുരാണം എഴുതിയിട്ടും എന്തോ ഒരു കുറവ്. എന്താണെന്നു എനിക്കു തന്നെ പറയാൻ ആവുന്നില്ല.

ഞാനെന്തു ചെയ്യണം.'?

നാരദർ അരുളി. 'അങ്ങ് വലിയ ഭക്തനാണല്ലോ. സാക്ഷാൽ ശ്രീകൃഷ്ണ ഭഗവാനോടുള്ള അചഞ്ചലമായ ഭക്തി അങ്ങേക്കുണ്ടല്ലോ. അപ്പോൾ പിന്നെന്തിനാണ് വിഷമം. എഴുതിക്കോളൂ ലോകനന്മക്കായി കൃഷ്ണഭക്തിയെക്കുറിച്ചൊരു പുരാണം കൂടി.' നാരദർ പോയിക്കഴിഞ്ഞപ്പോൾ മുനി ചിന്താധീനനായി കുറെ നേരം ഇരുന്നു.

പിന്നീടങ്ങോട്ട് അദ്ദേഹത്തിന്റെ മനസ്സിൽ വ്യാപരിച്ചതു കൃഷ്ണഭക്തി മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ചേതനയിൽ ഉദിച്ച അതിമനോഹരമായ, അർത്ഥവത്തായ ആ കാവ്യമാണ് കൂട്ടുകാരെ ശ്രീമദ് ഭാഗവതം. ഭഗവൽ ഭക്തി എല്ലാത്തരം ക്ലേശങ്ങളെയും ഒരു പരിധി വരെ ഇല്ലാതാക്കുമെന്നാണ് വേദവ്യാസൻ ഭാഗവതതത്വങ്ങളിലൂടെ നമ്മെയെല്ലാം ഓർമ്മിപ്പിക്കുന്നത്. ഭാഗവതം കഥകൾ ഏറെ മനോഹരമാണ്. കൂട്ടുകാർ അച്ഛനമ്മമാരോട് ഇതിലെ കഥകൾ ആഴ്ചയിൽ ഒരിക്കലെങ്കിലും പറഞ്ഞു തരാൻ ആവശ്യപ്പെടണം കേട്ടോ. കൂട്ടുകാർ ആ ഉണ്ണിക്കണ്ണനെ ഒന്ന് വിഭാവനം ചെയ്തു നോക്കൂ.

അമ്പിളി വാനിലുദിച്ചതുപോലെയുള്ള ഒരുണ്ണി, കാളിയന്റെ ദർപ്പം അടക്കിയ ഉണ്ണി, കൈയ്യിൽ വേണുവൂതുന്ന അഞ്ജനവർണ്ണൻ, പാദങ്ങളിൽ പൊന്നിൻ കിങ്ങിണി, നെറ്റിയിൽ ഗോരോചനക്കുറി, മാറിൽ വനമാല, കർണ്ണങ്ങളിൽ മിന്നുന്ന കുണ്ഡലങ്ങൾ, കാട്ടിലിറങ്ങി മാടുകളെ മേക്കുന്ന കാറൊളി വർണ്ണൻ. അങ്ങിനെ എത്ര വർണ്ണിച്ചാലും മതിയാകാത്ത കോമള ബാലനെ മനസ്സിൽ കണ്ടോളൂ കൂട്ടുകാരെ. നന്നായിട്ടു പ്രാർത്ഥിക്കുകയും ചെയ്തോളൂ.

# വിലയുള്ളത്

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ചപ്പുചവറുകൾക്കിടയിൽ തീറ്റ തേടിയ കോഴിക്ക് ഒരു സ്വർണ്ണമാല കിട്ടി. സ്വർണ്ണമാല കൊത്തിയെടുത്ത് മാറ്റിയിട്ട് കോഴി നിന്നു.

അപ്പോൾ മാല ചോദിച്ചു.

എന്താ........ എന്നെ കിട്ടിയിട്ട് നിനക്ക് സന്തോഷമായില്ലേ ?

കോഴി പറഞ്ഞു –

സന്തോഷമൊക്കെയായി. പക്ഷേ ഇതൊരു പെണ്ണിനാണ് കിട്ടിയിരുന്നതെങ്കിൽ അവൾക്ക് എത്ര മാത്രം സന്തോഷമാകുമായിരുന്നു. അവൾ എന്നും നിന്നെ കഴുത്തിലണിഞ്ഞു സന്തോഷിച്ചേനെ.

വെയിലിന്റെ തിളക്കത്തിൽ മാല കുലുങ്ങി ചിരിച്ചു. കോഴി പറഞ്ഞു. –

ഇപ്പോൾ എനിക്ക് അതികഠിനമായ വിശപ്പാണ്. നീയൊരു ധാന്യമാലയായിരുന്നെങ്കിൽ എനിക്ക് വളരെ സന്തോഷമായിരുന്നേനെ.........!

കോഴി മാല കൊത്തിയെടുത്ത് തന്റെ യജമാനത്തിയുടെ മുന്നിൽ വെച്ചുകൊടുത്തു. കോഴിക്ക് അവർ ധാരാളം ധാന്യമണികളും കുതിർത്തിയ പിണ്ണാക്കും തവിടുമൊക്കെ കൊടുത്തു. പിന്നെ അന്തസ്സോടെ മാല കഴുത്തിലണിഞ്ഞ്, കണ്ണാടിക്ക് മുന്നിൽ ചെന്നു നിന്ന് സ്വന്തം ചന്തം നോക്കി രസിച്ചു.

ഓരോ വസ്തുവും അത് കിട്ടേണ്ട ആൾക്ക് കിട്ടുമ്പോഴാണ് വിലയുള്ളതാകുന്നത്.

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2020 ഫെബ്രുവരി/മാർച്ച് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 13.2.2020 | | എം. ശ്രീവല്ലഭൻ നായർ | നാം എങ്ങോട്ട് ? | 1054 |
| 20.2.2020 | കരയോഗത്തിൽ സപ്താഹമാകയാൽ യോഗം ചേരുന്നതല്ല. | | | |
| 27.2.2020 | പ്രസന്നകുറുപ്പ് | പി. ജയരാമൻ | സിംഗപ്പൂരിലേക്കും മലേഷ്യയിലേക്കും വീണ്ടും ഒരു യാത്ര | 1055 |
| 05.3.2020 | | കെ. ഹരിഹരൻ | നിമിത്തവും ശകുനവും | 1056 |
| 12.3.2020 | പി. രാമാനുജൻ | സി. ജയറാം | ഗാനസന്ധ്യ | 1057 |

മിനിക്കഥ

# കണ്ടു വരുന്നത്

ഉണ്ണി വാരിയത്ത്. ഫോൺ : 09867179480

ശരീരം നിവർന്നു നില്ക്കാനും വളയ്ക്കാനും സാധിക്കുന്ന വിധത്തിലാണല്ലോ നട്ടെല്ലിന്റെ ഘടന. അതുപോലെ മൃദുലമാകാനും വേണ്ടപ്പോൾ ബലം പിടിക്കാനും കഴിയുന്ന വിധത്തിലാണല്ലോ ഹൃദയത്തിന്റെ ഘടന.

പക്ഷെ, വളച്ചു വളച്ച് നിവരാൻ മറന്നുപോയ നട്ടെല്ലില്ലാത്ത ജീവികളെയും, ഇടുങ്ങിയ മനസ്ഥിതിയാൽ ഹൃദയമില്ലാതായ ജീവികളെയുമാണല്ലോ ഇക്കാലത്ത് അധികം കണ്ടു വരുന്നത്.

ഇതിനോട് വിയോജിപ്പുള്ളവർ തീർച്ചയായും അത്തരം ജീവികളായിരിക്കും.

രാഗപരിചയം

# പീലു

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഹിന്ദുസ്ഥാനി രാഗമായ പീലു കർണ്ണാടകസംഗീതത്തിലേക്ക് അതേപടി സ്വീകരിച്ച് ഉപയോഗിച്ചിരിക്കുന്ന ഒരു രാഗമാണ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഏതു വിധത്തിൽ ഉപയോഗിക്കുന്നുവോ അതിൽ നിന്നും ഒരു വ്യത്യാസവും വരുത്താതെയാണ് കർണ്ണാടക സംഗീതത്തിലും ഉപയോഗിച്ചു വരുന്നത്. 22 -ാമത്തെ മേളകർത്താരാഗമായ ഖരഹരപ്രിയയുടെ സമാന ഹിന്ദുസ്ഥാനി രാഗമായ കാഫി ഥാട്ടിൽ നിന്നാണ് പീലു രാഗത്തിന്റെ ജനനം.

കർണ്ണാടക സംഗീതത്തിലെ കാപ്പി രാഗം മദ്ധ്യമശ്രുതിയിൽ ആലപിച്ചാൽ പീലു രാഗമായി മാറും. പുരാതന കാലത്തെ പീലു രാഗം ഇപ്പോഴത്തെ കീരവാണി രാഗമായി സമാനത പുലർത്തിയിരുന്നതായി ചില ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്,

ആരോഹണം : നി സ ഗ രി ഗ മ പ നി ധ പ സ

അവരോഹണം: സ നി ധ പ മ ഗ രി ഗ നി സ

സ്വരസ്ഥാനങ്ങൾ. ഷഡ്ജം, ചതു:ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം, കാകളി നിഷാദം.

ഭക്തി, ദു:ഖം, ശൃംഗാരം, പ്രതീക്ഷ എന്നിവ പ്രകടിപ്പിക്കുവാൻ ഉത്തമമായ രാഗമാണിത്. മദ്ധ്യാഹ്ന സമയത്തു ആലപിക്കുമ്പോൾ ഭക്തിയും സായാഹ്ന-രാത്രി സമയങ്ങളിൽ ആലപിക്കുമ്പോൾ ശൃംഗാരവും ധ്വനിപ്പിക്കുമെന്നു സമയ സിദ്ധാന്തം അനുസരിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രസന്നത ഉള്ള രാഗം കൂടിയാണിത്.

സാങ്കേതികതയേക്കാൾ ഭാവത്തിനാണ് ഈ രാഗത്തിൽ പ്രാധാന്യം. ഹിന്ദി ചലച്ചിത്ര ഗാനരംഗത്ത് വളരെയേറെ പ്രചാരം നേടിയ രാഗമാണ് പീലു. അർദ്ധ ശാസ്ത്രീയ സംഗീത രൂപങ്ങളായ തുമ് രി, ഭജൻ അഭംഗ് എന്നിവയാണ് ഈ രാഗത്തിൽ കൂടുതലായി ചിട്ടപ്പെടുത്തിയിരിക്കുന്നത്. വർഷകാലവുമായി ആണ് പീലു രാഗത്തെ ബന്ധിപ്പിച്ചിരിക്കുന്നത്.

## ഈ രാഗത്തിലുള്ള സംഗീത രൂപങ്ങൾ

| | | |
|---|---|---|
| 1. ഭജരേ യദുനാഥം | ആദി | സദാശിവ ബ്രഹ്മേന്ദ്ര |
| 2. ശരണ് ശരണ് ഏക്നാഥ | തീൻതാൾ | അഭംഗ് - സന്ത് തുക്കാറാം |
| 3. തുമ് രാധേ ബനോ ശ്യാമ് | തീൻ താൾ | ഭജൻ |

## ചലചിത്രഗാനങ്ങൾ

| | |
|---|---|
| 1. ദൈവം തന്ന വീട് | അവൾ ഒരു തുടർക്കഥ |
| 2. താലോലം പൈതൽ | എഴുതാപ്പുറങ്ങൾ |
| 3. അറബിക്കഥയിലെ | സദയം |
| 4. മധുരം ജീവാമൃത ബിന്ദു | ചെങ്കോൽ |
| 5. വീണ പാടുമീണമായി | വാർദ്ധക്യപുരാണം |
| 6. എനിക്കു പാടാനൊരു | ഇവർ വിവാഹിതരായാൽ |
| 7. അണ്ണാറക്കണ്ണാ വാ | ഭ്രമരം |
| 8. അന്ത ശിവകാമി മകനിടം | പട്ടണത്തിൽ ഭൂതം |
| 9. ശെന്തമിഴ് തേൻ മൊഴിയാൽ | മാലയിട്ട മങ്കൈ |
| 10. പിയാ പിയാ നാ ലാഗെ | ഫാഗുൻ |
| 11. ത്സൂലെ മേം പവന് കേ | ബൈജൂ ബാവ്രാ |
| 12. സുർ നാ സജേ ക്യാ ഗാവു മേം | ബസന്ത് ബഹാർ |
| 13. ആജ് കീ രാത് | നയി ഉമർ കി നയി ഫസൽ |
| 14. ധീരേ സേ ആജാ | അൽബേലാ |


# വാസ്തുശാസ്ത്രം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

പല വീടുകളിലും, കിടപ്പു മുറിയുടെ ജനാലകൾ മുട്ടി അലമാരകൾ പണിതു കാണുന്നു. കിഴക്കു - വടക്കു ഭാഗത്തു ചുമരിൽ മുട്ടിയിരിക്കുന്നു. അതുപോലെ കിഴക്കേ ചുമരിലും മുട്ടിച്ചു ഇട്ടിരിക്കുന്നു. കുട്ടികൾ വീഴാതിരിക്കുന്നതിനാണ് ഇങ്ങിനെ ചെയ്തിരിക്കുന്നത് എന്നാണ് അവരുടെ ഭാഷ്യം. കട്ടിൽ പടിഞ്ഞാറെ ചുമരിലും, തെക്കേ ചുമരിലും മുട്ടാവുന്നതാണ്. വടക്കും കിഴക്കും, ചുമരിൽ മുട്ടിച്ചിടരുത്. കിഴക്കോട്ട് തലവെച്ച് കിടക്കുമ്പോൾ തല വരുന്ന ഭാഗം മാത്രം ചുമരിൽ മുട്ടാവുന്നതാണ്. അതുപോലെ വടക്ക് കിഴക്കു മൂല അടച്ച് അലമാരകൾ പണി ചെയ്യരുത്. വീട് വാസ്തു നോക്കി പണിചെയ്തതുകൊണ്ട് മാത്രം യാതൊരു ഗുണവും കിട്ടുന്നതല്ല. ഇന്റീരിയർ ഡെക്കറേറ്റർ വന്ന് പണി തുടങ്ങുന്നതിനു മുമ്പ് നല്ലപോലെ ശ്രദ്ധിച്ച് ഓരോന്നിന്റെയും സ്ഥാനം ശരിക്കും അടയാളപ്പെടുത്തണം, അടുക്കളയിലും, കിടപ്പുമുറിയിലും ഊൺമുറിയിലും ഓരോന്നിനും, സ്ഥാനം ഉണ്ട് എന്ന് ഓർക്കണം.


വടക്കു കിഴക്കേ ഭാഗത്തു ഒരിക്കലും സ്റ്റൗ വരരുത്. തെക്ക് കിഴക്ക് ഭാഗത്ത് സിങ്കും വരരുത്. ഡൈനിങ്ങ് റൂമിൽ തെക്കു പടിഞ്ഞാറു ഭാഗത്ത് വാഷ്ബേസിൻ വരരുത്. വീടിന്റെ സർവ്വവിധ ഐശ്വര്യങ്ങൾക്കും മേൽ പറഞ്ഞ വസ്തുതകൾ വളരെ അധികം ശ്രദ്ധയോടെ ചെയ്യേണ്ടവയാണ്.




*തെക്ക് പടിഞ്ഞാറ് കിടപ്പുമുറി*

തെക്ക് പടിഞ്ഞാറ് ഭാഗത്ത് കിടപ്പുമുറി വളരെ നല്ലതാണ്. എന്നാൽ അതിന്റെ വാതിൽ മുറിയുടെ വടക്ക് - കിഴക്ക് , അഥവാ കിഴക്ക് വടക്കായിരിക്കണം. തല എപ്പോഴും തെക്കോട്ടു തന്നെ വേണം. തെക്ക് പടിഞ്ഞാറ് ജനൽ വേണം. വടക്ക് - കിഴക്ക് വാതിൽ വന്നാൽ ആ ഭാഗത്ത് ഭാരം ഉള്ള ഒന്നും തന്നെ വെക്കുന്നത് നല്ലതല്ല. തെക്കു പടിഞ്ഞാറ് കാറ്റ് ആ വാതിലിൽ കൂടി പുറത്തു പോകുമ്പോൾ തുടർച്ചയായി, തെക്ക് പടിഞ്ഞാറ് കാറ്റ് മുറിയിൽ കൂടി ഒഴുകുന്നതാണ്.

കേരളത്തിൽ കൂടുതൽ കാലം തെക്കു പടിഞ്ഞാറൻ കാറ്റിന്റെ സമയമാണ്.





*തെക്കു കിഴക്ക് കിടപ്പുമുറി*

തെക്ക്- കിഴക്ക് കിടപ്പു മുറി നല്ലതാണ്. തെക്കോട്ടും, കിഴക്കോട്ടും ജനൽ വേണം. തെക്കു പടിഞ്ഞാറ് കാറ്റ്, വടക്കു കിഴക്ക് ജനൽ വഴി ഒഴുകുന്നതാണ്. വാതിൽ എവിടെയായാലും കുഴപ്പമില്ല.

അലമാരകൾ ഇടുമ്പോൾ, വടക്ക് - കിഴക്കേ മൂല, മുറിയുടെ വീതിയുടെ 1/8 സ്ഥലം ഒഴിച്ചിടണം. തെക്കോട്ടോ, കിഴക്കോട്ടോ, തലവെച്ച് കിടക്കാം. കിടക്കയുടെ വടക്കു ഭാഗത്ത്, തെക്കിനേക്കാൾ കൂടുതൽ സ്ഥലം വേണം.


തല തെക്കോട്ടാണെങ്കിൽ, പടിഞ്ഞാറിനേക്കാൾ കൂടുതൽ സ്ഥലം കിഴക്ക് വേണം. പടിഞ്ഞാറും വടക്കും അലമാരകൾ ഇടാവുന്നതാണ്. വില കൂടിയ സാധനങ്ങൾ, ക്യാഷ്, ജ്യൂവലറി എന്നിവ തെക്ക് പടിഞ്ഞാറ് വെക്കണം.




*വടക്കു പടിഞ്ഞാറ് കിടപ്പുമുറി*

വടക്ക് പടിഞ്ഞാറു കിടപ്പുമുറി നല്ലതാണ്. പടിഞ്ഞാറും, വടക്കും ജനലുകൾ വേണം. തല കിഴക്കോട്ടായി കിടക്കാം. കിടക്കയുടെ വടക്ക്, തെക്കിനേക്കാൾ കൂടുതൽ സ്ഥലം വേണം. വടക്കു- കിഴക്കേ മൂലയിൽ ഭാരമുള്ള ഒന്നും തന്നെ വെയ്ക്കരുത്. പഠിക്കുന്ന കുട്ടികളുടെ മേശയും കസേരയും ഇടാവുന്നതാണ്.

ടോയ്‌ലറ്റ് വേണമെങ്കിൽ തെക്കു പടിഞ്ഞാറ് ആകാം. ടോയ്‌ലറ്റിലേക്കുള്ള വാതിൽ കിടപ്പുമുറിയുടെ തെക്ക് പടിഞ്ഞാറ് വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അഥവാ അങ്ങിനെ വന്നാൽ ടോയിലറ്റിലേക്കുള്ള വാതിലിന് അടിപ്പടി കൊടുക്കണം.




*വടക്കു കിഴക്ക് കിടപ്പുമുറി*

വടക്ക് കിഴക്കേ കിടപ്പുമുറി കുട്ടികൾക്ക് കൊടുക്കണം. പ്രായമായവർ അവിടെ കിടക്കുന്നത് ഒഴിവാക്കുന്നതാണ് നല്ലത്.

തല തെക്കോട്ട് അല്ലെങ്കിൽ കിഴക്കോട്ട് മാത്രം വെക്കുന്നതാണ് നല്ലത്. മുറിയിലേക്ക് കടക്കുന്ന വാതിൽ എവിടെയായാലും വിരോധമില്ല. പടിഞ്ഞാറ് വടക്കും, തെക്ക് അഥവാ തെക്കു കിഴക്കും പടിഞ്ഞാറും ആകാം. ഭാരമുള്ള ഒന്നും തന്നെ വടക്ക് - കിഴക്ക് വരരുത്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 ജനുവരി മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. സുജാത നായർ മുല്ലോത്ത്, സ്കൈലൈൻ ലീഗസി അപ്പാർട്ട്മെന്റ്, ഇ.എസ്. ഐ റോഡ്, കൊച്ചി -18 | 25,000/- |
| 2. | ശ്രീമതി . പി. എം. സുകുമാരി ദേവി, ആനന്ദ ഭവൻ, രവിപുരം റോഡ്, കൊച്ചി - 16 | 25,000/- |
| 3. | ശ്രീ. അനിൽ. കെ. നായർ, 28/2975 എ, ഇലഞ്ഞേരി റോഡ്, കടവന്ത്ര, കൊച്ചി-20 | 18,498/- |
| 4. | ജസ്റ്റിസ്. എസ്. സിരിജഗൻ, 4 സി, സ്റ്റാർ പാരഡൈസ്, കടവന്ത്ര, കൊച്ചി -20 | 15,000/- |
| 5. | ശ്രീമതി. പൊന്നമ്മ. കെ. ജി, ഉപാസന, ജവഹർ നഗർ, 151, കടവന്ത്ര, കൊച്ചി - 20 | 10,000/- |
| 6. | ശ്രീമതി. തുളസി എസ്. മേനോൻ, പൊയ്ബ്ലാശ്ശേരി ഹൗസ്, രവിപുരം, കൊച്ചി-16 | 10,000/- |
| 7. | ശ്രീ. എൻ.കെ.പി.മേനോൻ, നെടുവേലിൽ, പത്മവിഹാർ, ലായം റോഡ്, കൊച്ചി- 11 | 5,000/- |
| 8. | ശ്രീമതി. ശാന്ത സേതുമാധവൻ & എൽ. എൻ. സേതുമാധവൻ, 57/683, കൊടക്കാട്ട് ഹൗസ്, കാരിക്കാമുറി ക്രോസ്സ് റോഡ്, Nr., Spectrum, എറണാകുളം | 5,000/- |
| 9. | ശ്രീ. ടി. ഗോപകുമാർ, തോട്ടക്കാട്ട്, താമരംകുളങ്ങര, തൃപ്പൂണിത്തുറ | 5000/- |



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

**ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)**

### സ്വാമി വിവേകാനന്ദൻ

ഭാരതീയവേദാന്തദർശനങ്ങളും യോഗമുറകളും പാശ്ചാത്യലോകത്തിനു പരിചയ പ്പെടുത്തിക്കൊടുത്ത സന്യാസി, ആധുനിക ഭാരതത്തിന്റെ ഹൈന്ദവ നവോത്ഥാന നായകൻ, ബ്രിട്ടീഷ് ഇന്ത്യയിൽ ദേശീയവാദം എന്ന ആശയത്തിനു പ്രസക്തിയുണ്ടാക്കിയ ഭാരതീയൻ, രാമകൃഷ്ണമഠത്തിന്റെയും രാമകൃഷ്ണ മിഷന്റെയും സ്ഥാപകൻ തുടങ്ങിയ നിലകളിൽ ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന മഹാഋഷിയാണ് സ്വാമിവിവേകാനന്ദൻ. 'അമേരിക്കക്കാരായ എന്റെ സഹോദരികളേ, സഹോദരന്മാരേ,' എന്ന വാക്കുകളോടെ ആരംഭിച്ച അദ്ദേഹത്തിന്റെ ചിക്കാഗോ പ്രഭാഷണം (എ.ഡി. 1893) ചരിത്രത്തിന്റെ ഇടനാഴികളിൽ ഇന്നും അനുരണനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

കൊൽക്കത്തയിലെ അഭിജാതമായ ഒരു കായസ്ഥ കുടുംബത്തിൽ എ.ഡി. 1863-ലാണ് വിവേകാനന്ദൻ ജനിച്ചത്. നരേന്ദ്രനാഥദത്ത എന്നായിരുന്നു പൂർവ്വാശ്രമത്തിലെ പേര്. മാതാപിതാക്കൾ വാത്സല്യപൂർവ്വം നരേൻ എന്നും ബന്ധുക്കൾ നരേന്ദ്രൻ എന്നും അദ്ദേഹത്തെ സംബോധന ചെയ്തുപോന്നു. പിതാവായ വിശ്വനാഥദത്ത കൊൽക്കത്ത ഹൈക്കോടതിയിലെ വക്കീലായിരുന്നു. (മുത്തച്ഛൻ ദുർഗാചരൺ ദത്തക്ക് സംസ്കൃതത്തിലും പേഴ്സ്യൻ ഭാഷയിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹം യൗവ്വനത്തിൽ തന്നെ സന്യാസം വരിച്ചു). മാതാവായ ഭുവനേശ്വരീദേവി സാത്വികയും മഹാവിദുഷിയുമായിരുന്നു. പിതാവിന്റെ പുരോഗമനാത്മകതയും മാതാവിന്റെ ആത്മീയസംവേദനശീലവും ബാലനായ നരേന്ദ്രന്റെ സ്വഭാവരൂപീകരണത്തിൽ വലുതായ പങ്കുവഹിച്ചു. ദേശാടനക്കാരായ യോഗികളോട് ആദരവുണ്ടായിരുന്നെങ്കിലും സാമാന്യത്തിലേറെ വികൃതിയും കുറുമ്പുമുണ്ടായിരുന്ന കുട്ടിയായിരുന്നു നരേൻ. 'ഞാൻ ശിവനോട് ഒരു മകനെ തരൂ എന്നാണ് പ്രാർത്ഥിച്ചത്. പക്ഷെ ഭഗവാൻ അവിടുത്തെ ഒരു ഭൂതത്തെയാണല്ലോ എനിക്കു തന്നത്!' എന്ന് അമ്മ ഫലിതരൂപേണ പറയുമായിരുന്നത്രേ! ഒരിക്കൽ മാതാവിനോട് നരേന്ദ്രൻ തനി ക്കൊരു കുതിരക്കാരനാവാനാണ് ആഗ്രഹം എന്നു പറഞ്ഞു. ബുദ്ധിമതിയായ ഭുവനേശ്വരീദേവി ബാലനെ പൂജാമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ചുമരിൽ പാർത്ഥസാരഥിയായി തേർ തെളിക്കുന്ന ശ്രീകൃഷ്ണന്റെ ചിത്രം കാണിച്ചുകൊടുത്തുകൊണ്ട് അവർ പറഞ്ഞു. 'മകനേ, നീ കുതിരക്കാരനാവുന്നതിൽ അമ്മക്ക് സന്തോഷമേയുള്ളൂ എന്നാൽ ഈ ചിത്രത്തിൽ കുതിരകളെ തെളിക്കുന്ന ആ പീലിക്കിരീടധാരിയെ കണ്ടുവോ? നിന്നെ അതുപോലുള്ള കുതിരക്കാരനായി കാണാനാണ് അമ്മക്കാഗ്രഹം!' ഈ വാക്കുകൾ നരേന്ദ്രന് വലുതായ പ്രചോദനം പകർന്നു. ഈശ്വര ചന്ദ്രവിദ്യാസാഗറിന്റ മെട്രോപോളിറ്റൻ ഇൻസ്റ്റിറ്റ്യൂഷനിലും കൊൽക്കത്തയിലെ പ്രസിഡൻസി കോളേജിലുമായിട്ടാണ് നരേന്ദ്രൻ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. വിദ്യാർത്ഥിയായിരിക്കെ വായനശീലമുണ്ടായിരുന്നു. ചരിത്രം, തത്വചിന്ത, സാഹിത്യം, മതം, ഭഗവത്ഗീത, രാമായണം, മഹാഭാരതം മറ്റുപുരാണങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കിട്ടാവുന്ന ഗ്രന്ഥങ്ങളൊക്കെ അദ്ദേഹം വായിച്ചു തീർത്തു.പാശ്ചാത്യ തത്വശാസ്ത്രത്തിലും, ചരിത്രത്തിലും, സംസ്കൃതം,

ബംഗാളി, ഇംഗ്ലീഷ് മുതലായ ഭാഷകളിലും നരേന്ദ്രൻ അഗാധമായ പാണ്ഡിത്യം നേടി. ഇതോടൊപ്പം ശാസ്ത്രീയ സംഗീതത്തിലും അദ്ദേഹം പ്രാവീണ്യം നേടി. 'പക്കാവജ്' എന്ന താളവാദ്യം അതിവിദഗ്ധമായി കൈകാര്യം ചെയ്യുമായിരുന്നു അദ്ദേഹം.

കേശബചന്ദ്രസെൻ, ദേബേന്ദ്രനാഥ് ടാഗോർ തുടങ്ങിയ മഹാരഥന്മാരുമായി സമ്പർക്കം പുലർത്താനായതോടെ ബഹുദൈവ സിദ്ധാന്തത്തെ ഖണ്ഡിക്കാനും വിഗ്രഹാരാധനയെ നിരുത്സാഹപ്പെടുത്താനുമുള്ള പ്രവണതയുണ്ടായി. ആത്മാന്വേഷണത്തിനുള്ള അടങ്ങാത്ത അഭിനിവേശം വേറിട്ട ചിന്തകൾക്കു വഴിവെച്ചു. പ്രൊഫസർ വില്യം ഹാസ്തീയുടെ നിർദേശപ്രകാരം നരേന്ദ്രൻ ദക്ഷിണേശ്വരത്തുചെന്ന് ശ്രീരാമകൃഷ്ണപരമഹംസരെ കണ്ടു. ഈ കൂടിക്കാഴ്ച അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന്റെ മുന്നോടിയായി.ആദ്യമാദ്യം രാമകൃഷ്ണന്റെ ഉന്മാദചേഷ്ടകളും മനോകൽപ്പനകളും അരോചകമായിത്തോന്നിയ നരേന്ദ്രൻ ഇവയെ 'വെറും മാനസികവിഭ്രാന്തി' എന്നു പറഞ്ഞു തള്ളിക്കളഞ്ഞു. രാമകൃഷ്ണന്റെ കാള്യുപാസനയോടും അദ്വൈതസിദ്ധാന്തത്തോടും വിയോജിപ്പു പ്രകടിപ്പിച്ച നരേന്ദ്രൻ രാമകൃഷ്ണനുമായി ഒരു വാദപ്രതിവാദത്തിലേർപ്പെട്ടു. 'സത്യത്തെ ഒരു കോണിൽ നിന്നുമാത്രം കണ്ടതു കൊണ്ടായില്ല! അതിനെ എല്ലാ കോണുകളിൽ നിന്നും നോക്കി കാണണം ! കൂലങ്കഷമായി നിരീക്ഷിക്കണം! മനനം ചെയ്യണം! എങ്കിലേ അതിന്റെ യഥാർത്ഥ പൊരുൾ ഉൾക്കൊള്ളാനാവൂ,' എന്നു രാമകൃഷ്ണൻ മറുപടി നൽകിയത് നരേന്ദ്രന്റെ മനസ്സിൽ തറഞ്ഞു. ഇതിനിടെ നരേന്ദ്രന്റെ പിതാവായ വിശ്വനാഥദത്ത മൃതിയടഞ്ഞു. അതോടെ കുടുംബത്തിന്റെ സാമ്പത്തികനില പരുങ്ങലിലായി. കടബാദ്ധ്യതയുമുണ്ടായി. ധനികനായി ജീവിച്ച ഒരാൾ ഒരു സുപ്രഭാതത്തിൽ താൻ ദരിദ്രനാണെന്നു തിരിച്ചറിയുക! നരേന്ദ്രന് ഈ സത്യം ഉൾക്കൊള്ളാനായില്ല. ഈ അവസ്ഥയിൽ ദക്ഷിണേശ്വരത്തെ രാമകൃഷ്ണപരമഹംസനിലാണ് അദ്ദേഹം ആശ്വാസം കണ്ടെത്തിയത്. ഒരു ദിവസം നരേന്ദ്രൻ രാമകൃഷ്ണന്റെ അരികിൽ ചെന്നിരിന്നുകൊണ്ട് 'അങ്ങ് എന്റെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതക്കുവേണ്ടി കാളിയോടു പ്രാർത്ഥിക്കണം,' എന്നപേക്ഷിച്ചു. 'താങ്കൾ നേരിട്ടു ക്ഷേത്രത്തിലേക്കു ചെന്നു കാളീമാതാവിനോടു പ്രാർത്ഥിച്ചാൽ മതി,' എന്നു മാത്രം രാമകൃഷ്ണൻ പറഞ്ഞു. അതനുസരിച്ച് നരേന്ദ്രൻ കാളീക്ഷേത്രത്തിലെത്തി. കൈകൾകൂപ്പി പ്രാർത്ഥിക്കാൻ ഓങ്ങിയെങ്കിലും 'അർത്ഥം നൽകൂ' എന്നു പ്രാർത്ഥിക്കാൻ നരേന്ദ്രനു കഴിഞ്ഞില്ല. ഒന്നും പ്രാർത്ഥിക്കാതെ അദ്ദേഹം മടങ്ങി. അല്പംകഴിഞ്ഞ് വീണ്ടും ക്ഷേത്രത്തിലെത്തി. ദേവീമാതാവിന്റെ സന്നിധിയിൽ കൂപ്പുകൈയുമായി നിന്നെങ്കിലും ലൗകികസമ്പത്തു നൽകണേ എന്നു പ്രാർത്ഥിക്കാനായില്ല. പലകുറി ക്ഷേത്രത്തിൽ ചെന്നിട്ടും ധനം യാചിക്കാൻ മനസ്സനുവദിച്ചില്ല. ഒടുവിൽ സംയമനത്തോടെ ദേവിയുടെ മുന്നിൽ നിന്ന് അറിവും ഭക്തിയും നൽകണേ എന്നു പ്രാർത്ഥിച്ചു. ഈ ദേവീദർശനം അദ്ദേഹത്തിന്റെ മനസ്സിൽ പരിവർത്തനം സൃഷ്ടിച്ചു. സർവ്വസംഗപരി ത്യാഗിയായിത്തീർന്ന നരേന്ദ്രൻ രാമകൃഷ്ണപരമഹംസനെ ഗുരുവായി വരിച്ചു. ചുരുങ്ങിയ നാളുകൾക്കകം രാമകൃഷ്ണപരമഹംസരുടെ മുഖ്യശിഷ്യനായിത്തീരാൻ നരേന്ദ്രനു കഴിഞ്ഞു. ഗുരു ക്യാൻസർ ബാധിതനായതോടെ മുഴുവൻ സമയവും രാമകൃഷ്ണനെ സേവിക്കുന്നതിൽ ചാരിതാർത്ഥ്യം കണ്ടു. ഈ ഘട്ടത്തിലാണ് നരേന്ദ്രൻ നിർവ്വികൽപ്പസമാധി അനുഭവിച്ചറിഞ്ഞത്. അതോടെ ഗുരുവിന്റെ മറ്റു ശിഷ്യന്മാരെപ്പോലെ നരേന്ദ്രനും കാവിയുടുത്തു. തനിക്കുശേഷം മറ്റു ശിഷ്യന്മാരുടെ നായകസ്ഥാനമേറ്റെടുക്കേണ്ടത് നരേന്ദ്രൻ തന്നെ എന്ന അന്ത്യാഭിലാഷം വ്യക്തമാക്കിയതിനുശേഷം 1886-ൽ ശ്രീരാമ കൃഷ്ണ പരമഹംസൻ സമാധിയടഞ്ഞു. രാമകൃഷ്ണശിഷ്യന്മാർ അനാഥരായി. സമൂഹത്തിൽനിന്ന് മുമ്പത്തെ പോലെ സഹകരണവും പിന്തുണയും ലഭിക്കാതായതോടെ നരേന്ദ്രനും മറ്റു ശിഷ്യന്മാരും വഴിയാധാരമായി. ഈ ഘട്ടത്തിൽ അവർ ബരൻഗഡ് ഗ്രാമത്തിൽ ജീർണ്ണിച്ചു കിടന്ന ഒരു മന്ദിരത്തിലേക്കു ചേക്കേറി. അവിടെ നരേന്ദ്രൻ സുഹൃത്തുക്കളുടെ സഹായത്തോടെ ഒരു മഠം സ്ഥാപിച്ചു. രാമകൃഷ്ണമഠത്തിന്റെ പ്രഥമ ആസ്ഥാനമായിരുന്നു ഈ മന്ദിരം (പിന്നീട് രാമകൃഷ്ണ മഠം വളർന്നു പന്തലിച്ച് ഒരാഗോള പ്രസ്ഥാനമായിത്തീർന്നു എന്നത് ചരിത്രം). പ്രാർത്ഥനയും ധ്യാനവും സങ്കീർത്തനാലാപനവുമൊക്കെയായി നരേന്ദ്രനും കൂട്ടരും ഇവിടെ കഴിഞ്ഞുകൂടി. ഇതിനിടെ അദ്ദേഹം ബംഗാളിഗീതങ്ങളുടെ ഒരു സംഗ്രഹം രചിക്കാൻ തുടങ്ങി. 'സംഗീതകൽപ്പതരു' എന്ന ശീർഷകം നൽകപ്പെട്ട ഈ ഗ്രന്ഥം ഇന്നും അപൂർണ്ണമായി കാണപ്പെടുന്നു.1886 ഡിസംബറിൽ നരേന്ദ്രനും കൂട്ടർക്കും അന്ത്പൂർ ഗ്രാമത്തിൽ ആശ്രയം ലഭിച്ചു. ക്രിസ്തുമസ് രാത്രിയിൽ അദ്ദേഹം സ്വയം സന്യാസദീക്ഷ വരിച്ചു. സ്വാമി ബിബിദിശാനന്ദ എന്ന പേർ സ്വീകരിക്കുകയും ക്രിസ്തുവിനെപ്പോലെ ജീവിക്കും എന്നു പ്രതിജ്ഞയെടുക്കയും ചെയ്തു.

1881-ൽ അദ്ദേഹം സ്വയം വിവേകാനന്ദൻ എന്ന പേർ സ്വീകരിച്ചു. ആശ്രമം വിട്ട് പരിവ്രാജകനായി, കമണ്ഡലുവും ദണ്ഡുമേന്തി ബന്ധപാശങ്ങളില്ലാതെ അദ്ദേഹം ദേശാടനത്തിനിറങ്ങി. ഭഗവത്ഗീതയും ബൈബിളുമായിരുന്നു സന്തതസഹചാരികൾ. അഞ്ചുവർഷം നീണ്ടുനിന്ന ഈ ദേശാടനത്തിനിടെ ഒട്ടേറെ വിദ്യാഭ്യാസകേന്ദ്രങ്ങളും സാംസ്കാരികകേന്ദ്രങ്ങളും സന്ദർ

ശിച്ചു. ഇന്ത്യൻഗ്രാമങ്ങളിലൂടെ തികച്ചും ഒരു ഭിക്ഷാം ദേഹിയെപ്പോലെ പദയാത്ര ചെയ്തു. ആരാധകർ നിർബന്ധപൂർവ്വം ടിക്കറ്റു വാങ്ങിക്കൊടുത്തപ്പോൾ മാത്രം തീവണ്ടിയിൽ യാത്ര ചെയ്തു. ഈ യാത്രക്കിടയിൽ ജാതിമതഭേദമെന്യേ ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, ഹരിജനഗൃഹങ്ങളിൽ തങ്ങുകയും ചെയ്തു. വാരാണസിയിൽ എത്തിയപ്പോൾ ഗൗതമ ബുദ്ധനും ആദിശങ്കരനും പ്രഭാഷണം നടത്തിയ സ്ഥാനങ്ങൾ സന്ദർശിക്കയും അവിടങ്ങളിലിരുന്നു ധ്യാനിക്കയും ചെയ്തു. ബംഗാളി എഴുത്തുകാരൻ ബുദ്ധദേവ് മുഖോപാദ്ധ്യയെയും തൈലിംഗസ്വാമിയെയും സന്ദർശിച്ചു സംഭാഷണം നടത്തി. സംസ്കൃതാചാര്യനായ ബാബുപ്രമദദാസുമായും ഈ അവസരത്തിൽ ഒരു കൂടിക്കാഴ്ചയുണ്ടായി.

കാശിയിൽനിന്നു യാത്രതിരിച്ച സ്വാമിവിവേകാനന്ദൻ അയോദ്ധ്യ, ലഖ്നൗ, ആഗ്ര, വൃന്ദാവനം, ഹഥ്രസ്, ഋഷികേശ് തുടങ്ങിയ പുണ്യതീർത്ഥങ്ങൾ സന്ദർശിച്ചു. ഹഥ്രസിൽവെച്ച് ശരത്ചന്ദ്രഗുപ്തയെ കണ്ടുമുട്ടിയതോടെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ മാതൃരാജ്യം അനുഭവിച്ചുപോന്ന ദുരിതത്തെക്കുറിച്ച് ബോധവാനായി. ഇവിടെ നിന്നു ഗുപ്തയെയും കൂട്ടി യാത്ര തുടർന്നു. ഹരിദ്വാർ വഴി ഋഷികേശിലെത്തിയപ്പോൾ വിവേകാനന്ദനിൽ നിന്ന് ശരത്ചന്ദ്രഗുപ്ത സന്യാസദീക്ഷയും സദാനന്ദൻ എന്ന പേരും സ്വീകരിച്ചു. അവർ വീണ്ടും യാത്ര തുടർന്നു. വൈദ്യനാഥ്, അലഹാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം ഘാസിപൂരിലെത്തി. ഇവിടെവെച്ച് പാവ്ഹരിബാബ എന്ന യോഗീശ്വരനുമായി കൂടിക്കാഴ്ചയുണ്ടായി.

അഞ്ചുവർഷത്തെ ദേശാടനത്തിലൂടെ വിവേകാനന്ദനു ധാരാളം അനുയായികളെ ലഭിച്ചു. അദ്ദേഹത്തിന്റെ ദർശനങ്ങൾക്കു പ്രചാരം ലഭിച്ചു. 1890–ൽ ബരനഗർ മഠത്തിൽ തിരിച്ചെത്തിയ അദ്ദേഹത്തിന് നാട്ടുകാർ വൻവരവേൽപ്പു നൽകി. രാമകൃഷ്ണമഠത്തിനു സമൂഹത്തിന്റെ അംഗീകാരവും പിന്തുണയും ലഭിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ സ്വാമി അഖണ്ഡാനന്ദയെയും കൂട്ടി സ്വാമി വിവേകാനന്ദൻ ഹിമാലയത്തിലേക്കു തിരിച്ചു. നൈനിറ്റാൾ, അൽമോറ, ശ്രീനഗർ, ഡെഹ്റാഡൂൺ തുടങ്ങിയ പ്രദേശങ്ങളിൽ അദ്ദേഹം പര്യടനം നടത്തി. ഈ പര്യടനത്തിനിടയിൽ സ്വാമി ബ്രഹ്മാനന്ദ, ശാരദാനന്ദ, തുരീയാനന്ദ, അദ്വൈതാനന്ദ തുടങ്ങിയ സന്യാസിമാരെക്കണ്ട് ആത്മീയ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ ചെയ്തു. 1891–ൽ വിവേകാനന്ദൻ ദില്ലിയിലെത്തി. അവിടെ ചരിത്രസ്മാരകങ്ങൾ സന്ദർശിച്ചതിനുശേഷം രജപുത്താനയിലേക്കു യാത്രയായി. ഈ യാത്രയിൽ ഗൗതമബുദ്ധന്റെ വാണികൾ അദ്ദേഹത്തിന് ഏറെ പ്രചോദനം പകർന്നു. 1891 ഫെബ്രുവരിയിൽ ആൾവാറിലെത്തിയ വിവേകാനന്ദനെ ഹിന്ദുക്കളും മുസ്ലീങ്ങളും ഒരേ ഊഷ്മളതയോടെ വരവേറ്റു. ആൾവാറിലെ രാജാമാൻസിംഗ് വിവേകാനന്ദന് കൊട്ടാരത്തിൽ ഒരു സ്വീകരണം നൽകി. ജയ്പൂരും അജ്മീറും സന്ദർശിച്ച ശേഷം വിവേകാനന്ദൻ മൗണ്ട് അബുവിൽ വെച്ച് ഖേത്രിയിലെ മഹാരാജാ അജിത്സിംഗുമായി കൂടിക്കാഴ്ച നടത്തി. അവർക്കിടയിൽ ഗാഢമായ മൈത്രീബന്ധം സ്ഥാപിതമായി.രജപുത്താനയിൽനിന്നു വീണ്ടും യാത്ര പുറപ്പെട്ട സ്വാമിവിവേകാനന്ദൻ അംദാബാദ്, വാധ്വൻ, ലിംബ്ഡി എന്നിവിടങ്ങളിൽ പര്യടനം നടത്തി. തത്ഫലമായി ഇസ്ലാമികതത്വങ്ങളും ജൈനതത്വങ്ങളും ഉൾക്കൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഗിർനാർ, കച്ച്, പോർബന്തർ, ദ്വാരക, പലിതന, നഡിയാഡ്, ബറോഡ തുടങ്ങിയ ഗുജറാത്ത്പ്രവിശ്യകളിലൂടെ യാത്ര ചെയ്ത് അദ്ദേഹം മഹാരാഷ്ട്രയിലെത്തി. മഹാബലേശ്വർ, പൂനവഴി അദ്ദേഹം ബോംബെക്കു തിരിച്ചു. 1892–ൽ ഒരു ട്രെയ്ൻ യാത്രക്കിടെ സ്വാമിവിവേകാനന്ദൻ ബാലഗംഗാധരതിലകിനെ കണ്ടുമുട്ടി. ഈ കണ്ടുമുട്ടലും ഗാഢമായ സൗഹൃദത്തിനു വഴിവെച്ചു. വിവേകാനന്ദൻ തിലകിനൊപ്പം കുറച്ചു ദിവസം താമസിച്ചു. ബോംബെയിൽനിന്നു യാത്രപുറപ്പെട്ട വിവേകാനന്ദൻ ബെൽഗാം, പനാജി, മർമഗോവ എന്നിവിടങ്ങളിൽ സഞ്ചരിച്ച് ഏതാനും ആഴ്ചകൾക്കകം ബാംഗ്ളൂരെത്തി. മൈസൂർ മഹാരാജാവായ ചാമരാജ വൊഡയാർ യുവസന്യാസിയെ ചെന്നുകണ്ടു വണങ്ങി. ഭാരതമൊട്ടാകെ പര്യടനം ചെയ്യണമെന്ന അടങ്ങാത്ത ആഗ്രഹവുമായി മൈസൂർനിന്നു പുറപ്പെട്ട് സ്വാമി വിവേകാനന്ദൻ നേരെ കേരളത്തിലേക്കു തിരിച്ചു. തൃശ്ശൂർ, കൊടുങ്ങല്ലൂർവഴി അദ്ദേഹം എറണാകുളത്തെത്തി. എറണാകുളത്തുവെച്ച് ശ്രീനാരായണഗുരുവിന്റെ സമകാലികനായ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുമായി കൂടിക്കാഴ്ചയുണ്ടായി. സ്വാമികളെക്കുറിച്ച് ഏറെ മതിപ്പു തോന്നിയ വിവേകാനന്ദൻ ഈ കൂടിക്കാഴ്ചയെക്കുറിച്ച് പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്തു നിന്ന് തിരുവനന്തപുരം, നാഗർകോവിൽ വഴി അദ്ദേഹം കന്യാകുമാരിയിലെത്തിയത് 1892–ലെ ക്രിസ്തുമസ്രാവിലായിരുന്നു. ഇവിടുത്തെ കന്യാകുമാരീദേവീക്ഷേത്രത്തിൽ പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം കടലിനുനടുക്കുള്ള ഒരു പാറപ്പുറത്ത് ഏകാന്തധ്യാനത്തിലിരുന്നു. ഈ പാറ പിന്നീട് വിവേകാനന്ദപ്പാറ എന്നറിയപ്പെട്ടു. കന്യാകുമാരിയിൽവെച്ച് അദ്ദേഹം നിരവധി സന്യാസിമാരെ പരിചയപ്പെട്ടു. (വിവേകാനന്ദൻ ധ്യാനത്തിലിരുന്ന പാറമേൽ പിന്നീട് സ്വാമിയുടെ പേരിൽ ഒരു സ്മാരകമുയർന്നു ഈ സ്മാരകം ഇന്നും ധാരാളം തീർത്ഥാടകരെ ആകർഷിച്ചു പോരുന്നു).കന്യാകുമാരിയിൽനിന്നു പുറപ്പെട്ട്

മധുര, രാമേശ്വരം, പോണ്ടിച്ചേരിവഴി വിവേകാനന്ദൻ മദ്രാസിലെത്തി. താൻ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം സ്വാമിവിവേകാനന്ദൻ ശ്രീരാമകൃഷ്ണപരമഹംസന്റെ പേരിൽ മഠങ്ങൾ സ്ഥാപിച്ചു. ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച യുവയോഗിയുടെ പ്രശസ്തി കടൽ കടന്നു. വനിതകളടക്കം വിദേശികളായ ഒട്ടേറെപ്പേർ അദ്ദേഹത്തെത്തേടി ഇന്ത്യയിലെത്തി. 1893-ൽ സ്വാമിവിവേകാനന്ദൻ വിദേശപര്യടനത്തിനു പുറപ്പെട്ടു. ആദ്യം ജപ്പാൻ, ചൈന എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. അതിനിടെ ഹാർവാർഡ് സർവ്വകലാശാലയിലെ ജോൺ ഹെൻറി റൈറ്റിൽ നിന്ന്, ലോകമതസമ്മേളനത്തിൽ പ്രഭാഷണം നടത്താൻ ക്ഷണം ലഭിച്ചു.1893 സെപ്റ്റംബർ പതിനൊന്നിന് ചിക്കാഗോയിലെ ആർട് ഇൻസ്റ്റിറ്റ്യൂട്ടിൽ സർവ്വമതസമ്മേളനത്തിനു തിരശ്ശീല ഉയർന്നു. സമ്മേളനത്തിൽ ഭാരതത്തെയും ഹിന്ദുമതത്തെയും പ്രതിനിധീകരിച്ചത് സ്വാമി വിവേകാനന്ദനായിരുന്നു. 'അമേരിക്കക്കാരായ എന്റെ സഹോദരികളേ, സഹോദരന്മാരേ,' എന്ന വാക്കുകളോടെ അദ്ദേഹം പ്രസംഗം തുടങ്ങിയതും ഏഴായിരത്തോളം വരുന്ന കാണികൾ എണീറ്റുനിന്നു കരഘോഷം മുഴക്കി. രണ്ടുനിമിഷങ്ങളോളം നീണ്ടു നിന്നതിനുശേഷമാണ് കരഘോഷം അടങ്ങിയത്. കാണികൾ യഥാസ്ഥാനങ്ങളിലിരുന്നു. സൂചിവീണാൽ കേൾക്കാവുന്ന നിശ്ശബ്ദതയിൽ വിവേകാനന്ദൻ തന്റെ പ്രസംഗം തുടർന്നു. അതിമഹത്തായ ഭാരതീയ ഋഷിപാരമ്പര്യത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്ന വാക്കുകൾ കാണികളെ ഉദ്ബുദ്ധരാക്കി. താമരപ്പൂപോലെ വിടർന്ന കണ്ണുകളുള്ള യുവ ഇന്ത്യൻസന്യാസി പിറ്റേന്നത്തെ അമേരിക്കൻ പത്രങ്ങളുടെ മുൻതാളുകളിൽ നിറഞ്ഞു നിന്നു. ചിക്കാഗോ പ്രഭാഷണത്തോടെ വിവേകാനന്ദന്റെ ആത്മവിശ്വാസം വർദ്ധിച്ചു. വ്യക്തിത്വത്തിനു തിളക്കമേറി. അമേരിക്കൻ രാജ്യങ്ങളിലും ഇംഗ്ലണ്ടിലും അദ്ദേഹം ക്ഷണിക്കപ്പെട്ട അതിഥിയായി ചെന്ന് ഭാരതീയ ദർശനങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തി.

1895-ൽ ഐറിഷ് വനിതയായ മാർഗരറ്റ് എലിസബത്ത് നോബിൾ ഇന്ത്യയിലെത്തി വിവേകാനന്ദനെ ഗുരുവായി വരിച്ചു. ഭഗിനി നിവേദിത എന്ന പേരിൽ അവർ ഇന്ത്യയിൽ സന്യാസജീവിതം നയിച്ചു. വിവേകാനന്ദന്റെ ദർശനങ്ങൾ പ്രചരിപ്പിച്ചതിനു പുറമെ ഇന്ത്യയിലെ പിന്നോക്കഗ്രാമങ്ങളെയും ജനതയെയും സമൂഹത്തിന്റെ മുൻനിരയിലെത്തിക്കാൻ സിസ്റ്റർ നിവേദിത നിസ്തുലമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. നിവേദിതക്കു പിറകെ വിവേകാനന്ദനെ ഗുരുവായി വരിക്കാൻ ധാരാളം വിദേശികൾ മുന്നോട്ടു വന്നു. അവർ ആവേശത്തോടെ തങ്ങളുടെ രാജ്യങ്ങളിൽ വിവേകാനന്ദദർശനങ്ങൾ പ്രചരിപ്പിച്ചു.1897-ൽവിവേകാനന്ദൻ കൊളൊംബോയിലെത്തി. യാത്രചെയ്ത വഴിയിലുടനീളം ആരാധകർ ലോകപ്രശസ്തനായ യുവയോഗിയെ ഒരുനോക്കു കാണാൻ കാത്തുനിന്നു.


ആധുനിക യുഗത്തിൽ ഭാരതീയമൂല്യങ്ങളെക്കുറിച്ച് ജനങ്ങളിൽ വ്യക്തമായ ഒരു ധാരണയുണ്ടാക്കിക്കൊടുത്തത് സ്വാമി വിവേകാനന്ദനാണ്. അതോടെ ഹിന്ദുമതത്തിന്റെ മുഖഛായതന്നെ മാറി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെപ്പോലും സ്വാധീനിക്കാൻ വിവേകാനന്ദനു കഴിഞ്ഞു. സ്വാമിവിവേകാനന്ദൻ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ സംഗീതകൽപ്പതരു, കർമ്മയോഗ, രാജയോഗ, വേദാന്തഫിലോസഫി എന്നിവയും, ബംഗാളിയിൽ ബർതമാൻഭാരത, ഉദ്ബോധൻ എന്നിവയുമാണ് അദ്ദേഹം രചിച്ച പ്രധാന ഗ്രന്ഥങ്ങൾ. സമാധിക്കുശേഷവും ഭക്തിയോഗത്തെ ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളും സുഭാഷിതങ്ങളും ഭക്തിയോഗ, ദി ഈസ്റ്റ് ആന്റ് ദി വെസ്റ്റ്, നാരദഭക്തിസൂത്രാസ് തുടങ്ങിയ ഗ്രന്ഥങ്ങളും ജനസമ്മതിയാർജിച്ചു കൊണ്ടേയിരിക്കുന്നു. 1902 ജൂലൈ 4-ാം തീയതി ! സ്വാമിജിയെ സംബന്ധിച്ചിടത്തോളം ഏറെ തിരക്കേറിയ ഒരു ദിവസമായിരുന്നു അത്. പുലർച്ചെ ഉണർന്ന് ബേലൂർമഠത്തിലെ പ്രാർത്ഥനാലയത്തിൽ മൂന്നു മണിക്കൂർ നേരം ധ്യാനത്തിലമർന്നു. വിദ്യാർത്ഥികൾക്ക് ശുക്ലയജുർവേദം, സംസ്കൃതവ്യാകരണം എന്നീ വിഷയങ്ങളിൽ ക്ലാസെടുത്തു. അനുയായികൾക്കൊപ്പം രാമകൃഷ്ണമഠത്തിന്റെ പുതിയ വേദിക് കോളേജിനെക്കുറിച്ചുള്ള ചർച്ചയിൽ സജീവമായി പങ്കെടുത്തു. സന്ധ്യക്ക് ഏഴുമണിയോടെ ആരും ശല്യപ്പെടുത്തരുത് എന്ന് ശിഷ്യർക്കു നിർദേശം നൽകിയ ശേഷം മുറിയിൽക്കയറി ധ്യാനത്തിലേർപ്പെട്ടു. അതേ അവസ്ഥയിൽ, രാത്രി 9.10 ന് അദ്ദേഹത്തിന്റെ ആത്മാവ് 39 വർഷം കുടികൊണ്ട ശരീരമുപേക്ഷിച്ച് അനന്തതയിലേക്കു യാത്രയായി. നാൽപതു വയസ്സെത്തും മുമ്പ് താൻ മഹാസമാധി പ്രാപിക്കുമെന്ന ഗുരുവിന്റെ പ്രവചനം സത്യമായതുൾക്കൊള്ളാനാവാതെ ശിഷ്യർ പൊട്ടിക്കരഞ്ഞു. ബേലൂരിൽ ഗംഗാതീരത്ത്,പതിനാറു വർഷങ്ങൾക്കുമുമ്പ് ഗുരുവായ രാമകൃഷ്ണനെ സംസ്കരിച്ച അതേ സ്ഥാത്ത് വീണ്ടും ചന്ദനച്ചിതയൊരുങ്ങി.വിവേകാനന്ദനെന്ന മഹാത്മാവിന്റെ ഭൗതികശരീരം അഗ്നിയിൽ എരിഞ്ഞടങ്ങി.പക്ഷെ സ്വാമി വിവേകാനന്ദൻ ഈ വേദഭൂമിയിൽ കൊളുത്തിവെച്ച കെടാവിളക്ക് ഇന്നും ഭാരതീയർക്ക് മാർഗദീപമായി പ്രശോഭിക്കുന്നു.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# തൃത്താല മഹാദേവക്ഷേത്രവും വേമഞ്ചേരിമനയും



**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭാരതത്തിന്റെ ആദ്ധ്യാത്മികമാഹാത്മ്യ ചരിത്രങ്ങളെപ്പറ്റി വളരെക്കുറച്ചുമാത്രമേ നാം മനസ്സിലാക്കിയിട്ടുള്ളൂ. കേരളക്കരയിലും നമുക്കഭിമാനാത്മകമായ പല ചരിത്രസ്മൃതികളും ഇന്നും തെളിഞ്ഞും മറഞ്ഞും നിലനിൽക്കുന്നുണ്ട്. അങ്ങനെയൊരു ആത്മിയ ചരിത്രസ്മാരകമാണ് വേമഞ്ചേരിമന. വേദമന്ത്രധ്വനികളും യാഗാഗ്നിപ്പുകയും കൊണ്ട് പരിശുദ്ധമാക്കപ്പെട്ട പുണ്യഭൂമിയിൽ ദൈവീകശക്തി തങ്ങിനിൽക്കുന്ന ഒരു പവിത്രസ്ഥാനമാണ് വേമഞ്ചേരിമന.

കേരളക്കരയിലെ ആദ്യത്തെ ബ്രാഹ്മണഗൃഹമാണ് വേമഞ്ചേരിമന. ഭാരതപ്പുഴയുടെ തീരത്തെ വേദഭൂമിയിലാണ് ഈ മന സ്ഥിതി ചെയ്യുന്നത്. യജ്ഞ സംസ്കാരത്തെ പുനരുദ്ധരിച്ച പുണ്യാത്മാവായ അഗ്നിഹോത്രിയുടെ ഇല്ലമാണിത്. അഗ്നിഹോത്രം എന്ന യാഗം ചെയ്ത് അഗ്നിഹോത്രി സ്ഥാനം നേടിയ ബ്രഹ്മദത്തൻ വളർന്ന മനയാണ് വേമഞ്ചരിമന. ആഢ്യൻ ഇല്ലം, പാണ്ഡ്യാലമന, പടിഞ്ഞാറേമന, കടമ്പൂർമന എന്നീ പേരുകളിലും ഈ മന അറിയപ്പെടുന്നുണ്ട്. നിളാതീരത്തെ ഈ മനയിൽ ഇന്നും പന്തിരുകുല കഥകൾ ഒളിമങ്ങാതെ ഒളിഞ്ഞ് കിടക്കുന്നു. പാലക്കാട് ജില്ലയുടെ പടിഞ്ഞാറേയറ്റത്തായി മലപ്പുറം പാലക്കാട് അതിർത്തി പ്രദേശത്താണ്. ആയിരത്തിനാനൂറിലേറേ വർഷങ്ങളുടെ പഴക്കമുള്ള ഈ മന സ്ഥിതിചെയ്യുന്നത്. ഈ മനയുടെ കാലപ്പഴക്കം ശാസ്ത്രീയ പരിശോധനകളിലൂടെ കണ്ടെത്തിയിട്ടുണ്ട്. നിളാത്തീരത്ത് ഐശ്വര്യത്തിന്റെ പ്രതീകമായി പഴമയുടെ മഹിമയോടെ പിൻഗാമികളുടെ പൈതൃകനിധിയായി വേമഞ്ചരിമന ഇന്നും ശിരസ്സുയർത്തി നിൽക്കുന്നു. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിലൊരാളായിരുന്ന വരരുചിയെന്ന ബ്രാഹ്മണശ്രേഷ്ഠന്റെയും പഞ്ചമിയുടേയും കഥകളാകുന്ന പന്തിരുകുലകഥകളെ ഈ ഗ്രാമത്തിലെ പുൽക്കൊടികൾ പോലും ഇന്നും മായാതെ മനസ്സിൽ സൂക്ഷിക്കുന്നു. വരരുചിയുടെ കല്പന പ്രകാരം പഞ്ചമി നിളാതീരത്തു ഉപേക്ഷിച്ച പ്രഥമ പുത്രനെ വേമഞ്ചേരിമനയിലെ അന്തർജനം എടുത്തു വളർത്തി അങ്ങനെ പന്തിരുകുലത്തിലെ പ്രഥമ പുത്രൻ വേമഞ്ചേരിമനയിലെ ബ്രഹ്മദത്തനെന്ന വളർത്ത് പുത്രനായി. നിളാ നദീതീരങ്ങൾ പന്തിരുകുലത്തിന്റെ കേളിഗൃഹമാണ്. ബ്രഹ്മദത്തൻ നിളാ തീരങ്ങളെ വേദഭൂമിയാക്കിമാറ്റി. അദ്ദേഹം തൊണ്ണൂറ്റൊമ്പതു യാഗങ്ങൾ പൂർത്തിയാക്കി നൂറ് യാഗപുണ്യം നേടുകയും ഒന്ന് കുറയെ 100 യാഗം ചെയ്തയാൾ എന്ന അർത്ഥത്തിൽ ഏകോതശതാകതു എന്ന ബിരുദം നേടുകയും ചെയ്തു. വേദമന്ത്രോച്ചാരണങ്ങളെ ജീവശ്വാസമായി കണ്ടിരുന്ന വേമഞ്ചേരിമനയിലെ ബ്രഹ്മദത്തൻ അഗ്നിഹോത്രം എന്ന യജ്ഞം നടത്തി അഗ്നിഹോത്രിയായി. അദ്ദേഹത്തിന്റെ യജ്ഞകുണ്ഡത്തിൽ പ്രത്യക്ഷപ്പെട്ട ദേവചൈതന്യങ്ങളെ പ്രതിഷ്ഠിച്ച ക്ഷേത്രമാണ് യജ്ഞേശ്വരം ക്ഷേത്രം. കുട്ടിക്കാലം മുതൽ തന്നെ അത്ഭുത സിദ്ധികൾ പ്രകടിപ്പിച്ചിരുന്ന അഗ്നിഹോത്രിക്ക് മണ്ണിനേയും വൃക്ഷങ്ങളെയും പ്രകൃതിയേയും കാറ്റിനേയും മൃഗങ്ങളെയും നിയന്ത്രിക്കുവാനുള്ള ആത്മീയശക്തിയുണ്ടായിരുന്നു. ലോകത്തിന് ദിവ്യൗഷധം പ്രദാനം ചെയ്യുവാൻ കഴിവുണ്ടെന്നു വിശ്വസിക്കപ്പെടുന്ന യജ്ഞങ്ങളുടെ അവതാരപുരുഷനായിരുന്നു അഗ്നിഹോത്രി. കേരളത്തിനുപുറത്ത് ചോള പാണ്ഡ്യരാജ്യങ്ങളിലും അഗ്നിഹോത്രി തന്റെ ആത്മീയ പ്രഭാവം പ്രകടിപ്പിച്ചിട്ടുണ്ട് . ഒരിക്കൽ കാവേരി നദിയിൽ ജലനിരപ്പുയരുകയും കുത്തൊഴുക്കിൽ അണക്കെട്ട് ഒഴുകിപ്പോവുകയും കുത്തൊഴുക്കിനെ നിയന്ത്രിക്കുവാൻ സാധിക്കാതെയാവുകയും ചെയ്തു. ഈ സമയം മലയാള നാട്ടിൽ നിന്നും അഗ്നിഹോത്രിയെ വരുത്തിയാൽ

പ്രശ്നപരിഹാരമുണ്ടാക്കാം എന്ന് ഒരു ബ്രാഹ്മണ സ്ത്രിക്ക് വെളിപാടുണ്ടായി. ഈ വിവരം അവർ ചോളരാജാവിനെ അറിയിച്ചു. രാജാവ് അഗ്നിഹോത്രിയെ കാവേരി തിരത്തേക്കു വിളിച്ചു വരുത്തി. അവിടെയെത്തിയ അഗ്നിഹോത്രി കാവേരി നദിയുടെ ആഴക്കയത്തിലേക്ക് മുങ്ങി. മൂന്നാം ദിവസമാണ് അദ്ദേഹം നദിയിലെ കയത്തിൽ നിന്നും പൊങ്ങി വന്നത്. നദിയിൽ നിന്നും പൊങ്ങിവരുമ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ മൂന്നു ശൂലങ്ങളുമുണ്ടായിരുന്നു. നദിയിൽ നിന്നും അദ്ദേഹം പൊങ്ങിവന്നപ്പോൾ നദി ശാന്തമാവുകയും ജലനിരപ്പു താഴുകയും ചെയ്തു. അഗ്നിഹോത്രി തന്റെ ദൗത്യം നിർവ്വഹിച്ച ശേഷം കേരളത്തിലേയ്ക്ക് മടങ്ങിപ്പോരുകയും ചെയ്തു നദിയിൽ നിന്നും പൊങ്ങിവന്നപ്പോൾ അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ശൂലങ്ങൾ സ്വർണ്ണവും വെള്ളിയും ചെമ്പുമായിരുന്നു. സ്വർണ്ണ ശൂലം അദ്ദേഹം തന്റെ ഇല്ലമായ വേമഞ്ചേരിമനയിലെ പടിഞ്ഞാറ്റിയിലും വെള്ളി ശൂലം ഭാരതപ്പുഴയിലും ചെമ്പു ശൂലം കുറച്ചകലെയായും പ്രതിഷ്ഠിച്ചു. ഭാരതപ്പുഴയിൽ വെള്ളി ശൂലം പ്രതിഷ്ഠിച്ച സ്ഥലം വെള്ളിയാങ്കല്ല് എന്നറിയപ്പെട്ടു. വെള്ളിയാങ്കല്ലിലെ കല്ല് മലബാറിലെ ക്ഷേത്രവിഗ്രഹനിർമ്മാണങ്ങൾക്ക് ഉപയോഗിച്ചിരുന്നു എന്നും പറയുന്നുണ്ട്.വെള്ളിയാങ്കല്ല് എന്നറിയപ്പെട്ടുന്ന സ്ഥലമാണ് റഗുലേറ്റർകം ബ്രിഡ്ജിന് അടിസ്ഥാന ശിലയായി തീർന്നത്. ഭാരതപ്പുഴയിൽ വെള്ളി ശൂലം പ്രതിഷ്ഠിച്ച വെള്ളിയാങ്കല്ല്കടവ് ബലി തർപ്പണങ്ങൾക്ക് പ്രധാനമാണ് അഗ്നിഹോത്രിയുടെ സഹോദരങ്ങൾ മാതാപിതാക്കളുടെ ശ്രാദ്ധകർമ്മങ്ങൾക്കായി വേമഞ്ചേരിമനയിൽ ഒത്തുകുടാറുണ്ടായിരുന്നു. അഗ്നിഹോത്രി പന്തിരുകുലത്തിലെ തന്റെ സഹോദരങ്ങൾക്കൊപ്പം വെള്ളിയാങ്കല്ല്കടവിൽ ശ്രാദ്ധകർമ്മങ്ങൾ നടത്തിയിരുന്നു എന്നും വിശ്വസിക്കുന്നു. കർക്കടകവാവിനും തുലാംവാവിനും ധാരാളം ആളുകൾ ഇന്നും ഇവിടെ ബലിതർപ്പണം നടത്താറുണ്ട് . ചെമ്പ് ശൂലം പ്രതിഷ്ഠിച്ച സ്ഥലം കൊടിക്കുന്ന് എന്നാണറിയപ്പെടുന്നത്.

മലയാളമണ്ണിലെ ആദ്യത്തെ ബ്രഹ്മണഗൃഹം എന്ന മുഖമുദ്രയുമായി പഴമയുടെ തനിമയെ മുറുകെപിടിച്ചു കൊണ്ട് ഈശ്വരാനുഗ്രഹത്തിന്റെ പ്രത്യക്ഷോദാഹരണമായി വേമഞ്ചേരിമന എന്ന സാംസ്കാരിക ചരിത്രസ്മാരകം തൃത്താലയിൽ സ്ഥിതി ചെയ്യുന്നു. ഇതു ഒരു നാലുകെട്ടാണ്. എന്നാൽ സാധാരണമായി കാണാറുള്ള നാലുകെട്ടിന്റെ രീതിയിലല്ല ഈ മനയുടെ നിർമ്മാണം നടത്തിയിരിക്കുന്നത്. നാലുകെട്ടാണെങ്കിലും ഇതിന്റെ വാസ്തുവിദ്യകളും വ്യത്യസ്തമാണ്. യാഗശാലയുടെ കണക്കുകളിലാണ് വേമഞ്ചേരിമന നിർമ്മിച്ചിരിക്കുന്നത്. നാലുകെട്ടാണെങ്കിലും സാധാരണ നാലുകെട്ടുകളിലുള്ളതുപോലെയുള്ള മുറികളൊന്നും ഇവിടെയില്ല. ഈ മനയിൽ പൂമുഖം, നടുമുറ്റം, വടക്കിനി, കിഴക്കിനി, പടിഞ്ഞാറ്റിനി, തെക്കിനി, അടുക്കള, തളം, കിണർ എന്നിങ്ങനെയുള്ള ഒരു സംവിധാനമാണുള്ളത്.ചെങ്കല്ലിലാണ് ചുമരുകൾ നിർമ്മിച്ചിരിക്കുന്നത്. തടിയിൽ തീർത്ത മേൽക്കൂര ഓടുമേഞ്ഞിരിക്കുന്നു മേൽക്കൂരയും മച്ചും ജനലുകളും വാതിലുകളും പൂമുഖത്തിന്റെ തൂണുകളും ഇടനാഴിയിലെ ഇരിപ്പിടങ്ങളും നടുമുറ്റത്തിന്റെ വശങ്ങളിലുള്ള വരാന്തയിലെ തൂണുകളും പഴമയുടെ ഭംഗിയോടെയാണ് കാണപ്പെടുന്നത്. ഈ മനയുടെ പടഞ്ഞാറ്റിയിൽ അഗ്നിഹോത്രി സ്വർണ്ണശൂലം പ്രതിഷ്ഠിച്ച സ്ഥലത്ത് രണ്ടു തിരിയുള്ള കൽവിളക്ക് പൊന്തി വന്നു എന്നാണ് ഐതീഹ്യം അന്നു മുതൽ ഈ വിളക്ക് കെടാവിളക്കായി കത്തി നിൽക്കുന്നു. ഇവിടെ നിത്യവും പൂജകൾ നടത്താറുണ്ട്. സ്ത്രീകളും പൂജകൾ ചെയ്യാറുണ്ട്. ഈ ചിട്ട അഗ്നിഹോത്രി തന്നെ നിശ്ചയിച്ചതാണ്. നല്ലെണ്ണ മാത്രമേ ഇവിടെ ഉപയോഗിക്കാറുള്ളൂ. നടുമുറ്റത്തുള്ള തെച്ചിത്തറയിൽ ദുർഗ്ഗ, കാളി, കൊടുങ്കാളി എന്നീ മൂന്നു ദേവിമാരെ സങ്കല്പിച്ചിരുന്നു. ഒരു ദേവി പാക്കനാരുടേതും രണ്ടു ദേവിമാർ അഗ്നിഹോത്രിയുടേതുമായി സങ്കല്പ്പിക്കുന്നു. മനയിലെ ഭദ്രകാളി ഇവിടെ ശാന്തസ്വരൂപിണിയാണ്. ഇവിടെ വിഗ്രഹങ്ങളൊന്നും ഇല്ല. ഇവിടുത്തെ പൂജകൾക്ക് തെച്ചിയും നന്ത്യാർവട്ടവും മാത്രമേ ഉപയോഗിക്കുകയുള്ളു. പുറത്തുനിന്നുള്ളവർ ഇവിടെ പൂജകൾ നടത്താറില്ല. തലമുറകളായി കൈമാറിവരുന്ന മന്ത്രം ജപിച്ച് തെച്ചിപ്പൂ ചാർത്തുന്നു.

മനയിലെ പുജകൾക്ക് പൂവിനായി അഗ്നിഹോത്രി തന്നെ നട്ടുപിടിപ്പിച്ചതാണ് ഈ മനയിലെ തെച്ചിത്തറയിലെ തെച്ചിചെടികൾ. വേമഞ്ചേരിമനയിലെ നടുമുറ്റത്തെ തെച്ചിത്തറയിലെ തെച്ചിചെടികൾ ഉണങ്ങിയാൽ അഗ്നിഹോത്രിയുടെ വംശം ക്ഷയിക്കും എന്നാണ് വിശ്വസിക്കുന്നത്. വേനലിലും ഈ ചെടികൾ നിറയെ പൂക്കളുമായി, തഴച്ചു വളർന്നു നിൽക്കുന്നു. വേദജ്ഞരുടെ ഗായത്രീ മന്ത്രജപം കേട്ടു നിർവൃതികൊണ്ട ജലം നിറഞ്ഞ ഒരു കുളവും അതിനു ചുറ്റിലുമായി ഒരു വലിയ കാവും ഇവിടെയുണ്ട്. ഇന്ന് ഈ മനയിൽ വേദമന്ത്രങ്ങൾ മുഴങ്ങാറില്ല. യാഗാഗ്നിപ്പുക ഉയരാറുമില്ല. എങ്കിലും പ്രകൃതിയോടിണങ്ങി നില്ക്കുന്നതും ആത്മീയതയുടെ കുളിരണിഞ്ഞതുമായ ഒരു ദിവ്യശക്തി അന്തരീക്ഷമാകെ നിറഞ്ഞു നിൽക്കുന്നു. ഇവിടുത്തെ

പൂമുഖത്ത് അല്പനേരം വിശ്രമിക്കുമ്പോൾ ആത്മീയതയുടെ ഒരു കുളിർമ നമ്മുക്കനുഭവപ്പെടും. പൂർവ്വികരുടെ മന്ത്രധ്വനികളുടെ മാസ്മരികതയോ, അവരുടെ അനുഗ്രഹമോ ഇവിടെ വാഴുന്ന ഭഗവതിയുടെ അനുഗ്രഹമോ ആയിരിക്കാം ആ അനുഭവം. ഈ മനയുടെ പ്രാധാന്യവും വിശുദ്ധിയും പവിത്രതയും നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി ഈ മനയിലുള്ളവർ അടുത്തു തന്നെയുള്ള മറ്റൊരു ഗൃഹത്തിലാണ് താമസിക്കുന്നത്. അവർ അടുത്തു തന്നെ ഉള്ളതുകൊണ്ട് മനയിലെ നിത്യപൂജകളും നിവേദ്യങ്ങളും മുടക്കം കൂടാതെ നടന്നുവരുന്നു. പരമപവിത്രമായ ഈ മനയിൽ വളർന്ന ബ്രഹ്മദത്തനെന്ന അഗ്നിഹോത്രിയുമായി അഭേദ്യമായ ബന്ധമുള്ള ഒരു ക്ഷേത്രമാണ് തൃത്താലമഹാദേവക്ഷേത്രം. പരശുരാമ പ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിലൊന്നാണീ ക്ഷേത്രം.

ക്ഷേത്രങ്ങളിലെ ആരാധനാ വിഗ്രഹങ്ങൾ എല്ലാക്ഷേത്രങ്ങളിലും ഒരു പോലെയല്ല. പല ക്ഷേത്രവിഗ്രഹങ്ങൾക്കും പ്രത്യേകതകളും വ്യത്യസ്ഥതകളും കാണാറുണ്ട്. ശിലയിലും തടിയിലും പഞ്ചലോഹത്തിലുമുള്ള വിഗ്രഹങ്ങളാണ് സാധാരണ കാണാറുള്ളത് . എന്നാൽ ഇവയിലൊന്നും പെടാത്ത ഒരു വിഗ്രഹം. കേൾക്കുമ്പോൾ അതിശയം തോന്നിയേക്കാം അങ്ങനെയോരു വിഗ്രഹമാണ് തൃത്താലമഹാദേവക്ഷേത്രത്തിലെ ആരാധനാ വിഗ്രഹം. പുഴയിലെ മണലിൽ തീർത്ത വിഗ്രഹമാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. അമ്മയോടൊപ്പം പുഴയിൽ കുളിക്കുവാൻ എത്തിയ കുട്ടി പുഴമണൽ വാരി താലത്തിൽ വെച്ച് സാംബശിവനായി സങ്കല്പിച്ച് പൂക്കൾകൊണ്ട് അർച്ചന നടത്തി കളിച്ചുകൊണ്ടിരുന്നു. ഭഗവാൻ സന്തോഷപൂർവ്വം സാന്നിദ്ധ്യമരുളുകയും താലത്തിലെ മണൽ ശിവലിംഗരൂപമാവുകയും ചെയ്തു അങ്ങനെ പുഴമണലിൽ രൂപംകൊണ്ടതാണ് തൃത്താലമഹാദേവക്ഷേത്രത്തിലെ ആരാധനാവിഗ്രഹം. തിരുതാലത്തിൽ കുടികൊണ്ട പരമശിവനാണ് തൃത്താലമഹാദേവൻ, കുട്ടിക്കാലത്തു ബ്രഹ്മദത്തൻ അമ്മയോടൊപ്പം ഭാരതപ്പുഴയിൽ കുളിക്കുവാനെത്തി. അമ്മ താളികൊണ്ടുവന്ന കിണ്ണത്തിൽ കുട്ടി മണൽ വാരിക്കൂട്ടി കളിച്ചു. ഈ മണൽക്കൂനയെ സാംബശിവനായി സങ്കല്പിച്ച് പുഷ്പാർച്ചന നടത്തി കളിച്ചുകൊണ്ടിരുന്നു. കുട്ടിയുടെ നിഷ്കളങ്കതയോടെയുള്ള അർച്ചന ഭഗവാൻ സ്വീകരിക്കുകയും താലത്തിലെ മണൽകൂന ശിവലിംഗരൂപം പ്രാപിക്കുകയും ചെയ്യ്തു. കുളികഴിഞ്ഞ് അമ്മ താലമെടുക്കുവാനെത്തി ഉണ്ണി കളി മതിയാക്കൂ, താലം ഇങ്ങോട്ട് തരു എന്നു പറഞ്ഞു അവർ താലമെടുക്കുവാൻ ശക്തിയായി വലിച്ചു. താലം എടുക്കുവാൻ അവർക്കു കഴിഞ്ഞില്ല, താലം അല്പം ചരിയുകയും ചെയ്യ്തു. ഈ സമയം അമ്മേ ഇതു സാംബശിവനാണ് എന്നു കുട്ടി പറഞ്ഞതുകേട്ടു അവർ ഈ വിവരം ഇല്ലത്തേക്ക് ആളെ അയച്ച് അറിയിച്ചു. ഉണ്ണിയുടെ വളർത്തച്ഛൻ അവിടെയെത്തി അദ്ദേഹത്തിന് അത്ഭുതസിദ്ധികളുള്ള ഉണ്ണി പറഞ്ഞതിന്റെ പൊരുൾ മനസ്സിലാവുകയും ചെയ്യ്തു. അങ്ങനെ തിരുതാലത്തിൽ മഹാദേവൻ കുടികൊണ്ടു. തിരുതാലത്തിലപ്പൻ പിന്നീട് തൃത്താലത്തിലപ്പനായും സ്ഥലം തൃത്താലയെന്നും അറിയപ്പെട്ടു. പുഴയുടെ നടുവിലാണ് തിരുതാലത്തിലപ്പനിരിക്കുന്നത്. പുഴയിൽ ജലനിരപ്പുയരുമ്പോൾ ഭഗവാൻ വെള്ളത്തിനടിയിലാകും.പ്രശ്നം പരിഹരിക്കുകയും വേണം ഭഗവാനെ ഇവിടെ നിന്നു മാറ്റാനും സാധിക്കില്ല. എങ്കിൽ പുഴയെ മാറ്റാം എന്ന് അദ്ദേഹം തീരുമാനിച്ചു. പുഴയോടായി 'നീ ഇനി ഇതുവഴി വരരുത്, നിനക്ക് വേറെ വഴികാട്ടിത്തരാം, നാളെ മുതൽ അതുവഴി പൊയ്ക്കോളു,' എന്ന് പറഞ്ഞു. അദ്ദേഹം അവിടെനിന്നും അരക്കാതം അകലെയായി ഒരു കുറ്റിനാട്ടിയശേഷം ഈ കുറ്റിക്കപ്പുറത്തുകൂടി പൊയ്ക്കോളൂ എന്ന് പുഴയോടാജ്ഞാപിച്ചു. പുഴ അതനുസരിച്ച് കുറ്റിക്കപ്പുറത്തുകൂടി ഒഴുകുകയും ചെയ്തു. കുറ്റി നാട്ടിയ സ്ഥലം വരണ്ടുകുറ്റിക്കടവു എന്നറിയപ്പെടുന്നു. ഭഗവാന്റെ വിഗ്രഹത്തിന് കേടുവരാതിരിക്കാനായി പുഴ തന്റെ നേരായവഴി ഉപേക്ഷിച്ച് വളരെയധികം വളഞ്ഞ് ഒഴുകി. ഇന്നും അങ്ങനെ തന്നെ ഒഴുകികൊണ്ടിരിക്കുന്നു.തൃത്താലക്കു സമീപം വരണ്ടുകുറ്റിക്കടവു മുതൽ ഇന്നും ഭാരതപ്പുഴയ്ക്ക് ഒരു കൊടും വളവാണ് കാണപ്പെടുന്നത്. പിന്നീട് അഗ്നിഹോത്രീ തന്നെ ക്ഷേത്രം പണികഴിപ്പിച്ചു ശിവപ്രതിഷ്ഠ നടത്തിയ ക്ഷേത്രമാണ് തൃത്താലമഹാദേവക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണ്. അമ്മ ശക്തിയായി വലിച്ചതു കാരണം വിഗ്രഹത്തിനു ചരിവുണ്ടായി അതിനാൽ കിഴക്കോട്ട് ദർശനമായിട്ടുള്ള ഈ ക്ഷേത്രത്തിൽ ഭഗവാൻ വടക്കുകിഴക്കോട്ടു ദർശനമായാണ് സ്ഥിതിചെയ്യുന്നത്. സാധാരണയായി എല്ലാ ക്ഷേത്രത്തിലും വിഗ്രഹത്തിൽ തൈലാഭിഷേകം പ്രധാനമാണ്. പക്ഷെ തൃത്താല മഹാദേവക്ഷേത്രത്തിൽ തൈലാഭിഷേകം നടത്താറില്ല എന്നാൽ ജലധാരയും ഇളനീരഭിഷേകവും നടത്താറുണ്ട്. ജലധാരപ്രധാനമാണ്.

തൃത്താലയുടെ ദേശനാഥനായി തൃത്താലത്തപ്പൻ തൃത്താല മഹാദേവക്ഷേത്രത്തിൽ വിരാജിക്കുന്നു. സാമാന്യം നല്ല ഉയരത്തിലാണ് ക്ഷേത്രത്തിന്റെ കിഴക്കെനടയിലെ പ്രവേശന ഗോപുരം കാണപ്പെടുന്നത്, ഉയർന്ന പടിക്കെട്ടുകൾ കടന്ന്

വിശാലമായ ക്ഷേത്രാങ്കണത്തിലെത്താം. കൊടിമരത്തെ വന്ദിച്ചു ബലിക്കൽപ്പുരയിലെ ബലിക്കല്ലിനേയും വന്ദിച്ചു നാലമ്പലത്തിലേക്കു കടക്കാം. ഒറ്റനോട്ടത്തിൽ തന്നെ ക്ഷേത്ര നിർമ്മിതിയിലെ പഴമ നമ്മെ ആകർഷിക്കും നമസ്ക്കാര മണ്ഡപത്തിലെ നന്ദിയേയും വന്ദിച്ച് ഭഗവാന്റെ തിരുനടയിലെത്താം. ഈ തിരുനടയിൽ തൊഴുതു നിൽക്കുമ്പോൾ ബ്രഹ്മദത്തൻ എന്ന ഉണ്ണി നമ്മുടെ മനസ്സിലെത്തും. സാമാന്യം വലിപ്പവും രണ്ടു നിലകളുമുള്ള ശ്രീകോവിലിൽ ഭഗവാൻ കുടികൊള്ളുന്നു. ശ്രീകോവിലിന്റെ മേൽക്കൂരയും ചുമരുകളിലെ ശില്പവേലകളും ദ്വാരപാലകരും നമസ്കാരമണ്ഡപക്കാഴ്ചകളും എല്ലാം പഴമയെ വിളിച്ചോതുന്നവയാണ്. നാലമ്പലത്തിനുപുറത്ത് പ്രത്യേക ശ്രീകോവിലിൽ മഹാവിഷ്ണുവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ശ്രീകൃഷ്ണൻ, ഗണപതി, അയ്യപ്പൻ, ഭഗവതി എന്നീ ഉപദേവ പ്രതിഷ്ഠകളും ഇവിടെയുണ്ട്. ധനുമാസത്തിലെ തിരിവാതിര ആറാട്ടായി പത്തുദിവസമാണ് ഇവിടെ ഉത്സവം. ശിവരാത്രിയും ആഘോഷിക്കാറുണ്ട്. തൃത്താലത്തപ്പന്റെ ആറാട്ടെഴുന്നള്ളത്തു അഗ്നിഹോത്രിയുടെ യാഗശാലയായിരുന്ന യജ്ഞേശ്വരക്ഷേത്രം അഗ്നിഹോത്രിയുടെ കടമ്പഴിപ്പുറത്തെ ഇല്ലം ഉണ്ണിയാൽ എന്നീവിടങ്ങളിലും എഴുന്നള്ളാറുണ്ട്. യാഗം കാണാൻ ഉണ്ണിനമ്പൂതിരിയുടെ വേഷത്തിൽ ദേവേന്ദ്രൻ വന്നിരുന്ന ആലാണ് ഉണ്ണിയാൽ. കാലങ്ങൾക്കുശേഷം ആൽവൃക്ഷം പ്രായാധിക്യം മൂലം മറിഞ്ഞുവീണുപോയി. പിന്നീട് ആ സ്ഥാനത്ത് പുതിയ ആൽവൃക്ഷത്തെ നട്ടു എന്നാൽ പല തവണ നട്ടിട്ടും ഒന്നും പിടിച്ചില്ല. പിന്നീട് അഗ്നിഹോത്രിയുടെ വംശത്തിൽപ്പെട്ടവരെകൊണ്ടു വൃക്ഷത്തെ നടീപ്പിച്ചു. അതു വളരുകയും ചെയ്തു എന്നാണ് പഴമക്കാരുടെ പക്ഷം. ഈ ആൽ യജ്ഞേശ്വര ക്ഷേത്രത്തിനടുത്തു വിശാലമായ പാടത്തിനുനടുവിൽ ഇന്നും കാണാം. വളരെയധികം പഴക്കമുള്ള ആലാണെങ്കിലും ഇതിനു പ്രായത്തിനു തക്ക വളർച്ചയില്ല. ഒരു ചെറിയ മരമായാണ് കാണുന്നത്. ഇതു ഇന്നും ഉണ്ണിയാലായിനിൽക്കുന്നു. തൃത്താലത്തപ്പന്റെ ആറാട്ടെഴുന്നള്ളത്ത് വേമഞ്ചേരിമന, യജ്ഞേശ്വരം, ഉണ്ണിയാൽ എന്നീഇടങ്ങൾ സന്ദർശിച്ച് വെള്ളിയാങ്കല്ലിലെത്തി ആറാട്ടു നടത്തുന്നു. ക്ഷേത്രത്തിൽ തിരിച്ചെഴുന്നള്ളിയ ശേഷം രാത്രി 10 മണിക്ക് കൊടിയിറക്കം നടക്കുന്നു. ഈ ക്ഷേത്രം കോഴിക്കോട്ടു സാമൂതിരിയുടെ ഭരണത്തിൻ കീഴിലാണ്.

യജ്ഞസംസ്കാരത്തെ പുനരുദ്ധരിക്കുവാനായി 99 യാഗം നടത്തി 100 യാഗഫലം നേടി ഏകോതശതാകതു എന്ന ബിരുദത്തിനുടമയാവുകയും കേരളക്കരയുടെ ആത്മീയചൈതന്യങ്ങൾക്ക് പുതു ജീവൻ നൽകുകയും ചെയ്ത മഹാത്മാവ് പ്രകൃതിയേയും, കാറ്റിനേയും നദികളേയും മൃഗങ്ങളേയും എല്ലാം നിയന്ത്രിക്കുവാൻ കഴിവുണ്ടായിരുന്ന വൈദീകശ്രേഷ്ഠൻ, യജ്ഞേശ്വരം തൃത്താല വെള്ളിയാങ്കല്ല് എന്നീ സ്ഥലനാമങ്ങൾക്കു കാരണഭൂതൻ. യജ്ഞേശ്വരം ക്ഷേത്രം, തൃത്താലക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ സ്ഥാപിച്ച് ദേവപ്രതിഷ്ഠ നടത്തുകയും അഗ്നിഹോത്രം എന്ന യജ്ഞം നടത്തി അഗ്നിഹോത്രിയാവുകയും ചെയ്ത യജ്ഞപുരുഷൻ, ഇങ്ങനെ ഒരു പുണ്യാത്മാവു നമ്മുടെ സംസ്കാരപൈതൃകങ്ങളുടെ പട്ടികയിൽ ഉണ്ട് എന്നതു നമ്മുടെ അഭിമാനവും നേട്ടവുമല്ലേ. അടിവേരില്ലാത്ത വൃക്ഷവും അടിത്തറയില്ലാത്ത കെട്ടിടവും നിലനിൽക്കില്ല. നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയാകുന്ന പൈതൃകങ്ങളെ നിലനിർത്തേണ്ടതു നമ്മുടെ കടമയാണ്. അവയെ നിലനിർത്തിയാൽ മാത്രമേ നമുക്കു നിലനില്പ്പുള്ളു. പൈതൃകങ്ങളാണ് നമ്മുടെ ബലവും ശക്തിയും അതു മനസ്സിലാക്കി നാം പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ലോകനന്മക്കും നിലനിൽപ്പിനും സമ്പൽസമൃദ്ധിക്കും വേണ്ടി യത്നിച്ച അഗ്നിഹോത്രിയെന്ന യജ്ഞപുരുഷന്റെയും തൃത്താലത്തിലപ്പന്റെയും തൃപ്പാദങ്ങളിൽ മനം നിറഞ്ഞ ഭക്തിയോടെ ശിരസ്സു നമിക്കുന്നു.





# മഹാഭാരതം ഖാണ്ഡവ ദഹനം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

